# ഹാലേലൂയ്യ

411

VOL. 18 | ISSUE 20

16-30 NOVEMBER, 2013 • ക്രൈസ്തവ ദ്വൈവാരിക

Pages 12

Published From Thiruvalla on 15-11-2013 Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96

Price Rs. 10/-


**കേരളത്തിൽ റാഡിക്കൽ ഗ്രേയ്സ് സഭകൾ വ്യാപകമാകുന്നു. ലോകമെങ്ങും പ്രൊട്ടസ്റ്റന്റ് – പെന്തെക്കോസ്ത് സഭാ രംഗത്ത് പുതിയ പ്രതിഭാസമായി വ്യാപക അംഗീകാരം നേടിക്കൊണ്ടിരിക്കുന്ന റാഡിക്കൽ ഗ്രേയ്സിനെ കേരളത്തിലെ നവ പ്രസംഗകരും ചില ന്യൂജനറേഷൻ സഭകളും ഏറ്റെടുത്തു കഴിഞ്ഞു. റാഡിക്കൽ ഗ്രേയ്സിന്റെ ഉപജ്ഞാതാവായ റവ. ജോസഫ് പ്രിൻസ് എന്ന സിംഗപ്പൂർ പാസ്റ്റർക്ക് പാശ്ചാത്യലോകത്ത് ലഭിച്ച വൻ വരവേല്പിന്റെ ചുവടു പിടിച്ചാണ് കേരളത്തിലും ഈ രംഗത്ത് പരീക്ഷണങ്ങൾ നടക്കുന്നത്.**

# കൃപയുടെ സഭകൾ കേരളത്തിലും

രണ്ടായിരത്തിന് ശേഷം കേരളത്തിൽ വ്യാപകമായ ന്യൂ ജനറേഷൻ സഭകളുടെ പിന്തുടർച്ചയായാണ് റാഡിക്കൽ ഗ്രേയ്സിന് കേരളത്തിൽ വേരോട്ടമുണ്ടായിരിക്കുന്നത്. പ്രമുഖ ന്യൂ ജനറേഷൻ പ്രസംഗകരായ ജോൺ ലോറൻസ്, സജിത് കണ്ണൂർ, ജോൺ താരു, എന്നിവരാണ് ഈ രംഗത്തെ പ്രമുഖർ. "ഞങ്ങൾ പെന്തെക്കോസ്തരല്ല-ഞങ്ങൾ കൃപയുടെ സുവിശേഷകർ" എന്ന പേരിൽ ഈ വർഷമാദ്യം ഫെയ്സ് ബുക്കിലൂടെ പ്രചരിച്ച ഒരു പോസ്റ്റിലൂടെ ഈ രംഗത്തെ സുവിശേഷകർ നയം വ്യക്തമാക്കിത്തുടങ്ങിയിരിക്കുന്നു. ന്യൂ ജനറേഷൻ സഭയായി തുടക്കം കുറിച്ച പല സഭകളും ഇപ്പോൾ റാഡിക്കൽ ഗ്രേയ്സ് സഭകളായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്രസംഗകൻ ജോൺ ലോറൻസ് 2012-ലാണ് റാഡിക്കൽ ഗ്രേയ്സ് പ്രസംഗിച്ചു തുടങ്ങുന്നത്. പിന്നീട് സജിത് ജോസഫ്, ജോൺ താരു, സതീഷ് പരുമല, ജെയിംസ് മേമന, രഞ്ജിത് രാജു, പാസ്റ്റർ മഹാരാജൻ തുടങ്ങിയവരും ഈ രംഗത്തേക്ക് ചേർന്നു വന്നു. കേരളത്തിലെ ആദ്യ റാഡിക്കൽ ഗ്രേയ്സ് സഭയെന്ന് അവകാശപ്പെടുന്നത് മുമ്പ് ഐ.പി.സിയിലെ പാസ്റ്ററായിരുന്ന ജെയിംസ് മേമന കുന്നംകുളത്ത് ആരംഭിച്ച ന്യൂ ക്രിയേഷൻ ചർച്ചാണ്. അസംബ്ലീസ് ഓഫ് ഗോഡിലെ പാസ്റ്ററായിരുന്ന സജിത് ജോസഫ് എ.ജി.ബന്ധമുപേക്ഷിച്ച് ചങ്ങനാശ്ശേരിയിൽ ആരംഭിച്ച ഗ്രേയ്സ് കമ്യൂണിറ്റിയാണ് ഇക്കൂട്ടത്തിലെ ഏറ്റവും വലിയ സഭ.

കൃപയുടെ സുവിശേഷകരുടെ അടിസ്ഥാനം പൗലോസിന്റെ ലേഖനങ്ങളാണ്. "യഹൂദന്റെ റബ്ബിയായി ന്യായപ്രമാണത്തിൻ കീഴെ നിയോഗിക്കപ്പെട്ട് ജഡത്തിൽ വെളിപ്പെട്ട യേശുവിനെയാണ് പത്രോസ് മുതലുള്ള അപ്പൊസ്തലന്മാർ പ്രസംഗിച്ചത്. എന്നാൽ പൗലോസിന് ദൈവം വ്യത്യസ്തമായ വെളിപ്പാടാണ് നൽകിയത്. അത് ജഡത്തിൽ വെളിപ്പെട്ട ക്രിസ്തുവിനെയല്ല പൗലോസിന്റെ ഉള്ളിൽ വെളിപ്പെട്ട ക്രിസ്തുവിനെയാണ് ഞങ്ങൾ പ്രസംഗിക്കുന്നത്."

പൗലോസ് രക്ഷിക്കപ്പെട്ടപ്പോൾ തനിക്ക് മുമ്പുള്ള അപ്പൊസ്തലന്മാരുടെ അടുക്കൽ പോകുവാൻ അനുവദിക്കാതെ പരിശുദ്ധാത്മാവ് അവനെ മരുഭൂമിയിൽ കൊണ്ടു പോയി യേശുക്രിസ്തുവിനെ സംബന്ധിച്ച പുതിയ വെളിപ്പാട് നൽകി. അതാണ് പൗലോസ് തന്റെ ലേഖനങ്ങളിലൂടെ വെളിപ്പെടുത്തിയിരിക്കുന്ന 'കൃപയുടെ സുവിശേഷം' അപ്പൊ.പ്രവ.14:3ൽ കൃപയുടെ വചനം എന്നും 20:24

*ശേഷം പേജ് 5*

## കൃപയുടെ പ്രവാചകൻ: ജോസഫ് പ്രിൻസ്



ഇന്ത്യൻ വംശജനായ സിക്ക് പുരോഹിതന്റെയും ചൈനീസ് മാതാവിന്റെയും മകനായി സിംഗപ്പൂരിൽ ജനനം. പ്രാഥമിക വിദ്യാഭ്യാസം മലേഷ്യയിലായിരുന്നു. പഠനശേഷം ഐ.റ്റി.കൺസൽട്ടന്റായി ജോലി ചെയ്യുമ്പോഴാണ് ജോസഫ് പ്രിൻസ് എന്ന പേര് സ്വീകരിച്ചത്.

ഇപ്പോൾ ഏഷ്യയിലെ ഏറ്റവും വലിയ സഭകളിലൊന്നായ 'ന്യൂ ക്രിയേഷൻ ചർച്ചി'ന്റെ സീനിയർ പാസ്റ്ററായി സേവനം അനുഷ്ഠിക്കുന്നു. 150 രാജ്യങ്ങളിൽ ടി.വി. പ്രോഗ്രാം പ്രക്ഷേപണം ചെയ്തിട്ടുണ്ട്. ദി സീക്രട്ട് ടു എഫർട്ട്ലസ് സക്സസ്, ഹോൾനെസ് & വിക്ടോറിയസ് ലിവിംഗ്, അൺമെറിറ്റഡ് ഫേവർ തുടങ്ങിയ ബെസ്റ്റ് സെല്ലർ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഹോൾനെസ് & വിക്ടോറിയസ് ലിവിംഗ് എന്ന പുസ്തകം അമേരിക്കയിൽ റിലീസായി 6 മാസമായപ്പോഴേക്കും ടോപ്പ് 100-ൽ സ്ഥാനം നേടി. ലോകമെമ്പാടുമുള്ള സഭകളിൽ അതിഥി പ്രസംഗകനായി ക്ഷണിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. ഭാര്യ: വെൻഡി

# പാസ്റ്റർ അനി ജോയിക്കും ഷിബു സാമുവേലിനും കണ്ണുനീരോടെ വിട





മസ്ക്കറ്റിൽ വാഹനാപകടത്തിൽ മരണമടഞ്ഞ പാസ്റ്റർ അനി ജോയി (38), ഷിബു സാമുവേൽ (35) എന്നിവരുടെ സംസ്കാര ശുശ്രൂഷകൾ പുനലൂരിലും കടമ്പനാട്ടുമായി നടത്തി. ഐ.പി.സി.പുനലൂർ കുറ്റിക്കോണം സഭാ ശുശ്രൂഷകനായ പാസ്റ്റർ അനി ജോയി സന്ദർശക വിസയിൽ ഒമാനിലെത്തിയതായിരുന്നു. മസ്കറ്റിൽ ജോലിയിലായിരുന്ന കടമ്പനാട് ഐപിസിസഭാംഗവും മസ്കറ്റ് ഒ.പി.എ.സഭാംഗമായ ഷിബു സാമുവേൽ എന്നിവർ സഞ്ചരിച്ചിരുന്ന വാഹനത്തിൽ മറ്റൊരു വാഹനം ഇടിച്ചാണ് അപകടമുണ്ടായത്. മസ്കറ്റിലെ സൂറിൽ നവംബർ ഒന്നിനായിരുന്നു അപകടം. അപകടത്തിൽ പട്ടാഴി സ്വദേശിയായ ജോബിൻ ജയിംസ് രാജു എന്ന മലയാളിയും മരണമടഞ്ഞു.

പാസ്റ്റർ അനി ജോയ് 1996 മുതൽ ഐ.പി.സി.പുനലൂർ സെന്ററിലെ ശുശ്രൂഷകനായിരുന്നു. പുന്നല ചാച്ചിപ്പുന്നയിൽ 14 വർഷവും തുടർന്ന് കുട്ടിക്കോണത്തും ശുശ്രൂഷിക്കുകയായിരുന്നു. പിവൈപിഎ.സൺഡേസ്കൂൾ സ്റ്റേറ്റ് സെന്റർ തലങ്ങളിൽ സജീവ പ്രവർത്തകനും നിരവധി പദവികൾ വഹിച്ചിരുന്ന ആളുമാണ്.

ഭാര്യ ലിസി, മക്കൾ: അലന്റ് അനി, അലൻ. കുന്നത്തുപ്പുഴ നെല്ലിമൂട്ടിൽ മരുതനാട് ഐപ്പ് ജോയിയുടെയും ചിന്നമ്മയുടെയും മകനായിരുന്നു. സഹോദരങ്ങൾ: സജി (ദുബായ്), റെജി (മസ്കറ്റ്), മിനി , ബിജു (സൗദി), അജി (യു.എ.ഇ), യേശുദാസ്.സംസ്കാര ശുശ്രൂഷകൾ മൂന്നു സ്ഥലങ്ങളിലായി നടത്തി. വൻ ജനാവലി കണ്ണുനീരോടെ യാത്ര പറയാനെത്തിയിരുന്നു.

കടമ്പനാട്: മസ്കറ്റിൽ നിര്യാതനായ തുവയൂർ ഐ.പി.സി.സഭാംഗം ഷിബു സാമുവേലിന്റെ സംസ്കാരം നവംബർ 5-ന് കടമ്പനാട്ട് നടന്നു. നെല്ലിമുകൾ മുകളേത്ത് കുടുംബാംഗമാണ്. ഭാര്യം ബ്ലോസം, മകൾ: ജൂലിയാ

സഹോദരങ്ങൾ: ആനിയമ്മ വർഗീസ്, എൽസി വർഗീസ്, ഷേർളി കുര്യൻ, ഷൈനി രാജി.

# 'ഞങ്ങൾ കൃപയുടെ സുവിശേഷകർ' ബ്രദർ ജയിംസ് മേമന

റാഡിക്കൽ ഗ്രേയ്സിന്റെ കേരളത്തിലെ ആദ്യ സഭ കുന്നംകുളത്തെ ന്യൂ ക്രിയേഷൻ ചർച്ചാണ്. ഈ സഭയുടെ സ്ഥാപകൻ ബ്രദർ ജയിംസ് മേമന ഹാലേലൂയ്യായുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നു.

*? പൗലോസ് പറയുന്നതു പോലെ ഞങ്ങൾ നിങ്ങളോട് അറിയിച്ചതിന് വിരുദ്ധമായ 'മറ്റൊരു സുവിശേഷം' എന്ന് ഞാൻ റാഡിക്കൽ ഗ്രേയ്സിനെ വിശേഷിപ്പിച്ചാൽ*

സത്യത്തിൽ പൗലോസ് പറഞ്ഞത് കൃപയുടെ സുവിശേഷമാണ്. അപ്പൊ.പ്രവർത്തി 14-ാം അധ്യായം 3-ാം വാക്യത്തിൽ കൃപയുടെ വചനമെന്നും, 20-ാം അധ്യായത്തിൽ കൃപയുടെ സുവിശേഷം എന്നും പൗലോസ് പറഞ്ഞതാണ് ഞങ്ങൾ പ്രസംഗിക്കുന്നത്. കൃപയുടെ സുവിശേഷമല്ലാത്തതാണ് 'മറ്റൊരു സുവിശേഷം' എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

*? ന്യൂ ജനറേഷൻ സഭയുടെ പിന്തുടർച്ചയാണോ നിങ്ങൾ?*

അങ്ങനെ പറയാനാവില്ല. ന്യൂജനറേഷൻ എന്നത് ആഭരണമിടുന്ന പെന്തെക്കോസ്ത് സഭയെന്ന് കരുതിയാൽ മതി. ഞങ്ങൾ തികച്ചും വ്യത്യസ്തമാണ്.

*? എന്താണ് നിങ്ങൾ പറയുന്ന വ്യത്യസ്തത?*

അടിസ്ഥാനപരമായി രക്ഷയുടെ ഭദ്രതയിൽ ഞങ്ങൾ വിശ്വസിക്കുന്നു. കൃപയാൽ നിയന്ത്രിക്കപ്പെടുന്നവർക്ക് രക്ഷ നഷ്ടപ്പെടുകയില്ല. സുവി



ശേഷങ്ങളിൽ കാണുന്ന യേശുവിനെയല്ല, പൗലോസിലൂടെ വെളിപ്പെടുത്തപ്പെട്ട യേശുവിനെയാണ് പുതിയനിയമ സഭ അംഗീകരിക്കേണ്ടത് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. മറ്റ് അപ്പൊസ്തലന്മാരെല്ലാം യഹൂദ റബ്ബിയായിരുന്ന യേശുവിനെയാണ് പ്രസംഗിച്ചത്. അത്തരമൊരു സാഹചര്യത്തിൽ പൗലോസിന് ഉയിർത്തെഴുന്നേറ്റ ക്രിസ്തു വ്യത്യസ്തമായ വെളിപ്പാട് നൽകി. അതാണ് പൗലോസിന്റെ ലേഖനങ്ങൾ. അത് പഠിക്കുകയും പഠിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു എന്നതാണ് ഞങ്ങളുടെ വ്യത്യസ്തത.

പെന്തെക്കോസ്തിൽ ലേഖനങ്ങളുടെ പഠനത്തിന് നൽകുന്നതിന്റെ ആയിരം മടങ്ങ് പ്രാധാന്യം മോശെക്കും ദാവീദിനും നൽകുന്നു. മറ്റൊരു കാര്യം പെന്തെക്കോസ്തിന്റെ അടിസ്ഥാന ഉപദേശങ്ങളിൽ നീതീകരണവും വിശുദ്ധീകരണവും ഉണ്ടോ? അപ്പൊസ്തലപ്രവർത്തിയെ അടിസ്ഥാനപ്പെടുത്തി ഉപദേശം ഉണ്ടാക്കിയതാണ് പെന്തെക്കോസ്തിന് സംഭവിച്ച തെറ്റ്.

*?സ്നാനത്തിലും മറ്റും നിങ്ങൾക്ക് എന്തെങ്കിലും വ്യത്യാസമുണ്ടോ?*

നമ്മുടെ ഏറ്റവും വലിയ തർക്കം യേശുവിന്റെ നാമത്തിൽ വേണോ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വേണോ സ്നാനം എന്നാണ്. അതായത് 'in the name of' എന്നാണ് പെന്തെക്കോസ്തിൽ സ്നാനത്തിന് പറയുന്നത്. ഞങ്ങൾ 'in to the name of' എന്നാണ് പറയുന്നത്. കുറച്ചു കൂടെ വ്യക്തമാക്കി പറഞ്ഞാൽ ക്രിസ്തുവിനോട് ചേരുക എന്നതാണ് പ്രധാനം. ഈ അടിസ്ഥാന വ്യത്യാസമാണ് സ്നാനത്തിലുള്ളത്.

*?കേരളത്തിൽ ഇപ്പോൾ റാഡിക്കൽ ഗ്രേയ്സിന് എത്ര സഭകളുണ്ട് നിങ്ങൾ ഒറ്റ പ്രസ്ഥാനമാണോ?*

പ്രധാനമായും കുന്നംകുളത്തെ എന്റെ സഭ, സജിത് ജോസഫിന്റെ ചങ്ങനാശ്ശേരി ഗ്രേയ്സ് കമ്യൂണിറ്റി, ജോൺ താരുവിന്റെ അഞ്ചലിലെ സഭ, അടൂരിൽ പാസ്റ്റർ രഞ്ജിത്ത് രാജുവിന്റെ സഭ, കൊല്ലത്ത് പാസ്റ്റർ മഹാരാജന്റെ സഭ, സതീഷ് പരുമലയുടെ സഭ, തുടങ്ങിയവയാണ് ഈ ആശയത്തിൽ പരസ്പരം സഹകരിക്കുന്നത്. ഇതുവരെ ഒരു പ്രസ്ഥാനമായി രൂപപ്പെട്ടിട്ടില്ല.


പ്രകൃതിസുന്ദരമായ കൊടൈക്കനാലിൽ അന്തർദേശീയ വിദ്യാർത്ഥികളോടും അധ്യാപകരോടുമൊപ്പം ആത്മീയ അന്തരീക്ഷത്തിൽ 09842224770, 09865265770, 09865270770

"All things work together for good to them that love God"-Romans 8:28

Born to Lead

INDIA'S FOREMOST CHARISMATIC CHRISTIAN INSTITUTION

Kodaikanal Christian College

(Autonomous) Affiliated to Madurai Kamaraj University | Approved by UGC under 12B & 2f Status

www.kcc.edu.in



# ചൈനക്കായി പ്രാർത്ഥിക്കാം



ഡോ.ജെസ്സി ജയ്സൺ

ഇക്കഴിഞ്ഞ ആഴ്ചയിൽ ചൈനയിലെ സഭകളുടെയും, ഒളിവ് സഭകളുടെയും നേതൃനിരയിലുള്ള ശുശ്രൂഷകരോടൊപ്പം ചില ദിവസങ്ങൾ പങ്കിടുവാനും പ്രാർത്ഥിക്കുവാനും ശുശ്രൂഷിക്കുവാനുമുള്ള അവസരം ദൈവം എനിക്ക് തന്നു. നമുക്ക് വേണ്ടി മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു മാറി ലോകരാജ്യങ്ങളിൽ ദൈവപ്രവർത്തികളുടെ പങ്കാളികളാകുവാൻ വ്യത്യസ്ത നിലകളിൽ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു എന്നതാണ് വാസ്തവം. കഴിഞ്ഞ ഡിസംബറിലെ തണുത്തുറഞ്ഞ ചില ദിവസങ്ങളിൽ ചില രഹസ്യ സഭകൾ സന്ദർശിക്കുവാനും, ശബ്ദം പുറത്തു കേൾക്കാതെ ഭദ്രമായി അടയ്ക്കപ്പെട്ട മുറികളിൽ മേൽക്കൂരയിൽ തല മുട്ടത്തക്കവണ്ണം ഉയർന്ന് വിശ്വാസികൾ ആരാധിക്കുന്നതുകണ്ട് കണ്ണുനീരോട് ദൈവസന്നിധിയിൽ സമർപ്പിക്കുവാനും എനിക്കിടയായി. ഈ രാജ്യത്തിനായി പ്രാർത്ഥനയിൽ കരങ്ങൾ കോർക്കേണ്ടതിനായി ആഹ്വാനം ചെയ്യുവാനാണ് ഈ വരികൾ കുറിക്കുന്നത്. 1979 -ൽ മാത്രം പുറംലോകത്തിന് വാതിലല്പം തുറന്നുകൊടുത്ത ലോകത്തിലേറ്റവും ജനസംഖ്യയുള്ള ചൈനയെന്ന രാജ്യം ഇന്ന് മാറ്റത്തിന്റെ ഒരു നിർണ്ണായക ഘട്ടത്തിലാണ്.

ക്രൈസ്തവ വിശ്വാസികളുടെ എണ്ണത്തിൽ കാണുന്ന അഭൂതപൂർവ്വമായ വർദ്ധവിന് പിന്നിൽ പരമാർത്ഥതയോടെ കണ്ണുനീരൊഴുക്കിയവരും, ഉപവസിക്കുന്നവരും ധാരാളമുണ്ട്. സുവിശേഷ ദർശനമുണ്ടായിരുന്ന മാതാപിതാക്കൾ നമ്മുടെ കൊച്ചുകൂട്ടായ്മകളിൽ പോലും ചൈനക്ക് വേണ്ടി പ്രാർത്ഥിച്ചിരുന്ന ഒരു കാലം മറക്കാനാവില്ല. പീഡനത്തിന്റെ അലയൊലികൾ ശക്തമായിരുന്ന കാലത്തു പോലും ദൈവവചനത്തിന്റെ പ്രതികൾ ഓരോ വ്യക്തിയുടെ പക്കലുമെത്തിക്കുവാൻ ജീവൻ പണയം വച്ചുപോയവരിൽ കുട്ടികളും കൗമാരക്കാരുമൊക്കെയുണ്ടായിരുന്നു. 23-ാമത്തെ വയസ്സിൽ ചൈനയുടെ സുവിശേഷീകരണത്തിനായി ജീവിതമുഴിഞ്ഞുവച്ച ഒരു പെൺകുട്ടി എന്റെ സുഹൃത്തായിരുന്നു. കത്തുകളെഴുതുമ്പോൾ ക്രൈസ്തവ ചുവയുള്ള വാക്കുകളുപയോഗിക്കാതെ പകരം വയ്ക്കാനുള്ള പദങ്ങളുടെ ഒരു നീണ്ട ലിസ്റ്റ് അവളൊരിക്കൽ തന്നതോർക്കുന്നു. 1970-കളിലും 80-കളിലും പ്രതിസന്ധികൾക്കിടയിലൂടെ പടർന്നു പിടിച്ച സുവിശേഷത്തിന്റെ അഗ്നിയിൽ കുരുത്ത സഭാമക്കളിൽ ദൃശ്യമായത് ദൈവവചനത്തോടുള്ള പൂർണ്ണവിധേയത്വവും, ആഴമായ പ്രാർത്ഥനാ ജീവിതവും, പരിശുദ്ധാത്മാവിലൂടെയുള്ള അത്ഭുതങ്ങളും അടയാളങ്ങളുമായിരുന്നു. ടിഎസ്പി. എംഎന്ന രാഷ്ട്രീയ സംഘടനയുടെ അംഗീകാരമുള്ള സഭകൾ ഭരണകൂടത്തിന്റെ അംഗീകാരത്തിൻ കീഴിലുണ്ടായിരുന്നു. സാംസ്കാരിക വിപ്ലവ കാലത്ത് രൂപം കൊണ്ട ചൈനീസ് പാരമ്പര്യ സഭകളുടെ വരവോടെ മേൽപ്പറഞ്ഞ രാഷ്ട്രീയ സംഘടനകളുടെ കീഴിലുണ്ടായിരുന്നതുൾപ്പെടെ സഭകളെല്ലാം നിരോധിക്കപ്പെട്ടു. അന്ന് ഉണർവ്വിന്റെ വലിയോരു തുടക്കമായിരുന്നു. നഗരവത്ക്കരണവും, ഗ്രാമീണരുടെ വൻതോതിലുള്ള കുടിയേറ്റവും കൂടെയായപ്പോൾ രജിസ്റ്റർ ചെയ്യാത്ത നഗര കേന്ദ്രീകൃത കൂട്ടായ്മകളുടെ എണ്ണം പെരുകി. രാഷ്ട്രീയാധികാരത്തിലുള്ള സഭകളും, ഗ്രാമങ്ങളിലുള്ളവയുമല്ലാതെ തന്നെ 60,000 രജിസ്റ്റേർഡ് സഭകളും, ആയിരക്കണക്കിന് കൂട്ടായ്മകളും ആ ഉണർവിൽ രൂപം കൊണ്ടു. ചൈനാ ചർച്ച് കൗൺസിൽ (CCC) ഓരോ വർഷവും 20 ബൈബിൾ സ്കൂളുകളിലൂടെയും ഒരു സെമിനാരിയിലൂടെയും 200 ശുശ്രൂഷകരെ സഭകൾക്ക് വേണ്ടി ഒരുക്കിയെടുക്കുന്നു. ഇതേ ചർച്ച് കൗൺസിലിന് മാത്രമാണ് ബൈബിൾ അച്ചടിച്ചു പുറത്തുവിടുവാൻ അംഗീകാരമുള്ളത്. 4-5 മില്യൺ കോപ്പി ബൈബിളുകളാണ് വാർഷികമായി പുറത്തിറങ്ങുന്നത്.

വീട്ടുസഭകൾ കഷ്ടതയിലൂടെ പണിയപ്പെടുന്നവയാണ്. സഭകൾ എല്ലായിടവും ഉണ്ടെങ്കിലും നിയന്ത്രണങ്ങൾക്ക് കുറവില്ല. എന്നിരുന്നാലും പീഡനം ഇന്ന് ആ രാജ്യത്തിന്റെ മുഖമുദ്രയല്ല. വടക്കൻ കൊറിയയിലും മറ്റും നടക്കുന്ന പീഡനത്തിന്റെ വേദനാജനകമായ അനുഭവങ്ങൾ നമ്മുടെ പ്രാർത്ഥനാ വിഷയമാക്കേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുകയാണ്. ലക്ഷക്കണക്കിനാളുകളാണ് അവിടെ ക്രൂരമായി പീഡിപ്പിക്കപ്പെടുകയും, വിചാരണയില്ലാതെ മരണം കാത്ത് തടവിലാക്കപ്പെടുകയും ചെയ്യുന്നത്. ചൈന ഇന്നു പക്ഷേ മറ്റൊരു തലത്തിലാണ് നില്ക്കുന്നത്. അവിടവിടെയായി നടക്കുന്ന പീഡനങ്ങൾക്ക് കാരണമാകുന്നത് വിദേശ ഏജൻസികളുമായി പ്രകടനമോ, സംശയാസ്പദമോ ആയ ബന്ധങ്ങൾ, രാഷ്ട്രീയ അധികാരത്തോടെ ഏതെങ്കിലും നിലയിലുള്ള നിഷേധങ്ങൾ, അനൗദ്യോഗിക കൂട്ടായ്മകൾ വരുത്തുന്ന തെറ്റിദ്ധാരണകൾ, അഴിമതിക്കാരായ നേതാക്കൾക്ക് പിഴ ഈടാക്കാൻ ക്രൈസ്തവർ നിമിത്തമുണ്ടാകുന്ന അവസരങ്ങൾ ഇവയൊക്കെയാവാം.

1990 മുതലാണ് എടുത്തു പറയത്തക്കനിലയിൽ നഗരകേന്ദ്രീകൃതമായ സുവിശേഷീകരണ പ്രവർത്തനങ്ങൾ വ്യാപിച്ചത്. ഇന്റർനെറ്റ് ഉപഭോക്താക്കളുടെ ഏറ്റവും വലിയ പങ്ക് വഹിച്ചത് "ഒറ്റ കുട്ടി" എന്ന നിലപാടിന്റെ പ്രചാരവും, പട്ടണങ്ങളിലേക്കുള്ള അനിയന്ത്രിതമായ കുടിയേറ്റവുമാണ്. 13-നും 18-നും മധ്യേ പ്രായമുള്ള കുട്ടികളുടെയിടയിൽ അപകടകരമായ ഏകാന്തതയും, ആത്മഹത്യാ ചിന്തകളുമുള്ളതായി അടുത്തിടെ ഒരു സർവ്വേ വെളിപ്പെടുത്തിയിരുന്നു. കൊയ്ത്തിന് വെളുത്തിരിക്കുന്ന നിലം. ക്രിസ്തുവിൻ സ്നേഹം പകരപ്പെട്ടാൽ മാത്രം മതി. 2008 മെയ് 12-ന് സിച്ചുവാൻ പ്രൊവിൻസിലുണ്ടായ ശക്തമായ ഭൂകമ്പം അനേക രഹസ്യസഭകളെ വെളിച്ചത്തിലെത്തിച്ചു. ഒളിഞ്ഞിരുന്ന വിശ്വാസ സമൂഹം സഹായഹസ്തങ്ങളുമായി എല്ലാ മേഖലകളിലേക്കും ഇറങ്ങിച്ചെന്നു. വളർച്ച ഒരു ഘട്ടത്തിലെത്തുമ്പോഴുള്ള പ്രതിസന്ധികൾ പലപ്പോഴും പ്രാരംഭകാല പ്രശ്നങ്ങളേക്കാൾ വലുതായിരിക്കും. മാറ്റത്തിന്റെ ഇക്കാലഘട്ടത്തിൽ നിഷ്ക്കളങ്കരായ ഈ ദൈവമക്കളുടെ ചുവടുകൾ ഉറച്ചു നില്പാൻ നാം പ്രാർത്ഥിക്കേണ്ടതുണ്ട്. ബാഹ്യശക്തികളുടെ പ്രലോഭനങ്ങൾ സാമ്പത്തികമായും, ദൈവശാസ്ത്രപരമായും, സഭയുടെ സ്ഥാപനവത്ക്കരണം സംബന്ധിച്ചുമൊക്കെ വിശ്വാസ സമൂഹത്തിനെതിരായി ഉയരുന്നുണ്ട്. സഭകളുടെ ഒരു വലിയ ശൃംഖല തന്നെ വളർത്തിക്കൊണ്ടു വരുന്ന ഒരു ദൈവഭൃത്യൻ എന്നോട് പറഞ്ഞതോർക്കുന്നു, "ചൈനീസ് സഭയിൽ പിളർപ്പുണ്ടാക്കുവാനുള്ള ശ്രമങ്ങൾ നടക്കുന്നു. ഞങ്ങളുടെ ഏക പ്രാർത്ഥന സഭ ഒന്നായി നില്ക്കേണം. പേരും, പ്രശസ്തിയുമൊന്നും വിഷയമാകാതെ പീഡനമേല്ക്കുന്ന രാജ്യങ്ങളിലേക്ക് മിഷനറിമാരെ അയക്കുന്നതിനായി സഭ നിലനില്ക്കേണം." ഒരു നിമിഷം ചിന്തിച്ചിട്ട് അദ്ദേഹം പറഞ്ഞ വാക്കുകൾ ഹൃദയസ്പർശിയായിരുന്നു. "സാമ്പത്തികമായോ മറ്റോ സഹായിക്കാം എന്ന ധാരണയിൽ വന്ന ഒരു വിദേശ സംഘടന അധികം താമസിക്കാതെ തന്നെ കൂട്ടായ്മകളുടെ എണ്ണമെടുക്കുവാൻ എന്നോടാവശ്യപ്പെട്ടു. ഞങ്ങളുടെ സംസ്കാരത്തിൽ എന്തെങ്കിലും എണ്ണിത്തിട്ടപ്പെടുത്തുമ്പോൾ നാം ദൈവപ്രവർത്തിയെ പരിമിതപ്പെടുത്തുകയാണ്. ഇന്നു നടക്കുന്ന ദൈവപ്രവർത്തിയിൽ എണ്ണവും, കണക്കും, റിപ്പോർട്ടുമല്ല വലുത് എന്ന് ഞങ്ങൾ നിശ്ചയിച്ചു." മറുവശം കൂടി പറയട്ടെ, എല്ലാ മിഷനറിമാരും ഒരു പോലെയല്ല. അനേക വിദേശ മിഷനറിമാർ നിസ്വാർത്ഥമായി ജീവിതം സമർപ്പിച്ച് 8-10 വർഷങ്ങൾ കൊണ്ട് ഭാഷ വശമാക്കി ചൈനീസ് സഭയെ പ്രാദേശിക നേതൃത്വത്തിലും സ്വഭാവത്തിലും നിലനിർത്തുവാൻ അഹോരാത്രം കൈത്താങ്ങൽ നൽകുന്നുമുണ്ട്.

എഴുതുവാനൊരുപാടുണ്ട്. എങ്കിലും അധികമെഴുതുന്നതിലല്ലല്ലോ കാര്യം. നമ്മുടെ പ്രതികരണമാണ് മുഖ്യം. പ്രാർത്ഥന തന്നെയാവട്ടെ തുടക്കം. വർഷങ്ങളായി മധ്യസ്ഥതയണക്കുന്നവർക്ക് സന്തോഷിപ്പാൻ വകയുണ്ട്. സമർപ്പിതരായ നമ്മുടെ യുവതലമുറ സുവിശേഷവുമേന്തി തങ്ങളുടെ വിദ്യാഭ്യാസവും, ജീവിതവും കൊണ്ട് രാജ്യങ്ങളിലേക്ക് കടന്നു പോകട്ടെ. ചൈനയിലെ സഭാ നേതൃത്വങ്ങൾക്ക് റോൾ മോഡലുകളില്ല. ദൈവം തന്നെ അവരെ കൃപയിൽ പരിശീലിപ്പിക്കട്ടെ. ലോക സമ്പദ്ഘടനയിൽ തന്നെ ശക്തമായ സ്വാധീനമാകുന്ന ഈ രാജ്യം ദൈവകൃപയിൽ സമ്പന്നരാകട്ടെ. സുവിശേഷ ദർശനവും, സമർപ്പണവും കൈമോശം വന്നു കൊണ്ടിരിക്കുന്ന നമ്മുടെ സഭകളിൽ മിഷനറി ദർശനം ആളിക്കത്തുവാൻ നമുക്ക് പ്രാർത്ഥിക്കാം. നെപ്പോളിയൻ ഒരിക്കൽ പറഞ്ഞു "ചൈന ഉറങ്ങട്ടെ. കാരണം അവളുണർന്നാൽ ലോകം വിറയ്ക്കും." സുവിശേഷ ശക്തിയാൽ ചൈനീസ് സഭകൾ ഉറച്ചുനിന്ന് ലോകത്തെ ചലിപ്പിക്കട്ടെ എന്ന് നമുക്കാശിക്കാം.


## ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി
(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)

പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ

ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ

എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



പാസ്റ്റർ റോയി പൂവക്കാല
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939


## PRAYER CELL

**പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.**

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| വിദേശത്തേക്ക് | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലൂയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000





**യാത്രക്കിടയിൽ**

സാംകുട്ടി ചാക്കോ
നിലമ്പൂർ

# മലയാളി പെന്തെക്കോസ്തിന്റെ 10 മണ്ടത്തരങ്ങൾ

## കുരിശും കുപ്പായവും തുടങ്ങി സഭാ രാഷ്ട്രീയം വരെ



മലയാളി പെന്തെക്കോസ്തിന്റെ പത്തു മണ്ടത്തരങ്ങൾ എന്ന ഈ പരമ്പരയിലെ അവസാന ലക്കമാണിത്. എന്റെ വ്യക്തിപരമായ കണ്ടെത്തലുകളുടെയും നിരീക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ എഴുതിയവയാണിത്.

ഈ ലക്കത്തിൽ എഴുതുവാൻ ഞാൻ നേരത്തെ തയ്യാറാക്കിയ ലിസ്റ്റിലെ അഞ്ചു വിഷയങ്ങൾ അവശേഷിക്കുന്നു. എഴുതിത്തുടങ്ങിയപ്പോൾ വിഷയങ്ങൾ ലിസ്റ്റ് ചെയ്തിരുന്നു. അതിൽ പ്രധാനപ്പെട്ട പത്തെണ്ണം തിരഞ്ഞെടുത്ത് എഴുതാമെന്നാണ് തീരുമാനിച്ചിരുന്നത്. എന്നാൽ ഇനിയൊരു തിരഞ്ഞെടുപ്പ് നടത്താതെ ബാക്കിയുള്ള അഞ്ചു വിഷയങ്ങളും ചുരുക്കമായി പരാമർശിച്ച് ഈ കുറിപ്പുകൾ അവസാനിപ്പിക്കുകയാണ്.

**1. കുരിശ്:** കേരളത്തിൽ പെന്തെക്കോസ്ത് ആരംഭിച്ചപ്പോൾ ശക്തരായ സമുദായ സഭകളുടെ ഉപദേശങ്ങൾക്കും ആചാരങ്ങൾക്കുമെതിരെ അതിരൂക്ഷമായ വിമർശനമാണ് നമ്മുടെ പിതാക്കന്മാർ അഴിച്ചുവിട്ടത്. ആർഭാടപൂർണ്ണമായ പള്ളികളുപേക്ഷിച്ച്, വിശ്വാസത്തിന് വേണ്ടി ഇറങ്ങിപ്പോന്നപ്പോൾ വിട്ടു പോന്ന പള്ളിയിലുള്ള സകലവും ഉപേക്ഷിച്ച കൂട്ടത്തിൽ നാം ഉപേക്ഷിച്ചതാണ് കുരിശ്.

ലോകത്തിലെവിടെയും കുരിശ് ക്രൈസ്തവികതയുടെ അടയാളമാണ്. കുരിശ് കാണുമ്പോൾ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ഓർക്കാത്ത ആരുണ്ട്? പൗലോസ് പറയുമ്പോലെ ക്രൂശിലല്ലാതെ നമുക്ക് പ്രശംസിക്കുവാൻ എന്താണുള്ളത്? നമ്മുടെ ആരാധനാ ഗാനങ്ങളിലും പ്രസംഗങ്ങളിലുമെല്ലാം നാം ക്രൂശിനെ ഉയർത്തും. പക്ഷേ ആരാധനാലയത്തിന്റെ മുമ്പിലോ മുകളിലോ ഭിത്തിയിലോ ഒരു കുരിശ് വയ്ക്കുന്നതിനെക്കുറിച്ച് നമുക്ക് ചിന്തിക്കാനേ വയ്യ.

ഉത്തരേന്ത്യയിലെ പെന്തെക്കോസ്തു സഭകളിൽ നല്ല പങ്കും കുരിശ് സ്ഥാപിച്ചിട്ടുണ്ട്. അമേരിക്കയിലെ ഒട്ടു മിക്ക മലയാളി പെന്തെക്കോസ്തു സഭകളിലും കുരിശ് പുറത്തോ സ്റ്റേജിലോ ഭിത്തിയിലോ ഉണ്ട് (കുരിശിന്റെ പേരിൽ വഴക്കുണ്ടാക്കി തല്ലിപ്പിരിഞ്ഞ സഭയുമുണ്ട്).

കേരളത്തിലും കാര്യങ്ങൾ മാറിവരുന്നതിൽ സന്തോഷമുണ്ട്. കഴിഞ്ഞ ദിവസം ഞാൻ കോഴിക്കോട് ചെന്നു. അസംബ്ലീസ് ഓഫ് ഗോഡ് സൗത്ത് ഇന്ത്യാ ജനറൽ സൂപ്രണ്ട് റവ.വി.ടി.ഏബ്രഹാം എന്നെ അദ്ദേഹം പണിതുകൊണ്ടിരിക്കുന്ന മനോഹരമായ ചർച്ച് കാണിച്ചു. കോഴിക്കോട് പട്ടണത്തിനകത്ത് എല്ലാ പെന്തെക്കോസ്തർക്കും അഭിമാനമാണ് എ.ജിയുടെ ഈ മന്ദിരം. രാത്രി പത്തു മണിക്ക് ശേഷമാണ് ഞാൻ ആ കെട്ടിടം കാണുവാൻ പോയത്. മടങ്ങിപ്പോരുമ്പോൾ ഞാൻ വി.ടിയോട് അറച്ചറച്ച് ഒരു കാര്യം പറഞ്ഞു. "പാസ്റ്ററേ, പട്ടണത്തിനകത്ത് ഇത്ര മനോഹരമായ ഒരു ചർച്ച് പണിയുവാൻ സാധിച്ചല്ലോ. നിങ്ങൾക്ക് ബുദ്ധിമുട്ടില്ലെങ്കിൽ അതിന്റെ മുമ്പിൽ ഒരു കുരിശ് സ്ഥാപിച്ചു കൂടേ? ഒരു ചർച്ച് എന്ന തിരിച്ചറിവിന് നല്ലതല്ലേ?"

അദ്ദേഹത്തിന്റെ മറുപടി എന്നെ അത്ഭുതപ്പെടുത്തി. "ഉണ്ടല്ലോ. ഞങ്ങൾ കുരിശ് സ്ഥാപിച്ചുകഴിഞ്ഞു". രാത്രിയായതുകൊണ്ട് എന്റെ ശ്രദ്ധയിൽ അത് പെട്ടിരുന്നില്ല. മാറി ചിന്തിക്കുന്നവരുമുണ്ടെന്ന് ബോധ്യമായി.

ചർച്ച് ഓഫ് ഗോഡിന്റെ തുടങ്ങി നിരവധി സഭകളുടെ ലറ്റർ പാഡിൽ കുരിശ് പ്രിന്റ് ചെയ്തിട്ടുണ്ട്. പക്ഷേ ആരാധനാലയത്തിന് മുമ്പിൽ വയ്ക്കാൻ നമുക്കിന്നും മടിയാണ്. മാറി വരുന്ന സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങളിൽ ഇന്നല്ലെങ്കിൽ നാളെ നാമിത് ചെയ്യുമെന്ന് എനിക്കുറപ്പുണ്ട്.

കുരിശ് സാത്താന്യമാണെന്നും, ജാതീയമാണെന്നുമൊക്കെ പറയുന്ന അതിവിശുദ്ധന്മാരോട് ഇക്കാര്യത്തിൽ തർക്കിച്ച് സമയം കളയാനില്ല. ആ വിഷയം അവസാനിപ്പിക്കട്ടെ.

**2. ആരാധനാ സമയം**

ഞങ്ങളുടെ ലോക്കൽ സഭയിൽ രാവിലെ 8 മണിക്ക് ആരാധന തുടങ്ങും. സാധാരണ പെന്തെക്കോസ്ത് സഭകളിൽ 10 മണിയാണല്ലോ ആരാധനാ സമയം. പണ്ട് സമുദായ പള്ളികൾ വിട്ടിറങ്ങിയവർ-പള്ളി പിരിഞ്ഞ് വിശ്വാസികൾ വീട്ടിലേക്ക് മടങ്ങുമ്പോൾ അവർക്കെതിരേ വേദപുസ്തകവും പിടിച്ച് പെന്തെക്കോസ്തർ ആരാധനക്ക് പോകുന്നത് ഒരു വേർപാടായിരുന്നു. (നമുക്കതൊക്കെയാണല്ലോ വേർപാട്)

അതിരാവിലെ ദൈവത്തെ ആരാധിക്കുവാൻ മാറ്റി വയ്ക്കുന്നതാണ് ഉത്തമം. കേരളത്തിലെ വർദ്ധിച്ചു വരുന്ന ചൂടേറിയ കാലാവസ്ഥയിൽ എത്രയും വേഗം എല്ലാ സഭകളും 7 മണിക്കത്തേക്ക് ആരാധനാ സമയം മാറ്റണമെന്നാണ് എന്റെ അഭ്യർത്ഥന. ചൂടും സഹിച്ച് ഉറങ്ങി, ഉത്സാഹം നശിച്ച് ആരാധിക്കുന്നതിലും എത്രയോ നല്ലതാണ് പ്രഭാത ആരാധന. പണ്ട് പെന്തെക്കോസ്തു സഭകൾ കുറവായിരുന്ന കാലത്ത് മൂന്നും നാലും മണിക്കൂർ നടന്നായിരുന്നു ആരാധനക്ക് പോയിരുന്നത്. തന്നെയുമല്ല, അന്ന് ഇന്നത്തേതിന്റെ നൂറിലൊന്നു പോലും യാത്രാ സൗകര്യമില്ലായിരുന്നു. അന്ന് പത്തു മണിക്ക് ആരാധന നടത്തിയ സാഹചര്യം അതാണ്. എന്നാലിന്ന് മുക്കിന് മുക്കിന് സഭയുണ്ട്. നല്ലൊരു പങ്ക് ആളുകളും സ്വന്തം വാഹനത്തിൽ എത്തുന്നവരാണ്. അല്ലെങ്കിൽത്തന്നെ യാത്രാ സൗകര്യങ്ങൾ ഇഷ്ടം പോലെയുണ്ട്. ആരാധനാ സമയം മാറ്റേണ്ടുന്ന കാലം എന്നേ അതിക്രമിച്ചു.

> **മുഖ്യധാരാ പെന്തെക്കോസ്തു പ്രസ്ഥാനങ്ങളായ ഐപിസി., എജി., ചർച്ച് ഓഫ് ഗോഡ് എന്നീ പ്രസ്ഥാനങ്ങൾ സഭാ രാഷ്ട്രീയത്തിന്റെ ഏറ്റവും നിന്ദ്യമായ കളികൾക്ക് വേദിയായി തുടങ്ങിയിട്ട് കാലമേറെയായി. ഇലക്ഷനോടനുബന്ധിച്ച് ഈ മൂന്ന് സഭകളിലും നടക്കുന്ന രാഷ്ട്രീയ വടംവലികളും അധികാര കിടമത്സരങ്ങളും പെന്തെക്കോസ്ത് എന്ന ആശയത്തിന്റെ തന്നെ കടക്കൽ കത്തിവയ്ക്കുന്ന അപകടകരമായ പ്രവണതയാണ്.**

**3. യൂണിഫോം**

പെന്തെക്കോസ്തിലെ പാസ്റ്റർമാർക്ക് ഔദ്യോഗിക വേഷം എന്നൊന്നുണ്ടോ? വെള്ള ഷർട്ടും കറുത്ത പാന്റും യൂണിഫോം പോലെ ആയിക്കഴിഞ്ഞു. എങ്കിലും പറയട്ടെ കുറച്ചുകൂടെ വ്യത്യസ്തമായ ഒരു ഡ്രസ് കോഡ് പെന്തെക്കോസ്തിലെ ശുശ്രൂഷകന്മാർക്ക് വേണ്ടതായിരുന്നു. അച്ചന്മാരുടെ ളോഹ തന്നെയായിരുന്നു ഏറ്റവും നല്ലത്. പാസ്റ്റർ കെ.ഇ.ഏബ്രഹാം ഉപയോഗിച്ച വേഷം ളോഹ സമാനമായിരുന്നു. എന്തുകൊണ്ടോ അത് ജോർജ്ജ് വർഗീസ് കൊണ്ട് ഒതുങ്ങിപ്പോയി. കുറഞ്ഞപക്ഷം ഒരു ക്ലർജി കോളർ എങ്കിലും പാസ്റ്റർമാർക്ക് വേണ്ടതാണ്.

**4. അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത**

പെന്തെക്കോസ്തിലെ ശുശ്രൂഷകന്മാരുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എന്താണ്? ദൈവീക ശുശ്രൂഷക്ക് അത്തരമൊരു യോഗ്യതയുടെ ആവശ്യമുണ്ടോ? ആദ്യകാലങ്ങളിൽ ആവശ്യമില്ലായിരുന്നു. കാരണം സമൂഹത്തിൽ 10 ശതമാനത്തിൽ താഴെയായിരുന്നു സാമാന്യ വിദ്യാഭ്യാസമെങ്കിലും ലഭിച്ചവർ. ഇന്നിപ്പോൾ കേരളത്തിലെ പൊതു സമൂഹം വിദ്യാഭ്യാസ രംഗത്ത് എത്രയോ ഉയരത്തിലെത്തി. പെന്തെക്കോസ്ത് സഭകൾ പാസ്റ്റേഴ്സിന്റെ വിദ്യാഭ്യാസ യോഗ്യതയുടെ കാര്യത്തിൽ സെക്കുലർ ഡിഗ്രി നിർബ്ബന്ധമാക്കേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു.

ദൈവം ശുശ്രൂഷ ഭരമേല്പിക്കുന്നത് ഡിഗ്രി നോക്കിയാണോ? ഒരിക്കലുമല്ല. പക്ഷേ പ്രസ്ഥാനങ്ങൾ നിർബ്ബന്ധമായും യോഗ്യത നോക്കണം. സഭാ ജനങ്ങൾ നിലവാരമുള്ളവരും വിദ്യാഭ്യാസമുള്ളവരും ആയിട്ടുള്ളിടത്ത് യോഗ്യതകളുള്ള ശുശ്രൂഷകന്മാർക്ക് കൂടുതൽ ഭംഗിയായി ശുശ്രൂഷ ചെയ്യുവാൻ സാധിക്കും. പിന്നെ ദൈവം ശുശ്രൂഷ നൽകുന്ന വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരെ എന്തു ചെയ്യും? അവർക്ക് സഭാ ശുശ്രൂഷ തന്നെ വേണമെന്നില്ലല്ലോ. സുവിശേഷ പ്രവർത്തനങ്ങൾക്ക് എത്ര എത്ര മാർഗ്ഗങ്ങളുണ്ട്. അവർ അത് പ്രയോജനപ്പെടുത്തട്ടെ.

**5. സഭാ രാഷ്ട്രീയം/തിരഞ്ഞെടുപ്പ്**

മുഖ്യധാരാ പെന്തെക്കോസ്തു പ്രസ്ഥാനങ്ങളായ ഐപിസി., എജി., ചർച്ച് ഓഫ് ഗോഡ് എന്നീ പ്രസ്ഥാനങ്ങൾ സഭാ രാഷ്ട്രീയത്തിന്റെ ഏറ്റവും നിന്ദ്യമായ കളികൾക്ക് വേദിയായി തുടങ്ങിയിട്ട് കാലമേറെയായി. ഇലക്ഷനോടനുബന്ധിച്ച് ഈ മൂന്ന് സഭകളിലും നടക്കുന്ന രാഷ്ട്രീയ വടംവലികളും അധികാര കിടമത്സരങ്ങളും പെന്തെക്കോസ്ത് എന്ന ആശയത്തിന്റെ തന്നെ കടക്കൽ കത്തിവയ്ക്കുന്ന അപകടകരമായ പ്രവണതയാണ്.

ഇക്കൂട്ടത്തിൽ കൂടുതൽ ജനാധിപത്യസ്വഭാവമുള്ള ഐ.പി.സിയിൽ അൽമായർക്കും വോട്ടവകാശമുള്ളതിനാൽ സഭാ രാഷ്ട്രീയത്തിന്റെ ദുഷിപ്പുകൾ ഓരോ ലോക്കൽ സഭയിലേക്കും ആഴ്ന്നിറങ്ങുന്നു.


ജനാധിപത്യ തിരഞ്ഞെടുപ്പുകൾ സഭക്ക് അനുയോജ്യമാണോ എന്ന് നാം മാറി ചിന്തിക്കേണ്ടുന്ന സമയമായി. തിരഞ്ഞെടുപ്പല്ലാതെ സഭയെ ഭരിക്കുവാൻ മറ്റെന്താണൊരു മാർഗ്ഗം എന്ന് ചോദിച്ചാൽ തൽക്കാലം എനിക്ക് പുതിയ നിർദ്ദേശങ്ങൾ ഒന്നും ഇല്ല. എപ്പിസ്കോപ്പസിയും ജനാധിപത്യവും ചേർന്ന മാർത്തോമ്മ സഭയുടെ രീതി കുറേക്കൂടെ മെച്ചമാണെന്ന് തോന്നുന്നു. ടിപിഎം.മോഡൽ എപ്പിസ്കോപ്പസിയോട് ചേർന്നു നില്ക്കുന്നതാണ്. അവിടെ അൽമായന് നൂറ്റി നാൽപ്പത്തിനാലായിരത്തിൽ പോലും ഇടമില്ല. പിന്നല്ലെ ഭരണത്തിൽ.

എന്തായാലും മലയാളി പെന്തെക്കോസ്തിന്റെ മണ്ടത്തരങ്ങളിൽ സഭാ രാഷ്ട്രീയവും തിരഞ്ഞെടുപ്പും മുഖ്യസ്ഥാനത്തിന് അർഹമായതാണ്. വിശദമായി ചർച്ച ചെയ്യപ്പെടേണ്ടുന്ന വിഷയമാകയാൽ തൽക്കാലം നിർത്തട്ടെ.

പെന്തെക്കോസ്തിന്റെ 10 മണ്ടത്തരങ്ങൾ പറഞ്ഞു തുടങ്ങിയ ഞാൻ 14 എണ്ണം പറഞ്ഞുകഴിഞ്ഞു. വേറെയും കാണും. പക്ഷേ അവസാനിപ്പിക്കുമ്പോൾ ഹൃദയം തുറന്നു പറയട്ടെ, ഒത്തിരി മണ്ടത്തരങ്ങളും കുറവുകളും ഒക്കെ ചൂണ്ടിക്കാണിക്കുവാൻ പറ്റുമെങ്കിലും ഇത് നമ്മുടെ തറവാടാണ്. ഇതിന്റെ നന്മക്ക് വേണ്ടിയും, ഉയർച്ചക്ക് വേണ്ടിയുമുള്ള ആഴമായ ആഗ്രഹത്തിൽ നിന്നാണ് ചില പിഴവുകൾ ചൂണ്ടിക്കാണിക്കുന്നത്. ഈ മണ്ടത്തരങ്ങളെല്ലാം ഉണ്ടെങ്കിലും മലയാളി പെന്തെക്കോസ്തിന് ഒത്തിരി നന്മകളുണ്ട്. ആ നന്മകളിൽ ചിലതു കൂടി ചൂണ്ടിക്കാണിക്കാതെ ഈ കുറിപ്പ് അവസാനിപ്പിക്കാനാവില്ല.

***അടുത്ത ലക്കത്തിൽ: പെന്തെക്കോസ്ത് നന്മയുടെ തറവാട്***

# ക്ഷമയുടെ സ്വാതന്ത്ര്യത്തിലേക്ക്



ഇവാ. അനീഷ് തോമസ് വെച്ചൂച്ചിറ

ക്ഷമിക്കുന്നത് നല്ലതുതന്നെ. പക്ഷേ മറക്കുന്നതാണ് ഏറ്റവുമുചിതം. റോബർട്ട് ബ്രൗണിന്റെ വാക്കുകളാണിത്. വേദനാജനകമായ ഓർമ്മകളിൽ ജീവിക്കുന്ന നൂറുകണക്കിനാളുകൾ നമുക്ക് ചുറ്റുമുണ്ട്. വ്യക്തികളോടും വസ്തുക്കളോടും എന്നു വേണ്ട കണ്ണിൽ കാണുന്നതിനോടെല്ലാം വെറുപ്പും വൈരാഗ്യവും വച്ചുപുലർത്തുന്നവരും ധാരാളം. സ്വയം കെട്ടിയുയർത്തിയ തടവറയിൽ വീർപ്പുമുട്ടുന്നതിന്റെ കാരണം വളരെ ലളിതമാണ്; ക്ഷമ അനുഭവിക്കുവാനും ക്ഷമ കൊടുക്കുവാനും കഴിയുന്നില്ല. പകയും വെറുപ്പുമൊന്നുമില്ലാതെ ശാന്തമായും സന്തോഷപൂർണ്ണമായും ജീവിക്കുക എന്നർത്ഥമാണല്ലോ മറന്നു കളയുക എന്നതു കൊണ്ടുദ്ദേശിക്കുന്നത്. ശരി തന്നേ, ജീവന് തുല്യം സ്നേഹിച്ചയാൾ കൊടിയ വഞ്ചന കാട്ടിയത് മറക്കുന്നതു തന്നെ ശ്രമകരം. ഇനി മറന്നു എന്നിരിക്കട്ടെ ആ വ്യക്തിയെ നേരിട്ട് കാണുമ്പോഴോ? തീർന്നില്ല, അങ്ങനെയൊരാളെ എന്നും കാണുകയാണെങ്കിലോ? ആകെയുള്ള മനഃസമാധാനം കൂടി നഷ്ടമാവില്ലേ. ഇതൊരു ഉദാഹരണം മാത്രം. ഇങ്ങനെ എത്രയധികം സംഭവങ്ങൾ. മറന്നു കളഞ്ഞാൽ ക്ഷമിക്കുന്നതിന് പകരമാവില്ല. മറക്കേണ്ടത് മറക്കുകയും ക്ഷമിക്കേണ്ടത് ക്ഷമിക്കുകയും വേണം. ഒന്നറിയുക. ക്ഷമ; ദീർഘമായ സ്വാതന്ത്ര്യത്തിലേക്കുള്ള വാതിലാണത്.

ഒരർത്ഥത്തിൽ വിശുദ്ധ ബൈബിൾ ക്ഷമയുടെ പുസ്തകമാണ്. ഏദനിൽ തുടങ്ങിവച്ച ലംഘനത്തിന്റെ ചരിത്രം മായിച്ചു കളഞ്ഞ് മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുവാൻ സ്വർഗ്ഗീയ പിതാവ് കാട്ടിയ ക്ഷമയുടെ വിവരണം. പഴയനിയമത്തിൽ യാഹ്വേയെ സംബോധന ചെയ്യുന്നതു തന്നെ 'ദീർഘക്ഷമയും മഹാദയയും ഉള്ളവൻ' എന്നാണ്. ആ ദീർഘക്ഷമയുടെ പ്രദർശനം നടന്നതോ ഗോൽഗോഥായിൽ. സ്വന്തം പുത്രൻ പ്രാണവേദന അനുഭവിക്കുമ്പോൾ ഏതു പിതാവിന്റെ ഹൃദയമാണ് വേദനപ്പെടാത്തത്. നഷ്ടപ്പെട്ട മനുഷ്യവർഗ്ഗത്തോട് ക്ഷമിക്കുവാനുള്ള നീതിപൂർവമായ വില അതായിരുന്നു ക്രൂശീകരണം. ക്ഷമയുടെ നിർവ്വചനമായ ക്രൂശിലേക്ക് നോക്കുന്നതാരായാലും നൂറ്റാണ്ടുകൾ പഴക്കമുള്ള പാപത്തിൽ നിന്നും മോചനം പ്രാപിക്കുന്നു അഥവാ ദൈവരാജ്യത്തിലേക്ക് അയാൾ പ്രവേശിക്കുന്നു.

ആത്മാവിൽ ദരിദ്രരായവർക്കും ദുഃഖിക്കുന്നവർക്കും ഉപദ്രവിക്കപ്പെടുന്നവർക്കുമൊക്കെ (മത്തായി 5:3), പ്രദാനം ചെയ്യാമെന്ന് യേശു പറഞ്ഞ ദൈവരാജ്യം കാണപ്പെടുന്ന ഒരു ഭൗതിക ലോകമല്ല, ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്ക് വ്യാപിക്കുന്ന "നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും" (റോമ.14:17) ആണ്. ശിശുതുല്യമായ ഒരു നിർമ്മല ഹൃദയത്തോടു മാത്രമേ നമുക്കത് അവകാശമാക്കുവാൻ കഴിയൂ (മർക്കോ.10:15). ഓരോ വീണ്ടും ജനനങ്ങളിലും സംഭവിക്കുന്നത് അതാണ്. രക്ഷിക്കപ്പെടുക എന്നതിന്റെ ഗ്രീക്ക് പദമായ 'സോസോ' എന്ന വാക്കിന് 'മനസിന്റെ സൗഖ്യം' എന്നൊരർത്ഥമുണ്ട്. ജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന കഷ്ടങ്ങൾക്ക് ഉത്തരവാദികളായവരെ മനസിന്റെ തടങ്കലിൽ അടച്ചിട്ടിരിക്കുമ്പോൾ എങ്ങനെ സൗഖ്യമുണ്ടാകും? എങ്ങനെ ദൈവരാജ്യം അനുഭവിക്കുവാൻ കഴിയും? വൈദ്യശാസ്ത്രം പോലും സമ്മതിക്കുന്നു പുറമേയുള്ള ചില രോഗങ്ങളുടെ പോലും കാരണം ക്ഷമിക്കപ്പെടാത്ത ഹൃദയമാണെന്ന്. കടപ്പെട്ട പതിനായിരം താലന്ത് ഇളച്ചു കിട്ടിയെങ്കിലും കേവലം 100 വെള്ളിക്കാശിന് വേണ്ടി കൂട്ടുകാരന്റെ തൊണ്ടക്ക് പിടിക്കുന്ന അയാൾ ജീവിക്കുന്നത് പലപ്പോഴും നമ്മിൽ പലരുടെയും ഉള്ളിലല്ലേ? കരുണ കാണിക്കാത്ത ദാസനെ ദണ്ഡിപ്പിക്കുന്നവരുടെ കയ്യിൽ ഏൽപ്പിക്കുന്നു യജമാനൻ (മത്തായി 18:21-35). വേദപുസ്തക വെളിപ്പാടിൽ 'ദണ്ഡിപ്പിക്കുന്നവൻ' ദുരാത്മാവാണെങ്കിൽ പല പോരാട്ടങ്ങളുടെയും കാരണം പിടികിട്ടിയില്ലേ? ദയവായി 21 ദിവസം ഉപവാസവും 10 മണിക്കൂർ പ്രാർത്ഥനയുമൊക്കെ നിർത്തി ഹൃദയപൂർവം ക്ഷമിക്കുവാൻ തയ്യാറാവുക. ചിലരോടൊക്കെ ക്ഷമ ചോദിക്കുവാനും തീരുമാനമെടുത്തിരുന്നെങ്കിൽ മുമ്പിൽ തുറന്നിട്ടിരിക്കുന്നത് സമൃദ്ധമായ ദൈവരാജ്യമാണ്.

ആർക്കും മായിച്ചുകളയുവാൻ കഴിയാത്ത നമ്മുടെയൊക്കെ പാപം ഒറ്റ നിമിഷം കൊണ്ട് ഒരു ലളിതമായ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിൽ പിതാവ് ക്ഷമിച്ചില്ലേ? ക്ഷമ പ്രാപിക്കുവാൻ മാത്രമല്ല, ക്ഷമ കൊടുക്കുവാനും നാം പഠിക്കണം. നമ്മുടെ മനസ്സിലെ തടവറകൾ അപരന്റെ സ്വാതന്ത്ര്യത്തെയല്ല, നമ്മുടെ തന്നെ സ്വാതന്ത്ര്യത്തെയാണ് ഹനിക്കുന്നത്. ഒന്നോർക്കുക, മറക്കുന്നത് ഒരു വേദനാ സംഹാരി മാത്രം. എന്നാൽ ക്ഷമ യഥാർത്ഥ ഔഷധവും. ക്ഷമിക്കുന്ന ഹൃദയത്തിൽ നിന്നു വേണം പലതും മറന്നു കളയേണ്ടത്. അത് നമ്മെ സ്വാതന്ത്ര്യത്തിലേക്ക് നടത്തും.

# ഐ.പി.സി.പുതുപ്പള്ളി സെന്റർ ജൂബിലി കൺവൻഷൻ

പുതുപ്പള്ളി: ഐ.പി.സി.പുതുപ്പള്ളി സെന്ററിന്റെ സിൽവർ ജൂബിലി കൺവൻഷൻ ഡിസംബർ 3-8 വരെ പുതുപ്പള്ളിയിൽ നടക്കും. 1989-ലാരംഭിച്ച ഐ.പി.സി.പുതുപ്പള്ളി സെന്ററിന്റെ 25-ാമത്തെ കൺവൻഷനാണിത്. 8 സഭകളോടാരംഭിച്ച സെന്ററിൽ ഇപ്പോൾ 26 സഭകളുണ്ട്. പാസ്റ്റർ പി.എ.മാത്യു സെന്റർ ശുശ്രൂഷകനായി നേതൃത്വം നൽകുന്നു.

പാസ്റ്റർ സാജു ജോസഫ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ കെ.കെ.സ്കറിയാ (സെക്രട്ടറി), പാസ്റ്റർ ഷാജൻ ജോർജ്ജ്, വി.എം.തോമസ് (ജോയിന്റ് സെക്രട്ടറിമാർ), സി.മാത്യു ഫിലിപ്പ് (ട്രഷറാർ) എന്നിവരാണ് മറ്റു ഭാരവാഹികൾ. പാസ്റ്റർ പ്രതാപ് സിംഗ് (ചെന്നൈ), പാസ്റ്റർമാരായ വർഗീസ് ഏബ്രഹാം, സണ്ണി കുര്യൻ, കെ.ജെ.തോമസ്, ബാബു ചെറിയാൻ, പി.എ.മാത്യു, ജോൺസൺ ഡാനിയേൽ, സിസ്റ്റർ ആനിയമ്മ സ്റ്റീഫൻ എന്നിവർ പ്രസംഗിക്കും. ഡിസംബർ 5-ന് സഹോദരീ സമാജം, 6-ന് സംയുക്ത ഉപവാസ പ്രാർത്ഥന, 7ന് ജൂബിലി സമ്മേളനം, 8 ന് സംയുക്ത ആരാധനാ യോഗം, പുത്രികാ സംഘടനകളുടെ വാർഷികം എന്നിവയും നടക്കും.

7ന് നടക്കുന്ന ജൂബിലി മീറ്റിംഗിൽ കേരള ആഭ്യന്തര വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജോസ് കെ.മാണി എം.പി.എന്നിവരും പങ്കെടുക്കും. ഈ സമ്മേളനത്തിൽ സെന്റർ ജൂബിലി സുവനീർ പ്രകാശനം ചെയ്യുന്നതും സെന്റർ വെബ്സൈറ്റിന്റെ ഉദ്ഘാടനവും നിർവ്വഹിക്കും. കൺവീനറായി പാസ്റ്റർ സാജു ജോസഫും, ജോയിന്റ് കൺവീനറായി പാസ്റ്റർ കെ.കെ.സ്കറിയായും പ്രവർത്തിക്കുന്നു.

## ലിവിംഗ് വേ മീറ്റിംഗ് മുംബൈയിൽ

മുംബൈ: ലിവിംഗ് വേ മിനിസ്ട്രീസിന്റെ നേതൃത്വത്തിൽ മെയ് 29, 30 ഡിസംബർ 1 തീയതികളിൽ മുംബൈ ബാൻഡുപ്പ് പ്രൈവറ്റ് ഹൈസ്കൂളിൽ ലിവിംഗ് വേ മീറ്റിംഗ് എന്ന പേരിൽ കൺവൻഷൻ നടക്കുന്നു. പ്രവാചകൻ പാസ്റ്റർ ജോൺസൺ മേമന മുഖ്യപ്രസംഗകനാണ്. ശനിയാഴ്ച പകൽ ഉപവാസ ഉണർവ്വ് യോഗങ്ങൾ നടക്കും. റിവൈവൽ എക്കോസ് ഗാനമാലപിക്കും. പാസ്റ്റർ ലിവിംഗ്സ്റ്റൺ സഖറിയാ നേതൃത്വം നൽകും.

# ഒഡീഷയിൽ സമൂഹ വിവാഹം



ഒഡീഷ: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കൊറാപ്പുട്ട് ജില്ലയുടെ ആഭിമുഖ്യത്തിൽ സെപ്തംബർ 23-ന് സഭാ വിശ്വാസികളിൽ നിർധനരായ നാല് യുവതീയുവാക്കളുടെ വിവാഹം നടത്തി. ഐ.പി.സി.ഒറീസാ സംസ്ഥാനത്തിൽ ആദ്യമായിട്ടാണ് ഇത്തരമൊരു ശുശ്രൂഷ നടത്തപ്പെട്ടത്. ശുശ്രൂഷകൾ ഡിസ്ട്രിക്ട് പാസ്റ്റർ ഷാജി സേവ്യർ അധ്യക്ഷത വഹിച്ചു. വിവാഹശുശ്രൂഷ പാസ്റ്റർ ഫിലിപ്പ് ബിസോയ് നിർവ്വഹിച്ചു. പാസ്റ്റർ ജിജി പി.പോൾ, വചന ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ ഡോ.ഏലിഹൂദ് ബാഹ്, പാസ്റ്റർ പ്രവീൺ മൊഹന്തി, പാസ്റ്റർ ഹാനോക്ക് ലിമ, പാസ്റ്റർ സരോജ് കൊന്തപാണി, പാസ്റ്റർ സെർബോ ബിസോയി എന്നിവരും, സഹോദരന്മാരിൽ വിജയ്കുമാർ ഐയന്റ്, എന്നിവരും ആശംസകൾ അറിയിച്ചു.

ആദ്യമായി കൊറാപ്പുട്ട് ജില്ലയിൽ നടത്തിയ സമൂഹ വിവാഹത്തിന്റെ ധനസഹായം ഐ.പി.സി.ഷാർജ സഭയാണ് നിർവ്വഹിച്ചത്. ഒരു ലക്ഷം രൂപാ 4 സഹോദരിമാർക്ക് വീതിച്ച് നൽകി. 200-ൽപരം വിശ്വാസികളും, മറ്റുള്ളവരും ശുശ്രൂഷയിൽ പങ്കെടുത്തു.

## തയ്യൽ പരിശീലന കേന്ദ്രം

കാസർഗോഡ്: ഐ.പി.സി.കാസർഗോഡ് സെന്ററിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞങ്ങാട് അലാവി പള്ളിക്ക് സമീപം എബനേസർ തയ്യൽ പരിശീലന കേന്ദ്രം ആരംഭിച്ചു. പാസ്റ്റർ ജോൺസൺ കുര്യന്റെ അധ്യക്ഷതയിൽ പാസ്റ്റർ സന്തോഷ് മാത്യു ഉദ്ഘാടനം ചെയ്തു. പാസ്റ്റർ സജി ഏബ്രഹാം, പാസ്റ്റർ ബിനു ബി, പാസ്റ്റർ സുനിൽ ബാബു, പാസ്റ്റർ ശ്യാം രാജ് എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു.

# എ.ജി.മലബാർ സൺഡേസ്കൂൾ പരീക്ഷ ഡിസംബർ 1-ന്

കോഴിക്കോട്: എ.ജി.മലബാർ സൺഡേസ്കൂൾ വാർഷിക പരീക്ഷ ഡിസംബർ 1-ന് നടക്കും. അതാത് പ്രാദേശിക സഭകളിൽ സൂപ്പർവൈസർമാരുടെ നേതൃത്വത്തിലായിരിക്കും പരീക്ഷ. രജിസ്റ്റർ ചെയ്യാത്ത സൺഡേസ്കൂളുകൾ എത്രയും പെട്ടെന്ന് രജിസ്റ്റർ ചെയ്യണമെന്ന് സെക്രട്ടറി അറിയിച്ചു. ഉത്തരക്കടലാസ് മൂല്യ നിർണ്ണയം ഡിസംബർ 17 ചൊവ്വാഴ്ച നിലമ്പൂർ സഭയിൽ നടക്കും.




ആസ്ട്രേലിയ പെർത്ത്

കേരളത്തിൽ നിന്ന് ഉപരിപഠനത്തിനും ജോലിക്കുമായി ആസ്ട്രേലിയായിലെ പെർത്തിൽ വരുന്നവർക്ക് വിശുദ്ധിയിലും വേർപാടിലും സത്യദൈവത്തെ ആരാധിക്കുവാൻ ഒരിടം

സ്ഥലം: 445, CHARLES STREET, NORTH PERTH

ആരാധനാ സമയം: SUNDAY 9.30 TO 12.00

Contact : Pr.Roshan Thomas,
62 Glendale Ave., Hamersley-6022
Western Australia
Phone : +61404399916 +919846636431

www.perthgospelchurch.com mtroshan@yahoo.co.in



അത്ഭുതകരമായ ദൈവിക വിടുതൽ

പ്രയർസെന്റർ 24 hours

നിങ്ങൾ അനുഭവിക്കുന്ന ഏത് പ്രശ്നങ്ങൾക്കും ദൈവാത്മാവിന്റെ ആലോചനപ്രകാരം പ്രാർത്ഥിച്ച്, അത്ഭുത വിടുതലുകൾ ദൈവം നൽകുന്നു. നിങ്ങളുടെ കുടുംബത്തിന്റെ പ്രാർത്ഥനാ വിഷയങ്ങൾക്കും കൺവൻഷൻ മെസേജുകൾക്കും ബന്ധപ്പെടുക.

NIGIL VARGHESE, Sharon Gospel Ministries, ARA Complex,
Kuttippady Junction, Mannanam, Kottayam-686 501
Mobile No.9605829827, 9946459441, 9747492830,



തോന്ന്യാമല ഐ.പി.സി. ഏബൻ ഏസ്സറിന്റെയും,
പത്തനംതിട്ട ഡിസ്ട്രിക്ട് പി.വൈ.പി.എ.യുടെയും,
പ്രയർ ബോർഡിന്റെയും
സംയുക്താഭിമുഖ്യത്തിൽ

സുവിശേഷയോഗവും
സംഗീത വിരുന്നും

തോന്ന്യാമല ഐ.പി.സി. ഗ്രൗണ്ട്
2013 നവംബർ 27 ബുധൻ മുതൽ ഡിസംബർ 1 ഞായർ വരെ
(6.00 pm – 9.00 pm)

28, 29, 30 എന്നീ തീയതികളിൽ പകൽ 10 മണി മുതൽ 1 മണി വരെയുള്ള യോഗങ്ങളിൽ കൃപാവരപ്രാപ്തരായ ദൈവദാസന്മാർ ശുശ്രൂഷിക്കുന്നു...

പ്രസംഗകർ

Pr. അനി ജോർജ്ജ്
Pr. വർഗീസ് ഏബ്രഹാം (രാജു മേത്ര)
Pr. ഷാജു സി. ജോസഫ്
Pr. കെ.ജെ. മാത്യു
Pr. കെ.കെ. ചെറിയാൻ

സംഗീത ശുശ്രൂഷ
ഷെക്കെയ്ന സിംഗേഴ്സ്
Mob : 9497105321
Website : www.shekinahsingers.com

ഇതാ..! അനുഗ്രഹത്തിന്റെ 5 ദിനങ്ങൾ

കൺവൻഷനുവേണ്ടി,

Pr. പി.ഐ.ജോർജ്ജ്കുട്ടി (ചെയർമാൻ) Mob : 9744991330
Pr. ജെയിംസ് ജോൺ (ജനറൽ കൺവീനർ) Mob : 9497105321
Pr. മോൻസി സാം (പബ്ലിസിറ്റി കൺവീനർ) Mob : 9446114925

ഏവർക്കും സ്വാഗതം



SCHOOL OF HEALING AND DELIVERENCE

FIVE DAYS INTENSIVE TRAINING PROGRAMM

Conducted by
Pastor HEBIC SIMON & Team.

ആയിരങ്ങൾക്ക് വിടുതലിനും സൗഖ്യത്തിനുമായി പരിശുദ്ധാത്മാവ് ഈ കാലഘട്ടത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ശുശ്രൂഷ.

സഭാ വ്യത്യാസമന്യേ നൂറുകണക്കിനു ശുശ്രൂഷകന്മാർ വിടുതൽ ശുശ്രൂഷയ്ക്കായി സജ്ജരാക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

മനുഷ്യമനസ്സ്, ശരീരം, ആത്മാവ് എന്നിവയെ കേന്ദ്രീകരിച്ച് തിരുവചനാടിസ്ഥാനത്തിൽ ആത്മനിയന്ത്രിതമായ ക്ലാസ്സുകൾ.

അപ്പോസ്തോലിക ഉപദേശത്തിലും നേതൃത്വത്തിലും അധിഷ്ഠിതമായ പ്രസ്ഥാനം.

- Prophetic Teaching
- Anointed Deliverance sessions
- Spirit filled Prayer & Counselling
- Powerful Impartation for Healing

for Registration

Nov: 25-29 Ernakulam : 09656411330
Dec: 9 - 13 Bangalore : 09482523407
Jan : 28-Feb 1. Raipur : 09993293500

# മുച്ചാടിൽ ഉരുണ്ട വേദനകൾ

## ഒരു സുവിശേഷകന്റെ മകന്റെ ഓർമ്മക്കുറിപ്പുകൾ



സ്റ്റാൻലി ജോൺ

ഇടറുന്ന നെഞ്ചിടിപ്പിന്റെ നാദമായിരുന്നു എന്റെ സംഗീതവഴിത്താരയിൽ ഞാനറിഞ്ഞ അവതാളം.

എനിക്ക് നന്നാ വിശന്നു. അന്ന് ഐ.പി.സി.നാഗപ്പൂർ ചർച്ചിലാണ് പിതാവിന് ശുശ്രൂഷ. ആപ്പിൾ കഴിക്കണമെന്ന് അമിതമായ മോഹം മനസ്സിൽ കയറിക്കൂടി... പിതാവിനോട് പറഞ്ഞു. കീശയിൽ കാശില്ല... പിതാവിന്റെ മറുപടി ഇങ്ങനെയായിരുന്നു: യേശു അപ്പച്ചനോട് കരഞ്ഞു ചോദിക്കുവാൻ.... അതിശയം പോലെ ഒരു മണിയോർഡർ പിതാവിനെ തേടിവന്നു. അങ്ങനെ ദൈവം എന്റെ ആദ്യ ആഗ്രഹം നിറവേറ്റിയപ്പോൾ വയസ് മൂന്ന്. ആ വലിയ പട്ടണത്തിൽ നിന്ന് നന്മയുടെ ഗ്രാമമായ തുരുത്തിക്കാട്ടിലേക്കുള്ള യാത്ര.

ആദ്യത്തെ സ്കൂൾമാറ്റം രണ്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ്. ടി.സി. വാങ്ങുവാൻ കൂടെ വന്നത് അടുത്ത വീട്ടിൽ വിരുന്നുവന്ന ചേച്ചി. എന്റെ മാതാപിതാക്കൾ സഭാകാര്യങ്ങളിൽ വ്യാപൃതരായിരുന്നതിനാലാണ് ടി.സി.വാങ്ങുവാൻ മറ്റൊരാളെ പറഞ്ഞയക്കുന്നതിന് നിർബ്ബന്ധിതരായത്. ഒരു ആറുവയസുകാരന്റെ മനോനില ആയിരുന്നെങ്കിലും കളിക്കൂട്ടുകാരെ പിരിയുക എന്നത് എനിക്ക് പ്രാണൻ പോയതുപോലെയായിരുന്നു. വിതുമ്പുന്ന ഹൃദയവുമായാണ് തുരുത്തിക്കാട് സ്കൂളിന്റെ പടിയിറങ്ങിയത്...

കുസൃതിക്ക് കുറവൊന്നുമില്ലായിരുന്നെങ്കിലും അദ്ധ്യാപകർക്ക് എന്നോടൊരു പ്രത്യേക സ്നേഹമോ പരിഗണനയോ ഒക്കെയുണ്ടായിരുന്നു. ഞാൻ പോകുന്ന വാർത്ത അറിഞ്ഞ് സാമൂഹ്യപാഠം പഠിപ്പിച്ച ഗൗരിക്കുട്ടി ടീച്ചർ എന്നെ മാറോട് ചേർത്ത് നിർത്തി കുറെ കരഞ്ഞ് എന്നെ അനുഗ്രഹിച്ചു. പിന്നീട് ഇടവിടാതെ എന്നെ തേടിവന്ന ടീച്ചറിന്റെ തപാലുകൾ ഒരു കാര്യമെന്നെ പഠിപ്പിച്ചു, "ഗുരു ദൈവം തന്നെയാണ് എന്ന സത്യം."

ഏഴു സ്കൂളുകളെങ്കിലും മാറി പഠിച്ചിട്ടുണ്ട്. ചിരിക്കാനും, ചിന്തിക്കുവാനും, കരയുവാനും എന്നെ പഠിപ്പിച്ച കുറെ ഓർമ്മകളും....!!

സ്ഥലംമാറ്റം എന്നു കേൾക്കുമ്പോൾ നെഞ്ചിടിപ്പാണ്. ആ സമയത്ത് പാഴ്സനേജുകൾ പലപ്പോഴും ഒരു മരണവീടിന്റെ പ്രതീതി ജനിപ്പിക്കുന്ന വേദികളായി മാറിയിരുന്നു. ഓർമ്മകളുടെ ഭാണ്ഡക്കെട്ടുകളുമായി പുതിയ മേച്ചിൽപ്പുറങ്ങളിലേക്ക് ഞങ്ങളുടെ കുടുംബം അങ്ങനെ മാറിക്കൊണ്ടേയിരുന്നു. പൂവത്തൂർ, കുമ്പനാട്, വെണ്ണിക്കുളം, തുടങ്ങിയ തിരുവിതാകൂറിന്റെ ഒട്ടുമിക്ക സ്ഥലങ്ങളും, അതുപോലെ തിരുവനന്തപുരവും എന്റെയും എന്റെ സഹോദരിമാരുടെയും സാമൂഹിക, സാംസ്കാരിക, വ്യക്തിത്വ വികസനത്തിൽ വലിയ പങ്ക് നൽകിയ സ്ഥലങ്ങളാണ്.

ആൺകുട്ടികൾ കരയുവാൻ പാടില്ല എന്ന സത്യം അറിയാമെങ്കിലും ആരും അറിയാതെ.....ആരും കാണാതെ.... പൊട്ടിക്കരഞ്ഞിട്ടുണ്ട്. അന്നും ഫേസ്ബുക്കും ഫോണുമൊന്നും ഇല്ലാത്ത കാരണം ഓർമ്മകൾ കുത്തിക്കുറിക്കുന്ന ഒരു കൊച്ചു ഡയറിയുണ്ടായിരുന്നു. ഡയറിയിലെഴുത്തു തുടങ്ങിയത് തിരുവനന്തപുരത്ത് താമസിക്കുമ്പോഴാണ്. അന്നെനിക്ക് വയസ് 13... പിൽക്കാലത്ത് എന്റെ ഡയറിക്കുറിപ്പുകൾ വായിച്ച് എന്നെ മനസ്സിലാക്കുവാൻ എന്റെയമ്മ ഒരുപാട് ശ്രമിച്ചിട്ടുണ്ട്. കൂടെ ഒട്ടുമിക്ക കള്ളത്തരങ്ങളും കണ്ടുപിടിച്ചു. അങ്ങനെ ഡയറി എഴുത്ത് കോഡ് ഭാഷയായി..... അതു പിന്നീട് വായിക്കുമ്പോൾ എന്തോ ഒരു സുഖമില്ലായ്മ....... കാരണം പലതും എനിക്ക് തന്നെ മനസ്സിലാകാതെയായി.. അതിനാൽ ഡയറിയെഴുത്ത് നിലച്ചു.

തുരുത്തിക്കാട്ട് താമസിക്കുമ്പോൾ ഞായറാഴ്ച വരാൻ കാത്തിരിക്കും. സൺഡേസ്കൂൾ കുട്ടികൾ കൊണ്ടുവരുന്ന പിടിയരിക്കെട്ടുകൾ തുറക്കുവാൻ അമ്മയെ സഹായിക്കുവാൻ എനിക്കിഷ്ടമായിരുന്നു. പിന്നെ സഭായോഗത്തിൽ തമ്പേറു കൊട്ടുവാൻ അതിലും കൊതി..... അന്ന് തമ്പേറ് കൊട്ടുവാൻ മത്സരമാണ്. ചോദിക്കുമ്പോൾ തിരികെ കൊടുത്തില്ലെങ്കിൽ മുതിർന്നവരിൽ നിന്നും ചവിട്ടും തൊഴിയും വരെ കിട്ടും...... വേദന മാറ്റാനുള്ള രാഗങ്ങളും സംഗീതത്തിലുണ്ട് എന്നറിഞ്ഞതും ഏറെ വൈകിയാണ്.

സഭായോഗത്തിൽ മറ്റു കുട്ടികൾ കുറ്റം ചെയ്താലും ശിക്ഷ എനിക്കാണ്.... അങ്ങനെ ആരൊക്കെയോ കൂടി ശണ്ഠ കൂടിയപ്പോൾ പിതാവ് എന്നെ തുരുത്തിക്കാട്ട് സഭാഹാളിന്റെ പടിക്ക് പുറത്തിറക്കി രണ്ടു മണിക്കൂർ വെയിലത്തു നിർത്തി. എന്നെ വെയിലത്തു നിർത്തിയതിന്റെ കാരണം മനസ്സിലാക്കാതെ, അപ്പനോട് ഒരുതരം ദേഷ്യമോ പകയോ ഒക്കെ തോന്നി. ജനാലകൾക്കിടയിലൂടെ പാവം അപ്പച്ചന്മാർ നോക്കുന്നുണ്ട്. എന്നിലെ ആത്മാഭിമാനം ചോദ്യം ചെയ്യപ്പെട്ട നിമിഷങ്ങളായിരുന്നു അത്. അപ്പനെ പേടിച്ചിട്ടാവും സഹായിക്കുവാൻ ആരും വന്നില്ല. ചുട്ടുപൊള്ളുന്ന വെയിലിൽ, എന്റെ പീഡകൾക്കിടയിൽ, ക്രിസ്തു അനുഭവിച്ച പീഡാനുഭവത്തെക്കുറിച്ച് പിതാവ് പറയുന്നതു ഞാൻ ശ്രവിച്ചു. രണ്ടു മണിക്കൂർ ഞാൻ നിന്നു. ആശിർവാദം പറഞ്ഞതും.... പാഴ്സനേജിലേക്കോടി....അമ്മയുടെ സാരിത്തുമ്പിൽ മുഖം മറച്ച് ഞാൻ മുറിക്കുള്ളിൽ കടന്നു. സങ്കടം സഹിക്കവയ്യാതെ പൊട്ടിപ്പൊട്ടി കരഞ്ഞു. പിതാവ് എന്നെ അന്നു പഠിപ്പിച്ച ഒരു വലിയ സത്യത്തിന്റെ വ്യാപ്തി ഇന്ന് ഞാനൊരു പിതാവായപ്പോഴാണെനിക്ക് മനസിലാവുന്നു...... അന്യൻ ചെയ്ത തെറ്റുകൾ ഏറ്റെടുത്ത ക്രിസ്തുവിന്റെ ത്യാഗം നാം പലപ്പോഴും മനസ്സിലാക്കാതെ പോവുന്നു.. കുട്ടികൾ അച്ചടക്കത്തോടെ ഇരിക്കുവാൻ പിതാവ് സ്വീകരിച്ച മുറ മറ്റൊന്നായിരുന്നു.....! ഇന്നതൊക്കെ ഓർക്കുമ്പോൾ അഭിമാനം തോന്നുന്നു.

നാലുവയസ് പ്രായമായപ്പോൾ മൂന്നു ചാടുള്ള ഒരു സൈക്കിൾ വാങ്ങിത്തരുവാൻ മമ്മിയോടെ പറഞ്ഞു. അന്ന് കാര്യം നേടുവാൻ അമ്മ വഴിയാണ് അപ്പന്റെ മുമ്പിലെത്തുന്നത്..... പക്ഷേ നൂറുരൂപ പോലും വിലയില്ലാത്ത മുച്ചാടുള്ള സൈക്കിൾ എനിക്ക് നിഷേധിക്കപ്പെട്ടു. അതിന്റെയും കാരണം ഉൾക്കൊള്ളുവാൻ എന്റെ 'വലിയ' അഭിമാനം അനുവദിച്ചില്ല. സഭാഹാളിന്റെയും പാഴ്സനേജിന്റെയും ഭിത്തിയിൽ ചാടുകൊണ്ടുള്ള കറുത്ത പാടുണ്ടാകും...... അതു പാടില്ലായിരുന്നു......അങ്ങനെ ആ വലിയ മോഹത്തിന് ഞാൻ ചിത കൂട്ടി....

പ്രകൃതി കനിഞ്ഞുനൽകിയ വെള്ളക്ക വണ്ടിയും, ചെരിപ്പു മുറിച്ചുള്ള വണ്ടിയും ഒക്കെ ഓടിക്കുമ്പോൾ ഇന്നത്തെ രാജകീയ പ്രൗഡിയുള്ള വാഹനങ്ങൾ ഓടിക്കുന്നതിനേക്കാൾ സുഖമായിരുന്നു.

പിന്നീട് അഞ്ചാം ക്ലാസിൽ പഠിക്കുമ്പോഴാണ് കൊതിതീരെ മുച്ചാടൻ സൈക്കിളോടിക്കുന്നത്. അന്ന് ഞങ്ങൾ പൂവത്തൂരിലായിരുന്നു. അതും മറ്റൊരു വീട്ടിൽവച്ച്.....! അത് കണ്ടിട്ടാവണം പിന്നീട് എന്റെ ആഗ്രഹങ്ങൾക്കൊന്നും അപ്പൻ എതിരുനിന്നിട്ടില്ല. സ്കൂളിലും കോളജിലുമെല്ലാം എറ്റവും നല്ല സൈക്കിളും ബൈക്കും കാറുമൊക്കെ എനിക്ക് വാങ്ങിത്തന്നു..... ആ സ്വാതന്ത്ര്യം പലപ്പോഴും അമിതമായി ഉപയോഗിക്കുവാൻ തോന്നുമ്പോൾ അപ്പന്റെ മുഖം ഓർമ്മ വരും.... അതോടെ അതിനൊക്കെ ഒരു അതിർവരമ്പ് ഞാൻ തന്നെ നിശ്ചയിച്ചിരുന്നു.

പൂവത്തൂരിൽ ഞങ്ങൾ താമസിക്കുന്ന കാലഘട്ടത്തിലാണ് പ്രൊഫഷണൽ സംഗീതത്തിലേക്ക് ചുവട് വയ്ക്കുന്നത്. പാഴ്സനേജ്...സഭാഹോളിന് പുറകിൽ ഒരു ചായ്പ് പോലെയാണ് അന്നത്തെ കാലത്തെ ഏറ്റവും മെച്ചമായ പാഴ്സനേജ്. പക്ഷേ മഴയുള്ള ദിവസങ്ങളിൽ സമ്മാനിക്കുന്ന നൊമ്പരങ്ങൾ വേറെയും. മഴവെള്ളം ചോർന്നൊലിച്ച് നോട്ടുബുക്കുകളിൽ മഷി പടരുന്നതുകണ്ട് നെഞ്ച് വേദനിച്ചിട്ടുണ്ട്. സംഗീതത്തിന്റെ പ്രഥമ പാഠങ്ങളും പ്രോത്സാഹനവും ലഭിച്ചത് വീട്ടിൽ നിന്നുതന്നെയാണ്. പാട്ടുകളും പ്രസംഗങ്ങളും കേൾക്കുവാൻ മമ്മി സൂക്ഷിച്ചിരുന്ന കാസറ്റുകളിൽ സ്വയം പാടിയ പാട്ടു പിടിച്ചും ഗൃഹോപകരണങ്ങളിൽ കൊട്ടി താളം പിടിച്ചും വളർന്നു. ദീർഘദർശികളായ മാതാപിതാക്കൾ ഇതെല്ലാം കണ്ടിട്ട്, ഈ പരിശീലനങ്ങൾക്കും പരീക്ഷണങ്ങൾക്കും മൗനാനുവാദം നൽകി. ഞാൻ പാടിയ "നിൻ മഹാസ്നേഹം യേശുവേ...." എന്ന പാട്ടു കേട്ട് താലന്തുപരിശോധനയിൽ വിധികർത്താവായി എത്തിയ ജയിംസ് പീടികമല പിന്നീട് തനിക്കൊപ്പം പാടുവാൻ അവസരം നൽകി. അന്ന് ഞാൻ പാടുമ്പോൾ പെൺകുട്ടികളുടെ ശബ്ദമായിരുന്നു. ലിനിമാമ ഇല്ലാത്ത സ്റ്റേജുകളിൽ എനിക്ക് ഡബിൾറോളാണ്. സോളോ...... പിന്നെ ജയിംസച്ചായനോടൊപ്പം ഡ്യുവെറ്റ്.

എന്റെ മാതൃസഹോദരൻ ജയിംസ് ജോണും, ജയിംസ് പീടികമലയിലും തന്ന പ്രോത്സാഹനം പില്ക്കാലത്ത് എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട് എന്നത് പറയാതെ വയ്യ.

എന്റെ ബൈക്ക് സ്വപ്നം സാക്ഷാത്ക്കരിച്ച ദിനം: "പപ്പായ്ക്ക് ഇനിമുതൽ ദശാംശം കൊടുക്കേണ്ട കാര്യമില്ല. ഇഷ്ടം പോലെ പണമുണ്ട്" എന്നൊക്കെ പറഞ്ഞ കേമന്മാരുടെ കുത്തുവാക്കുകൾ കേട്ടപ്പോൾ എന്റെ മനസ് വേദനിച്ചു. മാസാമാസം മിച്ചം പിടിച്ച പണം കൊണ്ട് എന്റെ പിതാവ് എനിക്ക് വാങ്ങിയ സമ്മാനത്തിന് കേൾക്കേണ്ടി വന്ന മുനവച്ച വാക്കുകൾ എന്നെ വേദനിപ്പിച്ചു. അന്നും പിതാവിന്റെ മുഖം പ്രസന്നമായിരുന്നു, അതുപോലെ തന്നെ പ്രേഷിതവേലയുടെ ഭാഗമായി തങ്ങേണ്ടിവന്ന മറ്റൊരു സ്ഥലത്തുവച്ച് ഒരുപാട്ടു പാടുവാനുള്ള മോഹവുമായി സഭയുടെ ഒരു വേദിയിൽ കയറുവാൻ വിലക്കിയത് ഞാൻ ജീൻസ് പാന്റിട്ടു എന്ന 'വലിയ തെറ്റ്' ചെയ്തതു മൂലം.........

ഒരു സ്ഥലംമാറ്റം കഴിയുമ്പോൾ ഒരാഴ്ചത്തേക്ക് അമ്മ പാതി കിടപ്പിലാകും. ഈ കെട്ടിപ്പെറുക്കും അഴിച്ചുപെറുക്കും പിന്നെ കൂട്ടുവിശ്വാസികളെ പിരിഞ്ഞതിലുള്ള വേദനയും...!

എല്ലാം അടുക്കിപ്പെറുക്കി ഒരു സ്ഥലത്തു വയ്ക്കുമ്പോൾ ചിലതൊക്കെ നഷ്ടപ്പെട്ടതായി തോന്നും. കൂട്ടത്തിൽ പിതാവിന്റെ പ്രസംഗക്കുറിപ്പുകളും പോയിട്ടുണ്ടാവും. ഈ കൂടുമാറ്റത്തിന്റെയിടയിൽ എവിടെയൊ പോയതാവും അതൊക്കെ..... അടുത്ത സ്ഥലംമാറ്റത്തിന്റെ അടുക്കിപ്പെറുക്കലിൽ പണ്ട് പോയിയെന്ന് കരുതിയ പലതും തിരികെക്കിട്ടും.

പാസ്റ്റർമാരുടെ മക്കൾ മൂടുകീറിയ നിക്കറിട്ട് കാളവണ്ടി ഓടിച്ചു നടക്കുന്നതുകാണുവാൻ കുറച്ചു മേലാളന്മാർക്ക് ഇഷ്ടമായിരുന്നെങ്കിലും ഞങ്ങളെ മാറോടടുപ്പിച്ച് കരഞ്ഞ് പ്രാർത്ഥിച്ച ഒരു കൂട്ടം വിശ്വാസികൾ തന്ന സ്നേഹവും വാത്സല്യവുമാണ് ഞങ്ങളെ എന്തെങ്കിലുമൊക്കെ ആക്കിത്തീർത്തത്.

മുടിയനായ പുത്രന്റെ പ്രവർത്തിയോളമില്ലെങ്കിലും വിശ്വാസ ലംഘനത്തിന്റെ ചായ്വുകൾ എന്നിലും കടന്നു കൂടിയെന്ന വസ്തുത എഴുതപ്പെടാതെ എന്നെ വെള്ള പൂശാനാഗ്രഹിക്കുന്നില്ല.

പുനർജന്മത്തിൽ വിശ്വസിക്കുന്നില്ലെങ്കിലും ഇനി ഒരു ജന്മം കൂടി എനിക്കുണ്ടെങ്കിൽ വീണ്ടുമൊരു സുവിശേഷകന്റെ മകനായി പിറക്കുവാനാണ് ഏറെയിഷ്ടം.അതിനോളം മഹാഭാഗ്യം മറ്റൊന്നിനുമില്ല.

ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ ഒരു കാര്യം പറയാതെ വയ്യ. മുച്ചാടിൽ ഉരുണ്ടുതുടങ്ങിയ വേദനകളിൽ നിന്നുൾക്കൊണ്ട് ഊർജ്ജം ജീവിതത്തിനൊരു പ്രേരകശക്തി തന്നെയായിരുന്നു.


**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും, നിങ്ങളുടെ പണം സുരക്ഷിതമായി നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.




**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**

Chief Life Insurance Advisors.
Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

**ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ.,**
**പത്തനംതിട്ട (Dist).**


## കൃപയുടെ സഭകൾ കേരളത്തിലും

*1–ാം പേജ് തുടർച്ച*

-ൽ കൃപയുടെ സുവിശേഷം എന്നും പൗലോസ് പറയുന്നത് ഈ വെളിപ്പാടാണ്. അതിന്റെ പൂർത്തീകരണമാണ് "ഞാനാകുന്നത് കൃപയാലാകുന്നു" എന്ന് പൗലോസ് പറയുന്നത്. പ്രമുഖ റാഡിക്കൽ ഗ്രെയ്സ് സഭാ സ്ഥാപകനായ ജെയിംസ് മേമന ഹാലേലൂയ്യായോട് പറഞ്ഞു. (ബോക്സ് കാണുക). ഹെവൻലി ഫീസ്റ്റ് ഉൾപ്പെടെയുള്ള ന്യൂജനറേഷൻ സഭകൾ പെന്തെക്കോസ്ത് സഭകളുമായി പ്രകടമായ രണ്ട് വ്യതിയാനങ്ങളാണുണ്ടായത്. അതിൽ പുറമേയുള്ളത് ആഭരണം അനുവദിക്കുന്നു എന്നതാണ്. രണ്ടാമത്തേത് ഉപദേശപരമാണ്. അതിൽ പഴയനിയമത്തിന് പ്രാധാന്യം കുറച്ച് യേശുക്രിസ്തുവിലേക്ക് പ്രസംഗങ്ങൾ കേന്ദ്രീകരിക്കപ്പെട്ടു എന്നതാണ്. എന്നാൽ റാഡിക്കൽ ഗ്രെയ്സിൽ വരുമ്പോൾ യേശുക്രിസ്തുവിനേപ്പോലും പൗലോസിന്റെ വെളിപ്പാടുകളുടെ കണ്ണിലൂടെയേ മനസ്സിലാക്കുവാൻ സാധിക്കൂ എന്നതാണ് അടിസ്ഥാനപരമായ വ്യത്യാസം.




ബ്രദറൺ സഭകൾ പഠിപ്പിക്കുന്ന രക്ഷയുടെ ഭദ്രത എന്ന വാദത്തെ റാഡിക്കൽ ഗ്രെയ്സ് അംഗീകരിക്കുന്നു. കൃപയിൽ വന്നവർക്ക് നിത്യത നഷ്ടപ്പെടില്ല. രക്ഷിക്കപ്പെട്ട ഒരാൾ യേശുക്രിസ്തുവിനെ തള്ളിപ്പറയാതെ രക്ഷ നഷ്ടപ്പെടില്ല എന്നതാണ് റാഡിക്കൽ ഗ്രെയ്സിന്റെ അടിത്തറ. ഇതിൽ പതിയിരിക്കുന്ന ഏറ്റവും വലിയ അപകടം രക്ഷയുടെ ഭദ്രത എന്ന ആശയത്തിന് പ്രചാരം നൽകുമ്പോൾ ദൈനം ദിന ജീവിത വിശുദ്ധിയുടെ ഉപദേശ വിഷയങ്ങൾ ബലഹീനമാകുന്നു എന്നതാണ്. ഈ നേർത്ത അതിർ വരമ്പിൽ റാഡിക്കൽ ഗ്രെയ്സ് പൗലോസിന്റെ ചിന്താധാരക്കും അപ്പുറത്തേക്ക് വിശ്വാസികളെ നയിച്ചേക്കാമെന്നതാണ് ഈ നവ പ്രതിഭാസത്തിന്റെ അപകടം. റാഡിക്കൽ ഗ്രെയ്സിനെക്കുറിച്ചും താനെങ്ങനെ ഇതിലേക്ക് എത്തിപ്പെട്ടു എന്നും ജോസഫ് പ്രിൻസ് എന്തു പറയുന്നു.... അടുത്ത ലക്കം ഹാലേലൂയ്യായിൽ വായിക്കുക.

നേർക്കാഴ്ച : തോമസ് മുല്ലക്കൽ

# തേടിപ്പോയത് യഹൂദരെ കണ്ടെത്തിയത് ലേവ്യരെ

**മഹാരാഷ്ട്രയിലെ പെൻ പട്ടണത്തിൽ ഇപ്പോഴും അഞ്ച് യഹൂദകുടുംബങ്ങൾ പാർക്കുന്നു. ലേവീ വംശജരായ ഇവരെ സന്ദർശിച്ച ഹാലേലൂയ്യ എഡിറ്റർ തോമസ് മല്ലക്കലിന്റെ യാത്രാവിവരണം.**



പെൻസിനഗോഗിലെ മതപരമായ ചുമതലകൾ നിർവ്വഹിക്കുന്ന സാംസൺ പെൻകറും, സീയേൻ പെൻകറും ലേഖകനോടൊപ്പം

ഒരു ഒക്ടോബർ മാസം കൂടി പിന്നിടുമ്പോൾ ഇന്ത്യയിലെ ഞങ്ങളുടെ മിഷണറി ജീവിതത്തിന് രണ്ട് വയസ് തികയുകയാണ്. എത്ര അത്ഭുതകരമായാണോ കൊങ്കണിൽ സുവിശേഷവേലക്കായി ഞങ്ങളെത്തിയത്. അതിലും വലിയ അത്ഭുതങ്ങളും അനുഗ്രഹങ്ങളുമാണ് ഓരോ അനുഭവങ്ങളിലും ദൈവം ഒളിപ്പിച്ചു വച്ചിരിക്കുന്നത്. പാസ്റ്റർ സജി മാത്യു നേതൃത്വം നൽകുന്ന ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഗോഡ് ഇന്ത്യയുടെ മഹാരാഷ്ട്രാ, കർണ്ണാടക, ഗോവ എന്നിവയുടെ തീരദേശമുൾപ്പെട്ട കൊങ്കൺ മേഖലയെ കേന്ദ്രീകരിച്ച് ഞങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന മുംബൈ-കൊങ്കൺ മിഷന്റെ ത്വരിതഗതിയിലുള്ള വളർച്ച തന്നെ ദൈവപ്രവർത്തിയല്ലാതെ മറ്റെന്താണ്? 63 ഗ്രാമങ്ങളിൽ സജീവമായി നടക്കുന്ന സുവിശേഷ/സഭാ പ്രവർത്തനങ്ങൾക്ക് പുറമേ ചേരിനിവാസികളായ നിർധനരും, വലിയ സാമൂഹിക പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നതുമായ കുഞ്ഞുങ്ങൾക്കായി 11 ഫെലോഷിപ്പ് കിഡ്സ് ഗാർഡനുകളും (നഴ്സറികൾ) മിഷന്റെ നേതൃത്വത്തിൽ നടക്കുന്നു. വിളിച്ചിറക്കിയ ദൈവം എത്ര വിശ്വസ്തൻ!

നവിമുംബൈയിലെ പനവേലിൽ എത്തിയപ്പോൾ ആദ്യം ചെയ്തത് കൊങ്കണിനെപ്പറ്റി ഒരു പഠനം നടത്തുകയായിരുന്നു. അവിടുത്തെ ആത്മീയ, സാമൂഹിക, സാംസ്കാരിക മേഖലകളെ അടുത്തറിയുകയായിരുന്നു ലക്ഷ്യം. ശ്രദ്ധയിൽപ്പെട്ട പ്രധാന കാര്യം കൊങ്കണിൽ താമസിക്കുന്ന യഹൂദന്മാരെക്കുറിച്ചുള്ളതാണ്. പനവേലിൽ നിന്നും 35 കിലോമീറ്റർ അകലെക്കിടക്കുന്ന പെൻ (pen) എന്ന സ്ഥലത്ത് ഒരു യഹൂദ സിന്നഗോഗും കുറെ യഹൂദന്മാരുമുണ്ടെന്നറിഞ്ഞപ്പോൾതന്നെ അങ്ങോട്ടു പോകുവാനൊരുങ്ങിയതാണ്. എന്നാൽ കർത്താവ് ഞങ്ങളെ പറഞ്ഞയച്ചത് കഴഞ്ഞ മാസമാണ് മാത്രം. ആരെയും വിളിക്കാതെ ആരുമായും ബന്ധപ്പെടാതെ കണ്ണും പൂട്ടിയൊരു യാത്ര. കൂട്ടിന് ഞങ്ങളുടെ മിഷൻ കോർഡിനേറ്റർ പാസ്റ്റർ അനിൽ വാഗ്മാരെയുണ്ടായിരുന്നു.

പെൻപട്ടണത്തിന്റെ ഏതാണ്ട് മധ്യഭാഗത്താണ് സിന്നഗോഗ് സ്ഥിതി ചെയ്യുന്നത്. ഇടുങ്ങിയ തെരുവിലൂടെ വേണം അതിന്റെ മുന്നിലെത്തുവാൻ. ചുറ്റുമുള്ള വഴികൾ വഴിവാണിഭക്കാർ കയ്യേറിയിരിക്കുകയാണ്. ശാബത് ദിവസം ഏതെങ്കിലും പരിപാടിയുണ്ടാകുമെന്ന് കരുതി ശനിയാഴ്ച ദിവസം രാവിലെ 10 മണിക്ക്തന്നെ അവിടെയെത്തി. പൂട്ടിക്കിടക്കുന്ന ഗേറ്റാണ് ഞങ്ങളെ സ്വാഗതം ചെയ്തത്. യഹൂദാ പള്ളിയോട് ചേർന്നുകിടക്കുന്ന കടയിൽ വിവരം തിരക്കാനൊരുങ്ങിയതും ഒരാൾ ഗേറ്റു തുറക്കുന്ന കാഴ്ചയാണ് കണ്ടത്. എത്ര ഐശ്വര്യകരമായ കാഴ്ച! വാതിൽ തുറന്നത് ഒരു യഹൂദൻ; സർവ്വോപരി ഒരു ലേവ്യൻ! സീയോൻ സാംസൺ പെൻകർ; അതാണയാളുടെ പേര്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു ജനസമൂഹത്തിന്റെ പെന്നിലെ അവസാന കണ്ണി.

സന്തോഷത്തോടെയെങ്കിലും അല്പം സങ്കോചം സീയോന്റെ മുഖത്തുണ്ടായിരുന്നു, ഞങ്ങളെ ഉള്ളിലേക്ക് ക്ഷണിച്ചപ്പോൾ. നൂറ്റമ്പത് വർഷം പഴക്കമുള്ള സിന്നഗോഗിലേക്ക് പ്രവേശിച്ചപ്പോൾ പണ്ടൊരു ശബത്തുനാളിൽ പുസ്തകച്ചുരുൾ നിവർത്തി വായിച്ച നമ്മുടെ സ്വന്തം യഹൂദനെ ഓർമ്മ വന്നു. പരീശന്മാരുടെ കപടഭക്തിയെ കരുണകൊണ്ട് തോല്പിച്ച യഹൂദയുടെ ബാലസിംഹമായ യേശുക്രിസ്തു അദൃശ്യനെങ്കിലും കൂടെയുണ്ടെന്നുള്ള ധൈര്യമാണ് കൈമുതൽ.

പള്ളിക്കുള്ളിൽ ഓരോന്നും സീയോൻ കാണിച്ചുതന്നു. എബ്രായനാണെങ്കിലും എബ്രായ ഭാഷ സീയോന് വലിയ വശമില്ലായിരുന്നു. പ്രസ്തുത ഭാഷയിലുള്ള പല എഴുത്തുകളും എന്താണെന്ന് തിരക്കിയപ്പോഴാണ് താൻ തന്റെ നിരക്ഷരത വെളിപ്പെടുത്തിയത്. എന്നാൽ 89-കാരനായ തന്റെ പിതാവ് ഉടൻ വരുമെന്നും അദ്ദേഹത്തിന് ഇതൊക്കെ അറിയാമെന്നും സീയോൻ കൂട്ടിച്ചേർത്തു.

പഴമയുടെ സൗന്ദര്യമൊന്നും അവകാശപ്പെടാനില്ലെങ്കിലും ഒരു വിശുദ്ധിയുടെ നിലാവ് അവിടെ പരന്നു കിടപ്പുണ്ട്. ദൈവം 'ഇരിക്കുന്ന' വലിയൊരു പീഠം അവിടെയുണ്ട്. പ്രധാന ആകർഷണവും അതുതന്നെ. അത് ഉയർന്നും പൊങ്ങിയുമാണ് ഇരിക്കുന്നത്. ഉയരം കണ്ടാൽ തോന്നും ദൈവത്തിനേ അതിൽ കയറുവാൻ പറ്റൂ എന്ന്. ഉയരം കുറഞ്ഞ ഒരു കസേര അടുത്തായി കിടപ്പുണ്ട്. പിതാക്കന്മാർ തങ്ങളുടെ മക്കളുമായി പ്രസ്തുത കസേരയിലിരിക്കുമ്പോൾ ഉയർന്ന കസേരയിലിരിക്കുന്ന ദൈവം അവരെ അനുഗ്രഹിക്കുമെന്നതിന്റെ പ്രതീകമായിട്ടാണ് അങ്ങനെ ചെയ്യുന്നതെന്ന് സീയോൻ വിശദമാക്കി.



പെന്നിലെ ബെത്ത്-ഹ-എലോഹീം സിനഗോഗിന്റെ ഉൾവശം

സാധാരണ ക്രിസ്തീയ ദേവാലയങ്ങളിൽ കാണുന്നതുപോലെ മക്ബഹയുടെ മാതൃകയിൽ അല്പം ഉയർന്നൊരു സ്ഥാനം സിന്നഗോഗിന്റെ മുന്നിലായുണ്ട്. അവിടെയാണ് പത്തു കല്പനകൾ രേഖപ്പെടുത്തിയ തുകൽച്ചുരുളുകളിരിക്കുന്നത്. പ്രായപൂർത്തിയായ പത്ത് യഹൂദന്മാരെങ്കിലും ഉണ്ടെങ്കിലേ അത് തുറന്നു വായിക്കുകയുള്ളു. ചുരുൾ ഒന്നു കാണാനെങ്കിലും പറ്റുമോ എന്ന് തിരക്കിയപ്പോൾ സീയോൻ വീണ്ടും പത്തിന്റെ കണക്ക് പറഞ്ഞു.

ഇതിനിടയിൽ സീയോന്റെ പിതാവ് സാംസൺ സോളമൻ പെൻകർ സിന്നഗോഗിൽ വന്നു. വളരെ സന്തോഷത്തോടെ ഞങ്ങൾക്ക് വന്ദനം പറഞ്ഞു. പടുവൃദ്ധൻ! ഞങ്ങളെ കണ്ട് നന്നായി ചിരിച്ചു. വന്ന കാര്യങ്ങൾ തിരക്കി. മറാഠി ഭാഷയാണ് തനിക്ക് നന്നായറിയാവുന്നത്. 89 വർഷങ്ങൾക്കുമുമ്പ് പെന്നിലാണ് താൻ പിറന്നത്. പഴയ ചരിത്രങ്ങളൊക്കെ അദ്ദേഹം പറഞ്ഞുതന്നു.

ഇപ്പോൾ അഞ്ചു യഹൂദ കുടുംബങ്ങൾ മാത്രമേ പെന്നിലുള്ളു. ഉള്ളവരിൽ മിക്കവരും വയസ്സായിക്കഴിഞ്ഞു. ബാക്കിയുള്ളവർ യിസ്രായേലിലേക്ക് കുടിയേറിയിരിക്കുന്നു.

യേശുക്രിസ്തുവിനെക്കുറിച്ചും മശിഹായെക്കുറിച്ചുമൊക്കെ ഞങ്ങൾ ചർച്ച ചെയ്തു. യേശു യഹൂദനാണെന്നും, ഞങ്ങളുടെ യേശുവിനെ നിങ്ങൾ കൊണ്ടുപോയെന്നുമൊക്കെ തമാശരൂപത്തിൽ അദ്ദേഹം പറഞ്ഞു. യേശുക്രിസ്തുവാണ് യഥാർത്ഥ മശിഹായെന്നും എത്രയും വേഗം യേശു വന്ന് യിസ്രായേലിന്റെ രാഷ്ട്രം സ്ഥാപിച്ചുകൊടുക്കുമെന്നും ആയിരമാണ്ടു ഭരണം നടത്തുമെന്നുമൊക്കെ പറഞ്ഞപ്പോൾ പിതാവും പുത്രനും മറുപടി ചിരിയിലൊതുക്കി. സീയോന് ജോലി മുനിസിപ്പൽ ഓഫീസിലാണ്. ടാക്സ് ഡിപ്പാർട്ടുമെന്റിൽ. അതിൽ നിന്ന് കിട്ടുന്ന വരുമാനം കൊണ്ടാണ് അഞ്ചംഗ കുടുംബം കഴിയുന്നത്.



സിനഗോഗിന്റെ പുറത്തുനിന്നുള്ള ദൃശ്യം

സിന്നഗോഗിന്റെ കാര്യങ്ങളൊക്കെ എങ്ങനെയാണ് നടക്കുന്നതെന്ന് ചോദിച്ചപ്പോൾ പിതാവ് പറഞ്ഞത് വലിയ ബുദ്ധിമുട്ടാണെന്നാണ്. യിസ്രായേലിൽ നിന്നോ മറ്റോ ഏതെങ്കിലും ഗ്രാന്റ് ലഭിക്കുന്നുണ്ടോ എന്ന ചോദ്യത്തിന്, 'അറ്റകുറ്റ പണികൾക്ക് പോലും പിരിവിനെയാണ്' ആശ്രയിക്കുന്നത് എന്നായിരുന്നു മറുപടി. സാമ്പത്തിക കാര്യങ്ങളിൽ യഹൂദന്റെ ആർത്തിയും പിശുക്കും കുപ്രസിദ്ധമാണല്ലോ!

ശാബത്നാൾ തുടങ്ങുന്ന വെള്ളിയാഴ്ച നാലുമണി മുതൽ ശനിയാഴ്ച വൈകുന്നേരം എട്ടു മണി വരെയുള്ള സമയം സിനഗോഗിന്റെ ഉള്ളിലെ എണ്ണവിളക്കുകൾ അണച്ചുവയ്ക്കും. അല്ലാത്ത സമയങ്ങളിലൊക്കെ വിളക്കുകൾ കത്തിച്ചുവയ്ക്കണം. അതിന് ഒഴിക്കാനുള്ള എണ്ണക്ക് മാസം 1300 രൂപയെങ്കിലും ചിലവാകും. അത് അനേകം സന്ദർഭങ്ങളിൽ നൽകിയത് ചുറ്റുമുള്ള ഹിന്ദുമതവിശ്വാസികളാണ്.

'ബെനെ യിസ്രായേൽ' എന്നറിയപ്പെടുന്ന ഇന്ത്യയിലെ ഏറ്റവും വലിയ യഹൂദ സമൂഹത്തിൽപ്പെട്ടവരാണ് പെന്നിലെ യഹൂദന്മാർ. എ.ഡി.70-ൽ റോമൻ ചക്രവർത്തിയായിരുന്ന ടൈറ്റസിന്റെ കാലത്ത് തകർക്കപ്പെട്ട രണ്ടാമത്തെ യഹൂദ ദേവാലയത്തിന്റെ പതനത്തിന്റെ കാലത്ത് ലോകമെമ്പാടും ചിതറിപ്പോയ യഹൂദന്മാരിൽ ഒരു കൂട്ടർ ഇന്ത്യയിലുമെത്തിയെന്നാണ് വിശ്വസിക്കപ്പെടുന്നത്. നിറയെ യഹൂദന്മാരുമായി ബോംബെ തുറമുഖത്തേക്ക് തിരിച്ച ഒരു വലിയ കപ്പൽ കൊങ്കണിന്റെ സമീപപ്രദേശത്ത് വച്ച് തകരുകയും കേവലം ഏഴു സ്ത്രീകളും ഏഴു പുരുഷന്മാരുമുൾപ്പെടെ14 പേർ മാത്രമാണ് അപകടത്തിൽ നിന്ന് രക്ഷപെട്ടത്. ആലാബാഗിനടുത്തുള്ള നവഗാവൻ എന്ന ഗ്രാമത്തിലാണ് അവർ നീന്തിക്കയറിയത്. മരിച്ച് കരക്കടിഞ്ഞ യഹൂദന്മാരുടെ മൃതദേഹങ്ങൾ അടക്കിയ പുരാതന കല്ലറകൾ ചരിത്രസ്മാരകമായി പ്രസ്തുത ഗ്രാമത്തിൽ ഇപ്പോഴുമുണ്ട്.



'ദൈവം ഇരിക്കുന്നത്' എന്നു വിശ്വസിക്കുന്ന കസേര.

സകലവും നഷ്ടപ്പെട്ട അവർ കൃഷി ചെയ്തും എണ്ണയാട്ടിയുമാണ് ജീവിച്ചിരുന്നത്. നവഗാവനിൽ നിന്നും കൂടുതൽ അനുകൂല സാഹചര്യമുള്ള കൊങ്കണിലെ ഇതര ഗ്രാമങ്ങളായ പെൻ, റോഹ, പാലി, അഷ്ടം എന്നിവിടങ്ങളിലേക്ക് കുടിയേറിപ്പാർത്തു. അവിടവിടങ്ങളിൽ താമസിച്ചിരുന്ന യഹൂദന്മാർ കുടുംബപ്പേരായി (surname) സ്വീകരിച്ചിരുന്നത് പ്രസ്തുത ഗ്രാമങ്ങളുടെ പേരുമായി ബന്ധപ്പെട്ടായിരുന്നു. റോഹയിൽ താമസിച്ചിരുന്നവർ റോഹക്കർ (Rohekar) എന്നും പെന്നിൽ താമസിച്ചിരുന്നവർ (Penkar) എന്നും പേരിനൊപ്പം ചേർത്തു.

പെൻ സിനഗോഗിൽ നിയമപുസ്തകം (Torah) വായിക്കുന്ന സാംസൺ പെൻകറിന്റെ സർനെയിമും അങ്ങനെ വന്നതാണ്. അതുകേട്ടപ്പോൾ എന്റെ കൂടെയുള്ള പാസ്റ്റർ വാഗ്മാരെ പറഞ്ഞത്; "പാസ്റ്ററിന്റെ പേരും പില്ക്കാലത്ത് അറിയപ്പെടുന്നത് തോമസ് ജോർജ്ജ് പെൻകർ എന്നായിരിക്കുമെന്ന്". ഇപ്പോൾ പൻവേൽക്കറാണ് ഞാൻ. ഇനി പെൻകർ ആയിക്കൂടെന്നില്ല. തോമസ് പെൻകർ! എന്തായാലും അതിനൊരു ക്ലാസിക് ടച്ചുണ്ട്!

'ബെനെ യിസ്രായേൽ' എന്നാൽ യിസ്രായേലിന്റെ പുത്രൻ എന്നാണർത്ഥം. ഇവരുടെ പാരമ്പര്യമനുസരിച്ച് എ.ഡി.1000-നും എഡി 1400നും ഇടയിലുള്ള പടിഞ്ഞാറെ ഇന്ത്യയിലെത്തിയ ഡേവിഡ് റഹാബിയെന്ന യഹൂദവ്യാപാരി, ബെനെ യിസ്രായേലിനെക്കുറിച്ച് കേൾക്കുകയും അവരിൽ നിന്ന് സമർത്ഥന്മാരായ മൂന്നു പേരെ തിരഞ്ഞെടുത്ത് തൽമൂദുകളും മറ്റു യഹൂദ ഗ്രന്ഥങ്ങളും യഹൂദപാരമ്പര്യങ്ങളും അവരെ അഭ്യസിപ്പിച്ചു. ഇവർ 'കാജി'കൾ എന്നറിയപ്പെട്ടു. ന്യായാധിപൻ എന്നാണതിന്റെ അർത്ഥം.

18-ാം നൂറ്റാണ്ടായപ്പോഴേക്കും കൊച്ചിയിലെ യഹൂദന്മാരുൾപ്പെടെ മറ്റ് യഹൂദസമൂഹവുമായി ബന്ധപ്പെട്ട മതപരമായ കാര്യങ്ങളിൽ ബെനേ യിസ്രായേലികൾ പങ്കെടുത്തു തുടങ്ങി. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിൽ ഏതാണ്ട് 30,000 ബെനേ യിസ്രായേലികൾ ഇന്ത്യയിലുണ്ടായിരുന്നു. എന്നാൽ 1948-ൽ യിസ്രായേൽ രാഷ്ട്രം നിലവിൽ വന്നതോടെ തളിർക്കുവാൻ തുടങ്ങിയ അത്തിവൃക്ഷത്തിലെ അനേകായിരം തളിരുകളിൽ ബെനേ യിസ്രായേലികളുമുണ്ടായിരുന്നു. 1950-കളിൽ യിസ്രായേലിലേക്കുള്ള കുടിയേറ്റം ത്വരിതഗതിയിലായി. ഇപ്പോൾ ഇന്ത്യയിൽ മൊത്തം രണ്ടായിരത്തിൽ താഴെ ബെനേ യിസ്രായേലികളേ ഉണ്ടാകൂ എന്നാണ് ഏകദേശ കണക്ക്. കുറെയധികം പേർ മുംബൈയിലും താനെയിലുമായി പാർക്കുന്നുണ്ട്.

ഗോരായും കാലായും എന്ന രണ്ട് പ്രധാന ഗ്രൂപ്പുകളാണ് ബെനെ യിസ്രായേലികളുടെ ഇടയിലുള്ളത്. ഹിന്ദി വാക്കുകളായ ഗോരാ (വെളുപ്പ്) യും, കാലാ (കറുപ്പ്)യും സൂചിപ്പിക്കുന്നതുപോലെ നിറമാണ് അവരെ വേർതിരിക്കുന്ന ഘടകം. കറുത്തവർ മറ്റു ജാതികളുമായി ഇടകലർന്നവരാണെന്നാണ് കരുതപ്പെടുന്നത്. 20-ാം നൂറ്റാണ്ടു വരെ ബെൻ യിസ്രായേലികൾ തങ്ങൾ യഹൂദന്മാരെന്ന് സംബോധന ചെയ്തിരുന്നില്ല. ആധികാരിക രേഖകളിലൊക്കെ മതം ചോദിച്ചിരിക്കുന്ന ഭാഗത്ത് ബെനെ യിസ്രായേൽ എന്നാണവർ എഴുതുന്നത്.

ഞങ്ങൾ പെന്നിൽ ചെന്ന് യഹൂദപ്പള്ളി തിരക്കിയപ്പോൾ ആർക്കും അറിയില്ലായിരുന്നു. യിസ്രായേലികളുടെ പള്ളി അറിയാമോ എന്ന ചോദ്യത്തിന് ഒരു സംശയവുമില്ലാതെ ഒരു നാട്ടുകാരൻ വഴി പറഞ്ഞു

ശേഷം പേജ് 8

# ഐ.പി.സി. ഈസ്റ്റേൺ റീജിയൻ കോൺഫ്രൻസ് സമാപിച്ചു



*ഉമ്മൻ എബനേസർ തുമ്പമൺ*

ന്യൂയോർക്ക്: ഐ.പി.സി. നോർത്തമേരിക്കൻ ഈസ്റ്റേൺ റീജിയന്റെ 23-ാമത് വാർഷിക കൺവൻഷൻ ഒക്ടോബർ 11-13 വരെ ന്യൂയോർക്കിൽ നടന്നു. ന്യൂയോർക്ക്, ന്യൂജേഴ്സി, പെൻസിൽവേനിയാ, മെറിലാൻഡ്, കണക്ടിക്കട്ട്, മസാച്ചുസറ്റ്സ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള രണ്ടായിരത്തോളം വിശ്വാസികൾ പങ്കെടുത്ത സമ്മേളനം റീജിയൻ പ്രസിഡന്റ് റവ.പി.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ കെ.ജെ.തോമസ്, റവ. ങ്ങേ കൂപ്പ്മാൻ എന്നിവർ മുഖ്യസന്ദേശം നൽകി. കൂടാതെ റവ.മോനിസ് ജോർജ്ജ്, ഷാജി കാരയ്ക്കൽ, റവ. സാമുവേൽ ജോൺ എന്നിവർ വിവിധ മീറ്റിങ്ങുകളിൽ പ്രസംഗിച്ചു.

ഇംഗ്ലീഷ് മലയാളം സെഷനുകളിൽ നടന്ന ആരാധനാ യോഗങ്ങളിൽ റവ.ജട്ടി ഏബ്രഹാം, റവ.വി.എ.വർഗീസ് എന്നിവർ തിരുവത്താഴ ശുശ്രൂഷ നടത്തി. പാസ്റ്റർമാരായ ബാബു തോമസ്, കെ.പി.ഏബ്രഹാം, ജോൺ തോമസ്, ജിജി വർഗീസ്, മാത്യു ഫിലിപ്പ്, വത്സാ ജോൺസൺ എന്നിവർ അധ്യക്ഷരായിരുന്നു. റീജിയൻ പ്രസിഡന്റ് റവ.പി.ഫിലിപ്പ് , സെക്രട്ടറി ജോസഫ് വില്യംസ് എന്നിവർ നേതൃത്വം നൽകി. ട്രഷറാർ സാം തോമസ് നന്ദി പറഞ്ഞു. റീജിയന് വിവിധ തലങ്ങളിൽ നേതൃത്വം നൽകിയ പാസ്റ്റർ ആന്റണി റോക്കി ഫ്ളോറിഡായിലേക്ക് സ്ഥലം മാറുന്നതിനാൽ റീജിയന്റെ വകയായി പുരസ്കാരം നൽകി ആദരിച്ചു.

## ബദേസ്ഥാ ബൈബിൾ കോളജ് ഗ്രാജുവേഷൻ




ചെന്നൈ: ചെന്നൈയിലുള്ള ഗോമതിപുരം കേന്ദ്രമാക്കി നടന്നു വരുന്ന ബദേസ്ഥാ ബൈബിൾ കോളജിന്റെ ഗ്രാജുവേഷൻ നടന്നു. 82 വിദ്യാർത്ഥികൾ വിജയകരമായി പഠനം പൂർത്തിയാക്കി. കഴിഞ്ഞ 12 കൊല്ലമായി സ്തുത്യർഹമായി ഈ സ്ഥാപനം നടന്നു വരുന്നു. ഡോ.സ്റ്റാൻലി കെ.തോമസ് മുഖ്യപ്രഭാഷകനായിരുന്നു. ഡയറക്ടർ റവ. സണ്ണി താഴാംമ്പള്ളം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കോളജ് ഡീൻ ഡോ.ജോളി ജോസഫ് ബൈബിൾ വിതരണം ചെയ്തു. ഡോ.ഡാനി ജോസഫ്, ജയ്മോൻ തിരുവല്ല തുടങ്ങിയവർ ആശംസ അറിയിച്ചു.

## ബൈബിൾ കൺവൻഷൻ

വരാപ്പുഴ: ഹൈവേ ജംഗ്ഷന് സമീപം ജനുവരി 9-12 വരെ ബൈബിൾ കൺവൻഷൻ നടക്കും. പാസ്റ്റർ ഷിബു നെടുവേലിൽ ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ പാസ്റ്റർ പി.ജെ.ജയിംസ്, പാസ്റ്റർ ജയിംസ് എം. പോൾ, പാസ്റ്റർ ഗർസിം പി.ജോൺ, പാസ്റ്റർ ബി.മോനച്ചൻ എന്നിവർ പ്രസംഗിക്കും. 9961006503

# മദേഴ്സ് പ്രെയർ ഉദ്ഘാടനം ചെയ്തു



ബഹറിൻ: അമ്മമാർ മക്കൾക്ക് വേണ്ടി കരഞ്ഞ് പ്രാർത്ഥിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. തലമുറകളെ ദൈവോന്മുഖമായി വളർത്തുവാനുള്ള നിയോഗം ദൈവം നൽകിയിരിക്കുന്നത് മാതാക്കൾക്കാണ് പാസ്റ്റർ ജേക്കബ് ജോൺ പറഞ്ഞു. ബഹറിനിൽ തുടക്കം കുറിച്ച 'മദേഴ്സ് പ്രയർ' എന്ന പ്രസ്ഥാനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.
ബഹറിൻ ഇമ്മാനുവേൽ സഭയിൽ നടന്ന പ്രത്യേക സമ്മേളനത്തിൽ പാസ്റ്റർ തോമസ് ചാക്കോ അധ്യക്ഷത വഹിച്ചു. പ്രശസ്ത പ്രസംഗക സിസ്റ്റർ സൂസൻ തോമസ് ഈ പ്രാർത്ഥനാ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്നു. എല്ലാ മാസവും ആദ്യ തിങ്കളാഴ്ച മദേഴ്സ് പ്രയർ ഡേ ആയി വേർതിരിച്ച് തുടർച്ചയായി ഒത്തു കൂടി പ്രാർത്ഥിക്കുന്നതിന് ലോകമെങ്ങും പ്രാർത്ഥനാ യൂണിറ്റുകളാരംഭിക്കുവാൻ പദ്ധതിയുള്ളതായി സൂസൻ തോമസ് ഹാലേലൂയ്യായോട് പറഞ്ഞു.

## ലഹരിവിരുദ്ധ യാത്ര




എറണാകുളം: ചേരാനെല്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സുവിശേഷ ജീവകാരുണ്യ സംഘടനയായ സീയോൻ ഗോസ്പൽ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ സെപ്തംബർ 17ന് മദ്യത്തിനും മയക്കുമരുന്നിനും ആത്മഹത്യക്കുമെതിരെ ബോധവത്ക്കരണ വാഹന റാലി പെരുമ്പാവൂരിൽ നടന്നു. പെരുമ്പാവൂർ സി.ഐ.വി.ജോയ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ജയിംസ് എബനേസർ, പാസ്റ്റർ ഫിന്നി പോൾ, പാസ്റ്റർ എ.ജെ.ജോൺസൺ, സാജു പാണിയേലി, എം.സി.വർഗീസ്, ഇവാ.പി.സി.ആന്റണി എന്നിവർ സന്ദേശം നൽകി. പാസ്റ്റർ ജയിംസ് എബനേസർ, പാസ്റ്റർ ഫിന്നി പോൾ, പി.വി. മാത്യു എന്നിവർ നേതൃത്വം നൽകി.




*നെടുങ്കണ്ടം ഷെക്കേനായും കട്ടപ്പന സി.എഫ്.ഐ യും സംയുക്തമായി അഗളി ആദിവാസി മേഖലകളിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണ സന്ദേശവും ഫിലിം പ്രദർശനവും നടത്തി.*










# ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ

പായിപ്പാട്: ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ ഫെബ്രുവരി 13-16 വരെ പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ സെമിനാരി ബോയിസ് ഹോസ്റ്റൽ ഗ്രൗണ്ടിൽ നടക്കും. സഭാ പ്രസിഡന്റ് പാസ്റ്റർ തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ എബി ഏബ്രഹാം, പാസ്റ്റർ തോമസ് മാമ്മൻ, ഡോ.ജയ്സൺ തോമസ്, റവ.വി.സി.യോഹന്നാൻ, എന്നിവർ പ്രസംഗിക്കും.

ബൈബിൾ ക്ലാസ്, പാസ്റ്റേഴ്സ് സെമിനാർ, സണ്ടേസ്കൂൾ യുവജന സമ്മേളനം, വിമൻസ് ഫെലോഷിപ്പ് സമ്മേളനം, സ്നാന ശുശ്രൂഷ എന്നിവയും നടക്കും. റവ.തോമസ് ഫിലിപ്പ് കൺവീനറായി വിവിധ് കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഡോ.ജയ്സൺ തോമസ്, റവ.വി.സി. യോഹന്നാൻ (പ്രോഗ്രാം), കർതൃദാസന്മാരായ പി.റ്റി.മാത്യു (പ്രയർ), ജെ.യേശുദാസ്, പി.എം.കുഞ്ഞുഞ്ഞു കുട്ടി (പബ്ലിസിറ്റി), റ്റി.എസ്.ജോസഫ്, ജിബു നൈനാൻ (ഫുഡ്), തോമസ് മാത്യു (അക്കോമഡേഷൻ), വി.കെ. ഏബ്രഹാം (പാട്ടുപുസ്തകം), റ്റി.എ. പത്രോസ് (അറേഞ്ചുമെന്റ്), എം.ഒ. ജോൺ, റ്റി.എം.പാപ്പച്ചൻ (വോളണ്ടിയേഴ്സ്), എം.ഐ.പീറ്റർ, റ്റി.വൈ. ജോൺസൺ (കർതൃമേശ ക്രമീകരണം), ഷാജി സി.ഡി, ചാക്കോ മത്തായി (ഫിനാൻസ്), റെജി കെ.ഏബ്രഹാം (ക്വയർ), സി.കെ.വിജയൻ (ഓഫീസ്), കെ.എ.തോമസ് (സ്നാനം) എന്നിവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകുന്നു.


Upgrade your Nursing Career to a HIGHER LEVEL

20-ാം നൂറ്റാണ്ടിൽ ലഭിച്ച നഴ്സിംഗ് പഠനം 21-ാം നൂറ്റാണ്ടിൽ ആരോഗ്യമേഖലയ്ക്ക് ഉതകുന്നില്ല. നിങ്ങൾക്ക് ഒരു പക്ഷേ നഴ്സിംഗിന് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും, വർഷങ്ങളോളമുള്ള പ്രവർത്തന പരിചയവും ഉണ്ടെങ്കിൽ പോലും ചിലപ്പോൾ നിങ്ങളുടെ സി.വി. പിന്തള്ളപ്പെടാം....
എന്തുകൊണ്ട് നിങ്ങൾ സ്വപ്നം കാണുന്ന ഉന്നത വിദ്യാഭ്യാസ പദവിയിലേക്ക് എത്തിക്കൂടാ.........? GNM കഴിഞ്ഞവർക്ക് നേരിട്ട് രണ്ടു വർഷം കൊണ്ട് വളരെ ചുരുങ്ങിയ ചിലവിൽ P.C.B.Sc Nursing Degree കരസ്ഥമാക്കാം. B.Sc. Nursing കഴിഞ്ഞവർക്ക് രണ്ട് വർഷം കൊണ്ട് Pediatric, Medical & Surgical, Maternity, Community Health, Psychiatric എന്നീ ശാഖകളിൽ M.Sc. Nursing നേടാം. M.Sc. Nursing നേടിയവർക്ക് Research ലൂടെ Nursing Ph.D കരസ്ഥമാക്കാം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

FOR COUNSELLING & ADMISSION
98471 43030



P.C.B.Sc NURSING
Regular & Correspondance
M.Sc NURSING
Regular & Correspondance

Least Package ● Fees in Easy Installments ● Loan facility

DISHAA FOUNDATION
2nd Floor, sankaramangalam bldgs, Cross junction, Thiruvalla - 1
0469-3250555, 3268555
dishaafoundation@hotmail.com
www.dishaafoundation.com facebook /dishaafoundation


# തേടിപ്പോയത് യഹൂദരെ ....

6-ാം പേജ് തുടർച്ച

തരിക മാത്രമല്ല, അവിടെ കൊണ്ടു ചെന്ന് വിടുകയും ചെയ്തു.

1796-ൽ സാമുവേൽ ദിവേകർ എന്ന യഹൂദനാണ് ആദ്യമായി ഒരു സിനഗോഗ് ഭാരതത്തിൽ നിർമ്മിക്കുന്നത്. ബ്രിട്ടീഷ് ഇന്ത്യൻ സൈനികനായിരുന്ന ഇദ്ദേഹത്തോടൊപ്പം അനേകം ബെനേ യിസ്രായേലികളും അന്ന് സൈന്യത്തിലുണ്ടായിരുന്നു. മൈസൂറിലെ രാജാവായിരുന്ന ടിപ്പു സുൽത്താൻ യുദ്ധത്തിൽ പിടിച്ച ബ്രിട്ടീഷ് സൈനികരെ നിർദ്ദാക്ഷണ്യം കൊലപ്പെടുത്തിയിരുന്നു. എന്നാൽ ബെനേ യിസ്രായേലികളെക്കുറിച്ച് കേട്ട ടിപ്പുവിന്റെ മാതാവ് മകനോട് അവരെ കൊല്ലരുതെന്നും, ഖുറാനിൽ അവരെ സർവ്വശക്തനായ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണെന്ന് പറഞ്ഞിട്ടുണ്ടെന്നും ഓർമ്മിപ്പിച്ചു. അങ്ങനെ ജീവൻ തിരിച്ചുകിട്ടിയ സാമുവേൽ ദിവേക്കറും കൂട്ടരും ദൈവത്തിന് നന്ദി സൂചകമായിട്ടാണ് തെക്കൻ മുംബൈയിൽ 'ഗേറ്റ് ഓഫ് മേഴ്സി' എന്ന സിനഗോഗ് പണിതത്. 1863-ലാണ് പെന്നിലുള്ള ബെത്ത് -ഹ-എലോഹീം സിനഗോഗ് നിർമ്മിച്ചത്. ചില ആഴ്ചകൾക്ക് മുമ്പാണ് ഇതിന്റെ 150-ാം വാർഷികം ആഘോഷിച്ചത്.

ബെനേ യിസ്രായേലികളുടെ സെമിത്തേരി കാണാനായി സീയോന്റെ കൂടെ സിനഗോഗിന്റെ പുറത്തേക്കിറങ്ങുന്നതിന് മുമ്പ് സാംസൺ പെൻകറിനോട് യാത്ര പറയുവാൻ ഒരിക്കൽക്കൂടി തന്റെയടുക്കൽ ചെന്നു. അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽക്കൂടി ജാതികൾക്ക് കിട്ടിയതിൽ എനിക്കും കിട്ടിയതിന്റെ ഒരംശം അദ്ദേഹത്തിന്റെ കയ്യിൽ തിരികെക്കൊടുത്തു. വിറയ്ക്കുന്ന കൈകൊണ്ട് അത് തുറന്നു നോക്കിയിട്ട് എബ്രായ ഭാഷയിൽ ഞങ്ങളെയും അനുഗ്രഹിച്ചു. കിട്ടിയ അനുഗ്രഹവുമായി തൽക്കാലം സിനഗോഗിനോട് വിടചൊല്ലി.

തുടർന്ന് യഹൂദന്റെ കബറിടവും കണ്ടു. മുഴുവൻ കാടുപിടിച്ച് കിടക്കുകയാണ്. വൃത്തിയാക്കിയിടാൻ പണമില്ല. പക്ഷേ ലോകത്ത് ഏറ്റവുമധികം ധനം കൈവശമുള്ളത് യഹൂദന്മാർക്കാണെന്നാണ് സത്യം. പടിഞ്ഞാറൻ രാജ്യങ്ങളിലെ സമ്പത്തിന്റെ സിംഹഭാഗവും അവരുടെ കയ്യിലാണ്. പറഞ്ഞിട്ട് എന്തുകാര്യം!

സീയോൻ ഞങ്ങളുടെ മിനിസ്ട്രിയെക്കുറിച്ച് തിരക്കി. ചേരിനിവാസികളുടെയിടയിൽ ചെയ്യുന്ന പ്രവർത്തനങ്ങളെക്കുറിച്ച് കേട്ടപ്പോൾ തനിക്ക് ആവേശമായി. നിർധനരായ കുഞ്ഞുങ്ങൾക്കായി ഒരു ബാലഭവൻ നിർമ്മിക്കുവാനുള്ള താത്പര്യം ഞങ്ങൾക്കുണ്ടെന്ന് പറഞ്ഞപ്പോൾ സീയോന് സന്തോഷം ഇരട്ടിച്ചു. തന്റെയും ഭാര്യയുടെയും സ്വപ്നവും പ്രാർത്ഥനയുമാണ് അത്തരമൊരു സംഗതിയെന്ന് സീയോൻ പറഞ്ഞിട്ട് ഞങ്ങളെ വീട്ടിലേക്ക് ക്ഷണിച്ചു. ഒരു അനാഥക്കുഞ്ഞിനെ അവർ മകളായി ദത്തെടുത്ത് വളർത്തുന്നുണ്ട്. കയ്യേറിയപ്പോൾ തങ്ങളുടെ സ്വത്തുക്കളെപ്പറ്റി അവർ നെടുവീർപ്പോടെ പറഞ്ഞു. ഇനിയും നഷ്ടമാകാതെ കിടക്കുന്ന സ്ഥലങ്ങൾ ദീർഘകാലത്തെ കരാറിന് വാടകക്ക് തരുവാനും അവർ തയ്യാറാണ്. ഉദ്ദേശം രണ്ടാണ്. ഒന്ന്, സിനഗോഗുകൾ തകർന്നു വീഴാതെ നിലനിർത്തുവാൻ ചിലവിനുള്ള പണം കണ്ടെത്തുക. രണ്ട്, യഹോവയായ ദൈവത്തെ വിശ്വസിക്കുന്ന ഒരു ജാതിയുമായി ചേർന്ന് സമൂഹത്തിന് ഒരു നല്ല കാര്യം ചെയ്യുക.

മുഴുപ്പട്ടിണിക്കാരന്റെ അടുത്ത് അരപ്പട്ടിണിക്കാരൻ ഭക്ഷണമിരക്കുന്നതു പോലെ, അടുത്ത മാസത്തെ ചിലവ് എങ്ങനെ നടത്തുമെന്നറിയാതെ വിശ്വാസത്തിൽ ഓടുന്ന ഫെലോഷിപ്പ് ആശ്രം ചർച്ചിന് സ്വപ്നം മാത്രമല്ലേ കൊടുക്കാനാവൂ! ഒരു സ്വപ്നം പോലെ അമേരിക്കൻ മണ്ണിൽ നിന്ന് കൊങ്കണിലേക്ക് ഞങ്ങളെ കൊണ്ടുവന്നവൻ തീർച്ചയായും സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുമെന്ന് സീയോന് ഉറപ്പുകൊടുത്തു. കേവലം യഹൂദന്റെ സിനഗോഗ് കണ്ട് മടങ്ങിപ്പോകാമെന്ന് കരുതിയ ഞങ്ങളുടെ കൂട്ടുകാരനായി മാറിയത് ദൈവത്തിന്റെ സ്വന്തഗോത്രത്തിൽപ്പെട്ട ഒരു ലേവ്യൻ! "യഹൂദയുടെ ബാലസിംഹമായ യേശു മശിഹായേ, നീ എത്ര മഹത്വമുള്ളവൻ!" എന്ന് പ്രാർത്ഥിക്കാനല്ലാതെ എന്തു ചെയ്യുവാൻ!

## കൺവൻഷൻ

എറണാകുളം: മെസൂസാ മിനിസ്ട്രി കൺവൻഷൻ നവംബർ 15, 16 തീയതികളിൽ പാലാരിവട്ടം എക്ലീഷിയാ ഓഡിറ്റോറിയത്തിൽ നടന്നു. റവ.മനു മേനോൻ, പാസ്റ്റർ ജിബു എറണാകുളം എന്നിവർ പ്രസംഗിച്ചു.

## സുവിശേഷ പ്രവർത്തനം

വെള്ളറട: എച്ച്.എം.ഐയുടെ വെള്ളറട പ്രയർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 21-ന് പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സുവിശേഷ പ്രവർത്തനം നടത്തി. പാസ്റ്റർ ജ്ഞാനദാസ് നേതൃത്വം നൽകി.

## പത്തനാപുരം കൺവൻഷൻ

പത്തനാപുരം; ഐ.പി.സി.പത്തനാപുരം ഡിസ്ട്രിക്ട് കൺവൻഷൻ ഡിസംബർ 25-29 വരെ പത്തനാപുരം ശാലേം ഗ്രൗണ്ടിൽ നടക്കും, പാസ്റ്റർ ഇ.സി.ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്ന മീറ്റിംഗിൽ റവ.സാം ജോർജ്ജ്, പാസ്റ്റർമാരായ ജേക്കബ് ജോർജ്ജ്, ഫിലിപ്പ് പി.തോമസ്, പി.ജെ.ജയിംസ്, സാജു ജോസഫ്, പി.റ്റി.തോമസ്, ഒമേഗ സുനിൽ എന്നിവർ പ്രസംഗിക്കും. സ്പിരിച്ചൽ വോയ്സ് അടൂർ ഗാനശുശ്രൂഷക്ക് നേതൃത്വം നല്കും.

## വൈ.പി.ഇ. താലന്തു പരിശോധന

കോട്ടയം: ചർച്ച് ഓഫ് ഗോഡ് കോട്ടയം വെസ്റ്റ് ഡിസ്ട്രിക്ടിന്റെ വൈ.പി.ഇ.താലന്തു പരിശോധന പാറക്കുളം ദൈവസഭാ ഹാളിൽ നടന്നു. ഡിസ്ട്രിക്ട് ഗോസ്പൽ ടീം സെക്രട്ടറി പാസ്റ്റർ ജേക്കബ് കുര്യാക്കോസ് ഉദ്ഘാടനം നിർവ്വഹിച്ചു. പാറക്കുളം ദൈവസഭ ഒന്നാം സ്ഥാനം നേടി. പാക്കിൽ, കുഴിമറ്റം എന്നീ സഭകൾ 2-ാം സ്ഥാനം പങ്കിട്ടു. പാസ്റ്റർ മോൻസി പുന്നൂസ് നേതൃത്വം നൽകി.

## ഉപവാസ പ്രാർത്ഥന

പാറക്കുളം: ഒക്ടോബർ 28-30 തീയതികളിൽ ചർച്ച് ഓഫ് ഗോഡ് ബഥാന്യ ഹാളിൽ ഉപവാസ പ്രാർത്ഥന നടന്നു. പാസ്റ്റർ കെ.ഇ.ജയ്മോൻ നേതൃത്വം നൽകി.

## ഐ.പി.സി. സോദരീ സമാജം

കുമ്പനാട്: ഐ.പി.സി.കേരളാ സ്റ്റേറ്റ് സോദരീ സമാജം ബൈബിൾ സ്കൂൾ 20-ാമത് ഗ്രാജുവേഷൻ സർവ്വീസ് ഡിസംബർ 18-ന് നടക്കും. പാസ്റ്റർ കെ.സി.തോമസിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ പാസ്റ്റർ ടി.എസ്.ഏബ്രഹാം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും. പാസ്റ്റർ ജേക്കബ് ജോൺ മുഖ്യ പ്രഭാഷണം നടത്തും. സൂസൻ ഏബ്രഹാം, അന്നമ്മ മാത്യു, മോളിക്കുട്ടി നൈനാൻ എന്നിവർ നേതൃത്വം നൽകും.

## വാക്യമെഴുത്ത് മത്സരം

തിരുവനന്തപുരം: തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാക്യമത്സരം നവംബർ 17-ന് നെയ്യാറ്റിൻകര സി.എസ്.ഐ.ജൂബിലി ഹാളിൽ നടക്കും.

## ഡിസ്ട്രിക്ട് കൺവൻഷൻ

പന്തളം: ചർച്ച് ഓഫ് ഗോഡ് പന്തളം ഡിസ്ട്രിക്ടിന്റെ പത്താമത് വാർഷിക കൺവൻഷൻ ഡിസംബർ 4-8വരെ കുളനട സഭാ ഗ്രൗണ്ടിൽ നടക്കും. ഇവാ.പി.ഐ.ഏബ്രഹാം, പാസ്റ്റർമാരായ പി.ജെ.ജയിംസ്, ലാസർ വി.മാത്യു, സണ്ണി കുര്യൻ, പോൾ കൊച്ചറ എന്നിവർ പ്രസംഗിക്കും. ക്രൈസ്റ്റ് സിംഗേഴ്സ് ഗാനങ്ങളാലപിക്കും.

## ഉപവാസപ്രാർത്ഥനയും ഉണർവ്വ് യോഗങ്ങളും

മേൽപ്പാടം: മേൽപ്പാടം ഐ.പി.സി. ഫിലദൽഫ്യാ ചർച്ചിന്റെ ആഭിമുഖ്യത്തിൽ നവം.11 മുതൽ ഡിസം.1 വരെ 21 ദിവസത്തെ ഉപവാസ പ്രാർത്ഥന നടക്കും. അഭിഷിക്തരായ ദൈവദാസന്മാർ പ്രസംഗിക്കും. പാസ്റ്റർ നൈനാൻ ഫിലിപ്പ് ഇവിടെ ശുശ്രൂഷിക്കുന്നു. ഫോൺ 9605478982

## നിരണം യു.പി.എഫ് കൺവൻഷൻ

നിരണം: നിരണത്തും പരിസരത്തുമുള്ള 60-ൽപരം പെന്തെക്കോസ്ത് സഭകളുടെ സംയുക്ത സംരംഭമായ നിരണം യു.പി.എഫിന്റെ 10-ാമത് വാർഷിക കൺവൻഷൻ ഡിസംബർ 12-15 വരെ നിരണം ഡക്ക് ഫാമിന് സമീപം വിവിധ പരിപാടികളോടെ നടക്കും. പാസ്റ്റർ കെ.ടി.ഉമ്മൻ ഉദ്ഘാടനം ചെയ്യുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ കെ.സി.തോമസ്, ടി.ജെ.സാമുവേൽ, പി.സി.ചെറിയാൻ, കെ.എ.ഏബ്രഹാം തുടങ്ങിയവർ പ്രസംഗിക്കും. ബഥേൽ വോയിസ് ഗാനശുശ്രൂഷ നിർവ്വഹിക്കും. പാസ്റ്റർ സാംകുട്ടി നൈനാൻ, ബിനോയ് മാത്യു, ഷിബു ഐപ്പ് തുടങ്ങിയവർ നേതൃത്വം നൽകും.


PASTOR NEEDED
INDIA PENTECOSTAL ASSEMBLY
544 Tipton Road, Irving, Texas 75060
Seeking a full-time Pastor

Qualifications:
- Ordained and Spirit Filled Pentecostal Pastor
- Minimum Bachelor's Degree in Theology
- Married & between the age of 30 & 55 years preferably
- Fluent in English and Malayalam
- Minimum 2 years of experience in the U.S. or outside of India
- U.S. Citizen or Permanent Residence preferably

Please send your resume by December 1, 2013 via email to:
ipa@ipadallas.org

## കൺവൻഷൻ

കായംകുളം: കാപ്പിൽ ഗിൽഗാൽ അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ കൺവൻഷനും ബൈബിൾ ക്ലാസും ഒക്ടോബർ 25, 26 തീയതികളിൽ അഴകത്ത് നടന്നു. പാസ്റ്റർ ജെയ്സ് പാണ്ടനാട് പ്രസംഗിച്ചു.

## പ്രാർത്ഥനക്ക്

എറണാകുളം; ദീർഘവർഷങ്ങളായി കർതൃശുശ്രൂഷ ചെയ്ത പാസ്റ്റർ വൈ.പാപ്പച്ചൻ അത്യാസന്ന നിലയിൽ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ കിടക്കുന്നു. പ്രാർത്ഥന ആവശ്യപ്പെടുന്നു. ഫോൺ: 9895046429

## ഐ.പി.സി. ഛത്തീസ്ഗഡ് 8–ാമത് ജനറൽ കൺവൻഷൻ

ബിലാസ്പൂർ: ഐ.പി.സി.ഛത്തീസ്ഗഡ് സ്റ്റേറ്റ് 8–ാമത് ജനറൽ കൺവൻഷൻ നവംബർ 13–17 വരെ ത്രിവേണി ഭവൻ ബിലാസ്പൂരിൽ നടന്നു. ഐ.പി.സി.സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കുരുവിള ഏബ്രഹാം ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ കെ.ജോയി, ഡോ. ജോയി ഏബ്രഹാം എന്നിവർ മുഖ്യ പ്രസംഗകരായിരുന്നു.

## യുവജന മീറ്റിംഗ്

കല്ലിയൂർ: അപ്പൊസ്തലിക് യൂത്ത് മൂവ്മെന്റിന്റെ കല്ലിയൂർ യൂണിറ്റിന്റെ യുവജന സമ്മേളനം നവംബർ 2–ന് സെൻട്രൽ ഹാളിൽ നടന്നു. ജനറൽ സെക്രട്ടറി ഷൈജു റ്റി.കല്ലിയൂർ അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ സിബി തങ്കച്ചൻ പ്രസംഗിച്ചു. ജോതിഷ് ഏബ്രഹാം. ബിജോയ്, സജു എന്നിവർ നേതൃത്വം നൽകി.

## മേഖലാ സമ്മേളനം

കല്ലിയൂർ: അപ്പൊസ്തലിക് യൂത്ത് മൂവ്മെന്റിന്റെ യുവജന മേഖലാ സമ്മേളനം ഡിസംബർ 14–ന് കല്ലിയൂർ എബനേസർ ഹാളിൽ നടക്കും.

## ബറോഡ കൺവൻഷൻ

ബറോഡ: ഫത്തേഗജ് ഐ.പി.സി. സഭ നാല്പത് വർഷം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ഡിസംബർ 13–15 വരെ ഫത്തേഗജ് റോസറി സ്കൂൾ ഓഡിറ്റോറിയത്തിൽ മൂന്നു ദിവസത്തെ കൺവൻഷൻ നടക്കും, ഐ.പി.സി.ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ശുശ്രൂഷിക്കും. പാസ്റ്റർ തോമസ് പി.തരകൻ ഇവിടെ ശുശ്രൂഷിക്കുന്നു.

## യോഗം നടത്താൻ മുനിസിപ്പൽ സ്റ്റേഡിയം നൽകിയില്ല

തിരുവല്ല: സാക്ഷി അപ്പോളജറ്റിക്സ് നെറ്റ് വർക്കിന്റെ 'സ്നേഹ സന്ദേശം' പ്രോഗ്രാം നടത്താൻ തിരുവല്ല മുനിസിപ്പൽ സ്റ്റേഡിയം നൽകാൻ അധികൃതർ തയ്യാറായില്ല. യോഗത്തിന് മൈക്ക് പ്രവർത്തിപ്പിക്കാനും അനുവാദം പോലീസ് നൽകിയില്ല. നിച്ച് ഓഫ് ട്രൂത്ത് ഡയറക്ടർ എം.എം. അക്ബർ തിരുവല്ലയിൽ ബൈബിളിനും ക്രിസ്തുവിനും എതിരെ നടത്തിയ കപടവാദങ്ങൾക്ക് മറുപടി നൽകാനുള്ള വിശദീകരണയോഗമാണ് രാഷ്ട്രീയ സമ്മർദ്ദത്തിന് വഴങ്ങി തടസ്സപ്പെടുത്താൻ ശ്രമിച്ചത്. എന്നാൽ ഒടുവിൽ തിരുവല്ല ശാരോൺ ഓഡിറ്റോറിയത്തിൽ യോഗം നടത്താൻ സംഘാടകർ തീരുമാനിക്കുകയായിരുന്നു. നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്ത യോഗത്തിൽ ബ്രദർ ജെറി തോമസ്, പാസ്റ്റർ ജെയ്സ് പാണ്ടനാട് എന്നിവർ എം.എം. അക്ബറിന്റെ വാദങ്ങൾക്ക് മറുപടി നൽകി.

## സി.ഇ.എം. ജനറൽ ക്യാമ്പ്

മണക്കാല: 56–ാമത് സി.ഇ.എം.ജനറൽ ക്യാമ്പ് ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിൽ ഡിസംബർ 24–26 വരെ നടക്കും. റവ.ഡോ.റ്റി.ജി. കോശി, റവ,ഡോ.റ്റി.പി.ഏബ്രഹാം, പാസ്റ്റർ ബെൻസൻ മത്തായി, പാസ്റ്റർ ഫിലിപ്പ് ചെറിയാൻ, ഡോ.എബി പി. ബാബു, ബ്രദർ ബ്ലസൻ മേമന, എന്നിവർ വിവിധ സെഷനുകളിൽ ക്ലാസുകൾ നയിക്കും, ജോൺ ജേക്കബ് മുണ്ടുകോട്ടക്കൽ, പാസ്റ്റർ ഏബ്രഹാം മന്ദമരുതി, ഷാജി കെ, ഡോ.ആനി ജോർജ്ജ്, സിസ്റ്റർ പ്രിയാ സാം എന്നിവർ കൗൺസലിംഗ് സെഷനുകൾ നയിക്കും. ഡോ. ബ്ലസൻ മേമന, സ്റ്റാൻലി എന്നിവർ സംഗീത ശുശ്രൂഷ നയിക്കും. പാസ്റ്റർ കുര്യൻ മാത്യു, പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം, പാസ്റ്റർ ജോർജ്ജ് വർഗീസ് എന്നിവർ നേതൃത്വം നൽകും.


# പരസ്യയോഗങ്ങൾ

**യഹോവ നിസ്സി ഗോസ്പൽ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മുതൽ കാസർഗോഡ് വരെ ഡിസംബർ ആദ്യവാരം മദ്യത്തിനും മയക്കുമരുന്നിനുമെതിരെ സ്നേഹസന്ദേശ റാലി നടത്തുന്നു. കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, തൃശൂർ, എറണാകുളം എന്നീ ജില്ലകളിൽ പരസ്യയോഗം നടത്തുവാനാഗ്രഹിക്കുന്നവർ താഴെപ്പറയുന്ന നമ്പറിൽ ബന്ധപ്പെടുക. കൺവൻഷൻ, ക്വയർ സൗണ്ട് സിസ്റ്റം എന്നിവക്കും ബന്ധപ്പെടുക.**

Pr.Ruble Varghese
Jehova Nissy Gospel Ministry
Aluva-683 102
Phone: 9961738946, 9744021063



ബാംഗ്ലൂർ പട്ടണത്തിന്റെ ഹൃദയഭാഗമായ കൊമേഴ്സ്യൽ സ്ട്രീറ്റിൽ
**ആത്മീയ ആരാധനയിലേക്ക് സ്വാഗതം**




ഉപരിപഠനത്തിനോ, ജോലി സംബന്ധമായി കടന്നുവരുന്നവർക്കും ബാംഗ്ലൂരിൽ താമസിക്കുന്നവർക്കും ഐ.പി.സി. ചർച്ച് ഓഫ് ഫെയ്ത്ത് ഒരുക്കുന്ന ആത്മനിറവിലുള്ള ആരാധയിലേക്കും വിടുതൽ ശുശ്രൂഷയിലേക്കും സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്:
പാസ്റ്റർ സിനു ജോയി. 09482523407 (ബാംഗ്ലൂർ)
ഇവ. അജു അലക്സ്. 9847898554 (കേരളം)



വരാപ്പുഴ അതിരൂപതയുടെ ആസ്ഥാനത്ത്
**3–ാമത് ബൈബിൾ കൺവൻഷൻ**

സ്ഥലം : വരാപ്പുഴ ഹൈവേ ജംഗ്ഷന് സമീപം
തീയതി : 2014 ജനുവരി 9,10,11,12
വ്യാഴം, വെള്ളി, ശനി, ഞായർ 6.00 pm to 9.00 pm

പ്രസംഗകർ
പാസ്റ്റർ ഷിബു നെടുവേലിൽ
" P.J ജെയിംസ്
" ജെയിംസ് M. പോൾ
" ഗർസിം P. ജോൺ
" B. മോനച്ചൻ

കൂടുതൽ വിവരങ്ങൾക്ക്
Pr. P.C. Joseph
IPC Ebenzar, Varapuzha P.O.,
Pin - 683517, Ernakulam.
Ph: 9961006503, 9447980228
e-mail: pcjosephipc@gmail.com



പ്രാർത്ഥിപ്പിൻ, സംബന്ധിപ്പിൻ, അനുഗ്രഹം പ്രാപിപ്പിൻ



വീട്ടമ്മമാർക്ക് ഒരു സന്തോഷവാർത്ത
വൃത്തിയുള്ള അടുക്കള
വെടിപ്പുള്ള ഭവനം
**CLEAN & BRIGHT**
LIQUID SOAP
KOTTAYAM - 686521



കഴിഞ്ഞ ഒൻപതു വർഷങ്ങളായി ഉപഭോക്താക്കളിൽ നൂറു ശതമാനം ജനസമ്മിതി നേടിയിട്ടുള്ളതും ഒരിക്കൽ ഉപയോഗിച്ചവർ വീണ്ടും വീണ്ടും ചോദിച്ചു വാങ്ങുന്നതും ലോകോത്തര ഗുണനിലവാരം പുലർത്തുന്നതും അലർജി നിമിത്തം യാതൊരുസോപ്പുല്പന്നങ്ങളും ഉപയോഗിക്കുവാൻ പാടില്ലാത്തവർ തിരഞ്ഞെടുക്കുന്നതുമായ ക്ലീൻ ആന്റ് ബ്രൈറ്റ് സോപ്പ് ലിക്വിഡ് അയൽവീടുകൾ, അയൽക്കൂട്ടങ്ങൾ, കുടുംബശ്രീകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക. ഉയർന്ന കമ്മീഷൻ നൽകുന്നു. ഗുണത്തിൽ മെച്ചം വിലയിൽ തുച്ഛം.

**ശുശ്രൂഷകന്മാരുടെ ശ്രദ്ധക്ക്: സഭകളിൽ സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന സഹോദരീസഹോദരന്മാർക്കു വേണ്ടി ധൈര്യമായി ശുപാർശ ചെയ്യാവുന്നതാണ്.**

കൂടുതൽ വിവരങ്ങൾക്ക് :9495509822



**ചെന്നൈ പോരൂരിലേക്ക് സ്വാഗതം**
ആത്മീയ ആരാധന
**I.P.C.BETHEL ASSEMBLY PORUR**
Samayapuram, 7th Street, 15/2 Canara Bank Road

മലയാളം ആരാധനക്കും, പ്രാർത്ഥനാവശ്യങ്ങൾക്കും, കൗൺസലിംഗ്, ബൈബിൾ സ്റ്റഡി മുതലായവക്ക് വിളിക്കുക.

Near Sri Ramachandra Medical College & Miot Hospital
Time: ആരാധന: 9AM - 11.30AM
സണ്ടേസ്കൂൾ: 8.15 AM to 9AM

For more details: 07305869434, 07200005325, 08056037717



**Attention NURSES**

ONE DECADE OF EXCELLENT SERVICES IN COUNSELLING, GUIDANCE & ADMISSION

നിങ്ങൾ സ്വപ്നം കാണുന്ന ഉയരങ്ങളിലെത്തുവാൻ ഇപ്പോഴത്തെ നിങ്ങളുടെ വിദ്യാഭ്യാസം കുറവെന്ന് തോന്നുന്നുവോ? നിങ്ങൾക്കും നേടാം നേഴ്സിംഗ് മേഖലയിൽ ഉയർന്ന തസ്തികയും ശമ്പളവും... **ജനറൽ നേഴ്സിംഗ് കഴിഞ്ഞവർക്ക് ജോലിയോടൊപ്പം പഠനവും നടത്തി ഡിഗ്രി കരസ്ഥമാക്കാം(P.C.B.Sc). ബി. എസ്. സി നഴ്സിംഗ് കഴിഞ്ഞവർക്കും എം. എസ്. സി. നഴ്സിംഗിനും സുവർണ്ണാവസരം.....**

**P.C. B.Sc.(N) | M.Sc.(N)**
REGULAR & CORRESPONDENCE

CALL @ 9947963438
9847170530



CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION

AMPRAYIL BLDGS, YMCA JN.,T.K. ROAD
THIRUVALLA PH 0469-2620999, 2606002
Email: careereducationtvla@gmail.com

## യാത്രയായവർ

### പാസ്റ്റർ ജി.മുത്തയ്യൻ



വെള്ളറട: ഐ.പി.സി.വെള്ളറട സെന്ററിലെ ഒറ്റശേഖരമംഗലം തുടലി സഭാ ശുശ്രൂഷകനും തുടലി സീയോൻ മന്ദിരത്തിൽ കുടുംബാംഗവുമായ പാസ്റ്റർ ജി.മുത്തയ്യൻ 61, ഒക്ടോബർ 22-ന് നിര്യാതനായി. സംസ്കാരം നടന്നു. ഭാര്യ: ജാനറ്റ്, മക്കൾ പാസ്റ്റർ എം.ജെ.രാജി, പാസ്റ്റർ ഷാജി, മരുമക്കൾ: ഷിജാ, സുനിത

### പാസ്റ്റർ കെ.എസ്. സാമുവേൽ

പുറമറ്റം: ഗ്യാലക്സി നഗർ കിഴവറക്കാലായിൽ എബനേസർ വീട്ടിൽ പാസ്റ്റർ കെ.എസ്.സാമുവേൽ (സാംസാർ-66) നിര്യാതനായി. കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് റിട്ട. അക്കൗണ്ട്സ് ഓഫീസറായിരുന്നു. ഐ.പി.സി.പീരുമേട് സെന്ററിൽ ശുശ്രൂഷകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. വേദാധ്യാപകനും പ്രസംഗകനുമായിരുന്നു. ഭാര്യ: തിരുവല്ലാ ആമല്ലൂർ എഴിയിൽ അമ്മിണിക്കുട്ടി. മക്കൾ: പ്രിൻസി (ടീച്ചർ ഗവ. ഹൈസ്കൂൾ, വയനാട്), എബി (ഓഡിറ്റർ ദുബായ്), പ്രെയ്സി (ഒപ്റ്റോമെട്രിസ്റ്റ്) മരുമക്കൾ: പാസ്റ്റർ ബെൻസി വി.ജോൺ (വയനാട്), സൂസൻ എബി (ലേക്ഷോർ ഹോസ്പിറ്റൽ എറണാകുളം), ബ്ലസൻ വി.ജോയ് (ടാറ്റാ മോട്ടോഴ്സ്, കോട്ടയം)



### തോമസ് മാത്യുവിന്റെ ഭാര്യാ മാതാവ്



തിരുവനന്തപുരം: കാട്ടാക്കട ബഥനി ബൈബിൾ കോളജ് പ്രിൻസിപ്പാളും യുണൈറ്റഡ് ക്രിസ്ത്യൻ ഫെലോഷിപ്പ് ഓഫ് ഇന്ത്യാ പ്രസിഡന്റും ഗോസ്പൽ മിഷൻ ഫോർ ഇന്ത്യാ ചെയർമാനും, ദി ഗോസ്പൽ ട്രംബറ്റ് മാനേജിംഗ് എഡിറ്ററുമായ റവ. തോമസ് മാത്യുവിന്റെ ഭാര്യാ മാതാവ് ചൂണ്ടുപലക ബഥനിയിൽ ജെ.ബേബി ടീച്ചർ (68) ഒക്ടോബർ 24-ന് നിര്യാതയായി. സോദരീ സമാജം പ്രസിഡന്റ്, സണ്ടേസ്കൂൾ ഹെഡ്മിസ്ട്രസ്, ടീച്ചർ, സാമൂഹിക പ്രവർത്തക എന്നീ നിലകളിൽ ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. മകൾ റിനി തോമസ് യുണൈറ്റഡ് ക്രിസ്ത്യൻ ഫെലോഷിപ്പ് ഓഫ് ഇന്ത്യാ സുവിശേഷ പ്രസംഗക, അധ്യാപിക(ബഥനി)

### വി.ഐ.വർഗീസ്



നിലമ്പൂർ: മലബാർ തിയോളജിക്കൽ കോളജ് പ്രസിഡന്റ് പാസ്റ്റർ ജയിംസ് വർഗീസിന്റെ പിതാവ് വി.ഐ.വർഗീസ് (83) നവംബർ 4-ന് നിര്യാതനായി. കോട്ടയം മുണ്ടത്താനത്ത് വെളുത്തമോടയിൽ കുടുംബാംഗമാണ്. 1950-ൽ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ശേഷം 1956-ൽ കുമ്പനാട് ഹെബ്രോനിൽ വേദപഠനം നടത്തി. തുടർന്ന് പാസ്റ്റർ ജോർജ്ജ് വർഗീസിനോടൊപ്പം ചില വർഷങ്ങൾ കർതൃശുശ്രൂഷ ചെയ്തു. കെ.ഇ.ഏബ്രഹാമിന്റെ പ്രസംഗങ്ങൾ ഏറ്റു പറയുന്നതിന് അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. മരണത്തെക്കുറിച്ചും, അടക്കശുശ്രൂഷയെക്കുറിച്ചും സഭാ ശുശ്രൂഷകനെ അറിയിച്ചിരുന്നു. സംസ്കാര ശുശ്രൂഷയിൽ പാസ്റ്റർമാരായ കെ.സി.ഉമ്മൻ, സണ്ണി ജോർജ്ജ്, സി.സി.ചാക്കോ, കെ.ഐ.വർഗീസ്, പാസ്കൽ, കെ.ജെ.വർഗീസ് എന്നിവർ ശുശ്രൂഷിച്ചു. ചർച്ച് ഓഫ് ഗോഡ് ഡിസ്ട്രിക്ട് പാസ്റ്റർ ബിനു പി.ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.
മക്കൾ: പാസ്റ്റർ ജെയിംസ് വർഗീസ് (എം.റ്റി.സി.പ്രസിഡന്റ്), ഡോ.വിവി. തോമസ് (പ്രൊഫ.യൂണിയൻ ബിബ്ലിക്കൽ സെമിനാരി), തങ്കമ്മ, ഓമന, സൂസൻ, ജെയ്നാമ്മ

### തങ്കമ്മ സാമുവേൽ



പത്തനാപുരം: കുറ്റിക്കാട്ട് പരേതനായ കെ.എം.സാമുവേലി (റിട്ട.ഉദ്യോഗസ്ഥൻ പുനലൂർ പേപ്പർ മിൽ)ന്റെ ഭാര്യയുമായ തങ്കമ്മ സാമുവേൽ (86) നവംബർ 9-ന് നിര്യാതയായി. പത്തനാപുരം തെക്കേടത്ത് വളവുകയത്തിൽ കുടുംബാംഗമാണ്. സംസ്കാരം ഐ.പി.സി. ശാലേം ചർച്ചിൽ നടന്നു.
മക്കൾ: ഏബ്രഹാം സാമുവേൽ (മോനി യു.എസ്.എ)-അന്നമ്മ ഏബ്രഹാം (സരസു), വർഗീസ് സാമുവേൽ(സാമു)-മറിയാമ്മ വർഗീസ് (മോളി), ജോർജ്ജ് സാമുവേൽ (ജോർജ്ജ്കുട്ടി, മസ്ക്കറ്റ്)-ഐവി ജോർജ്ജ് (ബെൽസി), ഡോ.ജേക്കബ് സാമുവേൽ (ബാബു)-ഡെയ്സി ജേക്കബ് (സജി), അഡ്വ.ജേക്കബ് സാമുവേൽ -ഡോ.ഷേർലി ജോൺസൺ, പരേതനായ റോയി സാമുവേൽ

### റവ.ബാബു എം.ജോൺ



ഫ്ളോറിഡാ: ഗ്രീൻ മെഡോ ചർച്ച് ഓഫ് ഗോഡ് സ്ഥാപക ശുശ്രൂഷകൻ കോട്ടയം മണർകാട് വെള്ളൂർ മടക്കൽ പാസ്റ്റർ ബാബു എം.ജോൺ (62) നിര്യാതനായി. ഫ്ളോറിഡയിലെ ഗ്രീൻ മെഡോസ് ചർച്ച് ഓഫ് ഗോഡിന്റെ സീനിയർ പാസ്റ്റർ ആയിരുന്നു.
കോട്ടയം ബസേലിയസ് കോളജിൽ നിന്നും 1971-ൽ കെമിസ്ട്രിയിൽ ബിരുദം നേടിയ കാലത്താണ് പൂർണ്ണ സമയം സുവിശേഷ വേലക്ക് വേണ്ടി ദൈവവിളി അദ്ദേഹത്തിന് ലഭിച്ചത്. സതേൺ ഏഷ്യാ ബൈബിൾ കോളജിൽ നിന്നും റിലീജിയസ് എജ്യുക്കേഷനിൽ ബിരുദാനന്തര ബിരുദം സമ്പാദിച്ച ശേഷം 1975 മുതൽ സഭാ ശുശ്രൂഷയിൽ വ്യാപൃതനായി. 1982-ലാണ് കുടുംബ സമേതം ഇമിഗ്രന്റ് വിസയിൽ ഫ്ളോറിഡായിൽ എത്തിയത്. ഭാര്യ സൂസൻ ബി.ജോൺ പ്രമുഖ ക്രൈസ്തവ ഗാന രചയിതാവും കവിയത്രിയുമാണ്. മക്കൾ ജെമി ജേക്കബ്, ജെസ്സി സൂസൻ, മരുമകൻ: ജിജു ജേക്കബ്. സഹോദരങ്ങൾ: സഞ്ജു ജോൺ, മേരി ജോൺ,

## മെഗാ ബൈബിൾ ക്വിസ് ബ്യൂലാ ജോസഫിന് ഒന്നാം സ്ഥാനം

വള്ളിച്ചൽ: ദി സൗത്ത് ഇന്ത്യാ അപ്പൊസ്തലിക് ചർച്ച് ഓഫ് ഗോഡിന്റെ യുവജനവിഭാഗമായ അപ്പൊസ്തലിക് യൂത്ത് മൂവ്മെന്റ് (എ.വൈ.എം.) 21 ലേഖനങ്ങളെ ആസ്പദമാക്കി സംഘടിപ്പിച്ച 4-ാമത് മെഗാ ബൈബിൾ ക്വിസ് മത്സരത്തിൽ കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി 600-ലധികം പേർ പങ്കെടുത്തു. ഒന്നാം സമ്മാനത്തുകയായ 25000 രൂപ തിരുവനന്തപുരം നാലാംചിറ ഐ.പി.സി.സഭാംഗം ബ്യൂലാ ജോസഫും, 2-ാം സമ്മാനത്തുകയായ 10000 രൂപ നെയ്യാറ്റിൻകര എസ്.ഐ.എ.ജിയിലെ ജിൻസിയും, മൂന്നാം സമ്മാനത്തുകയായ 5000 രൂപക്ക് വിഴിഞ്ഞം ഐ.പി.സി.യിലെ ശാലിനിയും കരസ്ഥമാക്കി. പ്രോത്സാഹന സമ്മാനമായി 1000രൂപ വീതവും നൽകി. വിജയികൾക്ക് വള്ളിച്ചൽ ധനലക്ഷ്മി ഓഡിറ്റോറിയത്തിൽ നടന്ന അപ്പൊസ്തലിക് ചർച്ച് ഓഫ് ഗോഡിന്റെ 33-ാമത് വനിതാ സമ്മേളന വേദിയിൽ എ.വൈ.എം.പ്രസിഡന്റ് റിജോ തോമസിന്റെ അദ്ധ്യക്ഷതയിൽ എസ്.ഐ.എ.ജി.ജനറൽ സെക്രട്ടറി പാസ്റ്റർ ജെരമിയാ സുന്ദരം ക്യാഷ് സർട്ടിഫിക്കറ്റുകളും നൽകി. ജനറൽ സെക്രട്ടറി ഷൈജു റ്റി.കല്ലിയൂർ ആശംസ അറിയിച്ചു.

## ബാംഗ്ലൂർ പെന്തെക്കോസ്ത് സമ്മേളനം സമാപിച്ചു

ബാംഗ്ലൂർ: ബാംഗ്ലൂർ മലയാളി പെന്തെക്കോസ്ത് സമ്മേളനമായ പെന്തെക്കോസ്ത് 2013 സൗത്ത് ഇന്ത്യാ എ.ജി.സെൻട്രൽ ഡിസ്ട്രിക്ട് അസിസ്റ്റന്റ് സൂപ്രണ്ട് പാസ്റ്റർ റ്റി.ജെ. ബെന്നി ഉദ്ഘാടനം ചെയ്തു.

## കർണ്ണാടക ഐ.പി.സി.ശുശ്രൂഷക സമ്മേളനം സമാപിച്ചു




ബാംഗ്ലൂർ ഹൊറമാവ്: ഐ.പി.സി. ഹെഡ് ക്വാർട്ടേഴ്സ് ഹാളിൽ ഒക്ടോബർ 23-25 വരെ നടന്ന കർണ്ണാടക സ്റ്റേറ്റ് ഐ.പി.സി.ശുശ്രൂഷക സമ്മേളനം പ്രസിഡന്റ് പാസ്റ്റർ വിത്സൻ ജോസഫ് ഉദ്ഘാടനം ചെയ്തു, പാസ്റ്റർമാരായ ബാബു ചെറിയാൻ, ഇ.ഡി.ചെല്ലദുരൈ, എം.ജെ.ഡേവിഡ്, ഡോ.ഇടിച്ചെറിയാ നൈനാൻ എന്നിവർ പ്രസംഗിച്ചു. പാസ്റ്റർമാരായ റ്റി.ഡി.തോമസ്, വി.ഡി.ജോൺ, ജോർജ്ജ് തോമസ്, ജോയ് ഏബ്രഹാം, പി.എ.ജോൺസൺ, കെ.കെ.സാജൻ, തങ്കച്ചൻ ബഞ്ചമിൻ, വർഗീസ് മാത്യു എന്നിവർ അധ്യക്ഷരായിരുന്നു. തിരുവത്താഴ ശുശ്രൂഷകൾക്ക് പാസ്റ്റർ വിത്സൻ ജോസഫ് നേതൃത്വം നൽകി. പുതിയതായി 24 പേരെ പാസ്റ്റർമാരായും, 34 പെരെ ഇവാഞ്ചാലിസ്റ്റുമാരായും തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ടവർക്ക് വേണ്ടിയുള്ള അനുഗ്രഹ പ്രാർത്ഥന പാസ്റ്റർ സാം ജോർജ്ജ് നിർവ്വഹിച്ചു. കർണ്ണാടകയുടെ വിവിധ ജില്ലകളിൽ നിന്നും, ഗോവ, തമിഴ്നാടിന്റെ ഇതര ഭാഗങ്ങലൾ എന്നിവിടങ്ങളിൽ നിന്നുമായി അഞ്ഞൂറിലധികം ശുശ്രൂഷകർ പങ്കെടുത്തു. പാസ്റ്റർമാരായ കെ.എസ്.ജോസഫ്, റ്റി.ഡി.തോമസ്, ബ്രദർ പി.ഒ.സാമുവേൽ എന്നിവർ നേതൃത്വം നൽകി.


**ARMY OF JESUS GOSPEL MINISTRIES**

ഇന്ത്യയിലെ 21 സംസ്ഥാനങ്ങളിൽ 10,000ൽപ്പരം പ്രാർത്ഥനാ പോരാളികൾ നിരന്തരമായി പ്രാർത്ഥിക്കുന്നു. വിശ്വാസത്തോടുകൂടി വിളിക്കുക. പ്രത്യേകമായി കൗൺസലിംഗ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**പാസ്റ്റർ അനിയൻകുഞ്ഞ് ജോർജ്ജ്**
ARMY OF JESUS GOSPEL MINISTRIES
Malayattoor P.O.,
Kalady via Ernakulam Dt., Ph:
+91 9846821874,
armyofjesusprayergroup@gmail.com

**കോയമ്പത്തൂരിൽ ആത്മീയ ആരാധന**
(IPC, CHAVADY)

**സ്ഥലം: പാലക്കാട്–കോയമ്പത്തൂർ റൂട്ടിൽ കെ.കെ.ചാവടിക്ക് സമീപം**
*സമയം:* **ആരാധന (ഞായർ 10.00 – 12.30), ഉപവാസ പ്രാർത്ഥന (വെള്ളി 10.30–1.00)**
കൂടാതെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള കൗൺസലിംഗ്, പ്രാർത്ഥന എന്നിവയും നടത്തപ്പെടുന്നു.
**Pr.J.Johnson/Ph:9751599201**
**email: knowword@gmail.com**

**തിരുവനന്തപുരത്ത് സെല്ലാറുകൾ വില്പനക്ക്**

തിരുവനന്തപുരത്ത് നെട്ടയം മലമുകളിൽ 12 അടി വഴി frontage ഉള്ള സെല്ലാറുകൾ (കല്ലറകൾ) വില്പനക്ക്.

**ഫോൺ: 8714229702, 8547702705**

**GRACE COUNSELING CENTER**
**K.P.ROAD, KAYAMKULAM**

കായംകുളം ഗ്രെയ്സ് കൗൺസലിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സഭാ ശുശ്രൂഷകന്മാർക്ക് വേണ്ടി പ്രത്യേകം കൗൺസലിംഗ് കോഴ്സ് ആരംഭിക്കുന്നു. കാലാവധി ഡിസംബർ മുതൽ മൂന്നു മാസം ആയിരിക്കും. സഭാ വിഭാഗ വ്യത്യാസമെന്യേ എല്ലാ ശുശ്രൂഷകന്മാർക്കും പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

**GRACEAMMA DAVID (Director)**
**Ph: 9447952103 (Mob), 0479-2441114**

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം"

**ഡി.പി.എം. ഇന്ത്യ ഒരുക്കുന്ന ഡിവൈൻ ഫെസ്റ്റിവൽ**

**സുവിശേഷ യോഗവും സംഗീതവിരുന്നും**

**2013 ഡിസംബർ 04 മുതൽ 08 വരെ കടൂക്കോയിക്കൽ ഗ്രൗണ്ട് (YMCA Jn.) പള്ളിപ്പാട് (ഹരിപ്പാട്)**
**രാവിലെ 9.30 മുതൽ 1.30 വരെ വൈകിട്ട് 5.30 മുതൽ 9.00 വരെ**

ഉദ്ഘാടനം:
**പാസ്റ്റർ. എം.വി. വർഗ്ഗീസ്**
ഐ.പി.സി. ജനറൽ മിനിസ്റ്റർ

പ്രസംഗകർ: പാസ്റ്റർ ടി.ജെ. ശാമുവേൽ, പാസ്റ്റർ പി.സി. ചെറിയാൻ, ഡോ. ജോൺ കെ. മാത്യു, പാസ്റ്റർ ബാബു ചെറിയാൻ
പാസ്റ്റർ ജോയി പാറയ്ക്കൽ, പാസ്റ്റർ വർഗ്ഗീസ് ബേബി, പാസ്റ്റർ എം.കെ. സ്കറിയ, ബ്രദർ ബിജിൻ കെ. എബ്രഹാം

*ഗാനശുശ്രൂഷ :* ഗോസ്പൽ എക്കോസ്, തിരുവല്ല. ബ്രദർ. തഞ്ചാവൂർ വില്യംസ് (തമിഴ്നാട്)

Contact : DPM INDIA | PH: 9526766741 | 9497245329 | 9400444490 | e-mail: dpm4india@gmail.com | www.dpmindia.org

# ഹാലേലൂയ്യ matrimony

Every good gift and every perfect gift is from above, coming down from the Father of lights

Since : 1988
GRACE Visual media
make your dream reality
Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc....,Advertising, Fashion Photography, Cinimatography, Video Album Direction & Event plus...Tension free events...
Direction: HEBORN DAVID (sabu)
Grace Visual Media Shoranur, palakkad Dt., Kerala, S- India
09447255475, 09447370979
www.gracevisualmedia.com, E-mail: gracevisual@gmail.com
HIGH DEFINITION PHOTOGRAPHY & VIDEO GRAPHY

**മക്കളുടെ വിവാഹത്തിന് ഒരു ടെലിഫോൺ കോളും 500 രൂപയും**

ഹാലേലൂയ്യായിൽ വിവാഹ പരസ്യം പ്രസിദ്ധീകരിക്കുവാൻ താത്പര്യപ്പെടുന്നവർക്ക് ടെലിഫോൺ വഴിയും പരസ്യങ്ങൾ നൽകാവുന്നതാണ്.

**93495 00155, 0469-3290355**

പാരമ്പര്യ പെന്തെക്കോസ്ത് കുടുംബത്തിലെ യുവതി 26, 158, വെളുത്ത നിറം, M.Sc നഴ്സിംഗ് സ്വദേശത്തോ വിദേശത്തോ ജോലിയുള്ള ആത്മീയരായ പെന്തെക്കോസ്ത് യുവാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**09961339111, 09447339111, 0474-2451109**
**email: rajimolshiji@yahoo.in**

NRI Pentecostal parents invite matrimonial proposals from born again, baptized, professionally qualified boys, working abroad for their daughter, born again, baptized, family oriented with good spiritual and moral values. She is 27/5'2, born and brought up in Middle East and she is holding B.Tech Degree and currently working in a reputable Research Institute. If interested please respond with details and recent photograph to:
**godisgraceful@gmail.com**
**Phone: 009655 5449757, +965 55449757**

Suitable alliance invited for a believer Christian girl, convent educated, MA.M.Phil Degree, 162 cms, 28 years, born and brought up in Delhi, working with a reputable Non-Profit Organization as Senior executive from parents of born again, professionally qualified boys. please contact:
**thankamma.kottarathil@gmail.com**
**09891368325**

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് 28, +2, വെളുത്ത നിറം, Business ചെയ്യുന്നു. ജോലി ഉള്ളതോ ഇല്ലാത്തതോ ആയ പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്ന് അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. ഹിന്ദു ബാക്ഗ്രൗണ്ടിൽ നിന്നുള്ളവരെയും പരിഗണിക്കും.
**9645380328, 9645312959**

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് 28, 164 സെമീ, വെളുത്ത നിറം, +2, ITI, Muscat, Machine Operator ആയി ജോലി ചെയ്യുന്നു. സാധാരണ കുടുംബം, അനുയോജ്യരായ ജോലിയുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9961156301**

തന്റേതല്ലാത്ത കാരണത്താൽ വിവാഹബന്ധം നിയമപ്രകാരം വേർപെടുത്തിയ ബാധ്യതയില്ലാത്ത സിറിയൻ ക്രിസ്ത്യൻ സുവിശേഷകൻ 38, 5'5, നല്ല ആത്മീയരായ പെന്തെക്കോസ്ത് യുവതികളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**8281270047, 9444636828**

റിട്ടയേർഡ് ഗവൺമെന്റ് ഉദ്യോഗസ്ഥന്റെ മകൾ ചേരമർ ക്രിസ്ത്യൻ യുവതി 25, 5'4, വെളുത്ത നിറം, B.Sc Fashion Technology, ഇപ്പോൾ ബാംഗ്ലൂരിൽ എം.ബി.എ. ചെയ്യുന്നു. അനുയോജ്യമായ വിദ്യാഭ്യാസ യോഗ്യതയുള്ള ജോലിയുള്ള പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9447782223, 04734-261270**

പെന്തെക്കോസ്ത് യുവാവ് 37, 153, Crane Operator ആയി അബുദാബിയിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
പെന്തെക്കോസ്ത് യുവാവ് 30, 160, B.Th (ഡെറാഡൂൺ),MBA ജോലിയോടു കൂടി സുവിശേഷ വേല ചെയ്യുന്നു. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട്, നല്ല വിദ്യാഭ്യാസമുള്ളതും, ഉയർന്ന ആത്മിക നിലവാരം പുലർത്തുന്നതുമായ പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9745811190**

വിദേശത്ത് ജോലിയുള്ള നവംബർ ആദ്യം നാട്ടിൽ വരുന്ന പെന്തെക്കോസ്ത് യുവതി, 24, 5'5" വെളുത്ത നിറം, B.Sc Nurse, വിദേശത്ത് ജോലിയുള്ള പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9447353164, 0469-2660122**

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി ഏകമകൾ 29, 5'4, വെളുത്ത നിറം, M.Sc (Chemistry), എറണാകുളത്ത് ജോലി ചെയ്യുന്നു. അനുയോജ്യരും, ആത്മീയരും, ഉന്നത വിദ്യാഭ്യാസ യോഗ്യതയുമുള്ള എറണാകുളത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**0484-2839823, 8281853165**
**samueljohn53@ymail.com**

കുവൈറ്റിൽ എഞ്ചിനിയറായി ജോലിയുള്ള സ്വതന്ത്ര സഭാ പെന്തെക്കോസ്ത് യുവതി 31, 167 സെമീ, വെളുത്ത നിറം, B.Tech Electronics അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9847749633, 0469-2633070**

രക്ഷിക്കപ്പെട്ട (സ്നാനപ്പെട്ടിട്ടില്ല) ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് 30, 5'4, Electrical & plumbing work ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9947055848**

അബുദാബിയിൽ ഓയിൽ കമ്പനിയിൽ ജോലി ചെയ്യുന്ന സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് 25, 5'10, B.Tech (28ാം ദിവസം അവധി ലഭിക്കുന്ന ജോലി), അനുയോജ്യരായ ആത്മിയരായ പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. യു.എ.യിൽ ജോലിയുള്ളവർക്ക് മുൻഗണന.
**ഫോൺ: 9447249304, 9847404012**
**johnexodustravels@gmail.com**

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 24, 145, സി.റ്റി.എച്ച്, സുവിശേഷവേല ചെയ്യുന്ന യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 8943534820**

ചേരമർ ക്രിസ്ത്യൻ യുവതി 33, ഇരുനിറം, 5'3, S.S.LC., തൊഴിലോ ജാതിയോ വിഷയമല്ല, സ്വന്തമായി 5 സെന്റ് സ്ഥലമുണ്ട്. വിശ്വാസികളായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9495082653, 9947731641**

Middle East NRI Pentecostal parents invite proposals from born again, water baptized, spirit filled, qualified and employed boys (Post Graduate Engineers – any discipline, IIT / IIMs, Scientists, CA, CFA, CMA, ICWA) based in USA, Europe, Canada, Australia, or Gulf for their Pentecostal daughter 25.7 / 157, non ornamental. She is born again, spirit filled and employed in the Gulf working in a "Big 4 MNC". She is BCom, CMA, CA final and planning to pursue CFA studies.
Please respond with details / photograph to :
**wesleyabraham1979@gmail.com**
**Phone 9447273013**

## പെന്തെക്കോസ്ത് മിഷൻ എറണാകുളം കൺവൻഷൻ

കൊച്ചി: ദി പെന്തെക്കോസ്ത് മിഷൻ എറണാകുളം കൺവൻഷൻ നവംബർ 28 മുതൽ ഡിസംബർ 1 വരെ എരമല്ലൂർ നാഷണൽ ഹൈവേയ്ക്ക് സമീപമുള്ള പെന്തെക്കോസ്ത് കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും, കേരളത്തിലെ പെന്തെക്കോസ്ത് സഭകളുടെ ഇപ്രാവശ്യത്തെ കൺവൻഷനുകളുടെ തുടക്കം കുറിക്കുന്നതും പുതിയ ഗാനങ്ങൾ രചിച്ച് കാസറ്റുകളും, സിഡികളും പുറത്തിറക്കുന്നതും ഈ കൺവൻഷനിലാണ്.

## കുമ്പനാട്ട് സ്ഥലവും വീടും വില്പനക്ക്

കുമ്പനാട് ജംഗ്ഷനിൽ എല്ലാ വിധ സൗകര്യങ്ങോട് കൂടിയ ഇരുനില വീടും 6 സെന്റ് സ്ഥലവും വില്പനക്ക്.
**9446113241, 9446902423**

## വില്പനക്ക്

ചെങ്ങന്നൂർ ടൗണിൽ വീടും സ്ഥലവും, എം.സി.റോഡിൽ കോളജ് ജംഗ്ഷനിൽ വസ്തുവും വില്പനക്ക്
**ഫോൺ: 9747293056**

## ബ്ലസ് കോവളം

**ഡിസംബർ 8, 9, 10 തീയതികളിൽ**




ബ്ലസിംഗ് ഫെസ്റ്റ് 2013 ക്രൂസേഡ് തിരുവനന്തപുരം കോവളം കേന്ദ്രീകരിച്ച് നടത്തപ്പെടുന്നു. ഈ ക്രൂസേഡിൽ ലോകപ്രശസ്ത പാസ്റ്റർ സാമച്ചൻ (പുനലൂർ), പാസ്റ്റർ അനിസൺ കെ.സാമുവേൽ (TAMI പ്രസിഡന്റ് കാനഡ) എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നു. പകൽ യോഗങ്ങൾ ആഴാകുളം ദീപാ ഓഡിറ്റോറിയത്തിൽ (കോവളം) രാവിലെ 10 മുതൽ 2 വരെ പാസ്റ്റർ അനിസൺ കെ.സാമുവേൽ ശുശ്രൂഷിക്കുന്നു. ഈ മീറ്റിംഗ് 35-ൽപരം ദൈവസഭകളുടെ നേതൃത്വത്തിൽ വിപുലമായ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു, ജനറൽ കോർഡിനേറ്റർമാരായി പാസ്റ്റർ സണ്ണി ജോൺ, ബാലു കോവളം എന്നിവർ പ്രവർത്തിക്കുന്നു.
**ഫോൺ: 9847197234, 9446702078**

## ഐ.പി.സി ശാലോം ഫെലോഷിപ്പ് ആരാധന പുതിയ സ്ഥലത്തേക്ക്

- 'യഥാർത്ഥ പെന്തക്കോസ്ത്' അഭിഷേകത്തിന്റെ ആരാധന
- 'യഥാർത്ഥ പെന്തക്കോസ്ത്' ഉപദേശങ്ങളുടെ വചനശുശ്രൂഷ
- 'യഥാർത്ഥ പെന്തക്കോസ്ത്' അനുഭവങ്ങളുടെ കൂട്ടായ്മ

**IPC SHALOM FELLOWSHIP**
*real pentecostals*

എല്ലാ ഞായറാഴ്ചയും ആരാധന 9 മുതൽ 10.30 വരെ ഇംഗ്ലീഷിലും 10.30 മുതൽ 12 വരെ മലയാളത്തിലും.


ഐ.പി.സി ശാലോം ഫെലോഷിപ്പ് വൈറ്റിലയിൽ എൻ.എച്ച്. ബൈപാസ് ഓവർ ബ്രിഡ്ജിന് താഴെ I Drive പാർക്കിംഗ് സമീപത്ത് നടന്നുകൊണ്ടിരുന്ന ആരാധന വൈറ്റില ജനതാ റോഡിലേക്ക് മാറ്റിയിരിക്കുന്നു.

Ph: 9847748079, 9895591379,
E-mail: shalomvyttila@hotmail.com, Web: www.shalomprayercentre.org

## INTERNATIONAL REVIVAL CHURCH, TORONTO

P.O. BOX 30074, 5035 Hurontario St., Mississauga, ON L4W 0B0, CANADA.
WORSHIP PLACE: 4150 Chesswood Dr. North York, ON M3J 2B9

***Sunday Worship Service:***
Malayalam 9.00 a.m. - 10.15 a.m.
English 11.00 a.m. - 12.30 p.m.
Sunday School 10.15 a.m. - 11.00 a.m
Cottage Meeting: Friday 7.30 p.m. - 9.30 p.m.
Saturday Prayer Meeting: 7.30 p.m. - 9.30 p.m.
Youth Meeting/Ladies meeting:
2nd Saturday 7.30 p.m. - 9.30 p.m.



***Pastor John Thomas (647) 833 9744***
pastorjt@irctoronto.com Web:**www.irctoronto.com**

**WHEN YOU ARE IN TORONTO, JOIN US FOR INDEPTH STUDY OF THE WORD AND SPIRITFILLED WORSHIP IN A FAMILY ATMOSPHERE.**

**21-ാം വർഷം**

മണിമലയാറിന്റെ തീരത്ത് ആത്മീയ ആരാധനക്ക്

## ഐ.പി.സി ബഥേൽ വർഷിപ്പ് സെന്റർ

ലയൺസ് ക്ലബിന് സമീപം, മണിമല



കൃപാവരശുശ്രൂഷകൻ
**പാസ്റ്റർ സജി പി ഏബ്രഹാം (കാനം സജി)**
നേതൃത്വം നൽകുന്നു. ഫോൺ: 9846184544

ആരാധന: ഞായർ 10.00-1.00
സണ്ടേസ്കൂൾ 9.00-10.00
ഉപവാസയോഗം: വെള്ളി 10.30-1.00

**ആരാധന – വിടുതൽ – ദൈവീക ആലോചന**

## ആവശ്യമുണ്ട്


40-നും 45-വയസിനും മധ്യേ പ്രായമുള്ള ക്രിസ്ത്യൻ സ്ത്രീയെ രണ്ടു കുഞ്ഞുങ്ങളെ നോക്കുന്നതിനും വീട്ടുകാര്യങ്ങൾ ചെയ്യുന്നതിനും ആവശ്യമുണ്ട്. കുഞ്ഞുങ്ങളെ നോക്കി പരിചയവും, പാസ്പോർട്ടും ഉണ്ടായിരിക്കണം. 10-ാം ക്ലാസ് പാസ്സായിരിക്കണം.
**0469-2634393, 8547434393**

No. 1 Christian Newspaper
HALLELUJAH Fortnightly
Mob: 9349500155, 0469-3290355

Hallelujah
Periyillathu Thoppil Complex
Near YMCA, Tiruvalla - 689 101
Pathanamthitta, Kerala, India.
hallelujahnews@gmail.com

Reg. No. KL/KTM/209/2012-14
Licence No. KL/CR/KTM/WPP-28/2012-14
Licensed to Post without Prepayment
Posted on 15th November 2013 at RMS Kottayam

# പാസ്റ്റർ ഫിലിപ്പ് പി.തോമസ് ബൈബിൾ സൊസൈറ്റി വൈസ് പ്രസിഡന്റ്



ഐ.പി.സി.കേരളാ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി. തോമസിനെ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യാ കേരളാ ഓക്സിലറിയുടെ വൈസ് പ്രസിഡന്റായി നിയമിച്ചു. കേരളത്തിലെ എല്ലാ പെന്തെക്കോസ്ത് സഭകളുടെയും പ്രതിനിധിയായിട്ടാണ് അദ്ദേഹത്തെ തിരഞ്ഞെടുക്കുന്നത്.

പ്രസിഡന്റായി ബിഷപ്പ് റവ.ഡോ.സി.വി. മാത്യുവിനെയും, സെക്രട്ടറിയായി റവ.ഡോ. മാത്യു വർക്കിയെയും തിരഞ്ഞെടുത്തു. മറ്റ് ഭാരവാഹികൾ: ഡോ.ജോസഫ് മാർ ബർന്നബാസ്, ബിഷപ്പ് റവ.ഡോ.തോമസ് കെ.ഉമ്മൻ, ഡോ. സഖറിയാസ് മാർ അപ്രേം, ഡോ.തോമസ് മാർ തിമൊഥിയോസ്, കേണൽ സാമുവേൽ ചരൺ (വൈസ് പ്രസിഡന്റ്), ജി.ഫിലിപ്പ് (ട്രഷറാർ), 19 അംഗ ഓക്സിലറി കമ്മറ്റിയെയും തിരഞ്ഞെടുത്തു.

നവം.2ന് കൊച്ചി ഇളംകുളം മാർത്തോമാ ചർച്ചിൽ നടത്തപ്പെട്ട വാർഷിക യോഗത്തിൽ പുതിയ ഭാരവാഹികൾ ചുമതലയേറ്റു.

# ന്യൂ ഇന്ത്യാ ദൈവസഭ ജനറൽ കൺവൻഷൻ

ചിങ്ങവനം : ന്യൂ ഇന്ത്യാ ദൈവസഭയുടെ ജനറൽ കൺവൻഷൻ ജനുവരി 8-12 വരെ ചിങ്ങവനം ബെഥേസ്ദാ നഗറിൽ നടക്കും. സഭാ പ്രസിഡന്റ് പാസ്റ്റർ വി.എ.തമ്പി ഉദ്ഘാടനം ചെയ്യും. ജനറൽ സെക്രട്ടറി പാസ്റ്റർ ആർ. ഏബ്രഹാം, ബി.വർഗ്ഗീസ്, കെ.ജെ.മാത്യു തുടങ്ങിയവർ പ്രസംഗിക്കും. ബൈബിൾ ക്ലാസ്, പാസ്റ്റേഴ്സ് മീറ്റിംഗ്, സഹോദരീസമ്മേളനം, സണ്ടേസ്കൂൾ-വൈ.പി.സി.എ സമ്മേളനം മുതലായവ നടക്കും. ഞായറാഴ്ച സഭായോഗത്തോടു കൺവൻഷൻ സമാപിക്കും. വിവിധ കമ്മറ്റികളെ തിരഞ്ഞെടുത്തു. പ്രാർത്ഥന: പാസ്റ്റർ ജേക്കബ് മാത്യു, സാമ്പത്തികം: പാസ്റ്റർ ജോർജ് തോമസ്, പ്രോഗ്രാം: പാസ്റ്റർ റ്റി.എം. കുരുവിള, പ്രചാരണം: പാസ്റ്റർ സ്റ്റീഫൻ ജേക്കബ്, ഭക്ഷണം: പാസ്റ്റർ തോമസ് എബ്രഹാം, താമസം: പാസ്റ്റർ റെജി പി. കുരുവിള തുടങ്ങിയവരായിരിക്കും. ഷിബു സഖറിയ ജനറൽ കൺവീനറായിരിക്കും. ഡിസംബർ 22 പൊതു പ്രാർത്ഥനാ ദിനമായും തീരുമാനിച്ചിട്ടുണ്ട്.

# ഡിവൈൻ ഫെസ്റ്റിവൽ

പള്ളിപ്പാട്: ഡിവൈൻ പ്രെയർ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ വിവിധ സഭകളുടെ സഹകരണത്തോടെ പള്ളിപ്പാട് കടുക്കോയിക്കൽ ഗ്രൗണ്ടിൽ ഡിസംബർ 4-8 വരെ ഡിവൈൻ ഫെസ്റ്റിവൽ നടക്കും. പാസ്റ്റർമാരായ എം.വി.വർഗീസ്, റ്റി.ജെ.സാമുവേൽ, പി.സി.ചെറിയാൻ, ബാബു ചെറിയാൻ, ജോൺ കെ.മാത്യു, ജോയി പാറയ്ക്കൽ, വർഗീസ് ബേബി തുടങ്ങിയവർ പ്രസംഗിക്കും. തിരുവല്ല ഗോസ്പൽ എക്കോസും, തഞ്ചാവൂർ വില്യംസും ഗാനശുശ്രൂഷക്ക് നേതൃത്വം നൽകുന്നു. പാസ്റ്റർ എം.കെ.സ്കറിയാ, പാസ്റ്റർ ഡി.ജോണിക്കുട്ടി എന്നിവർ നേതൃത്വം നൽകുന്നു.

SOUL WINNERS INDIA
Bethel Bible College
[Affiliated to IATA & Called to all Nations Ministries (USA)]
GREAT OPPORTUNITY FOR NORTH INDIAN MINISTRIES



Rev. K.G. Easo
Founder and Director






| Course Offered | Duration | Qualification |
|---|---|---|
| 1. Certificate in Theology (C.Th) | 1 year | 10th class |
| 2. Diploma in Theology (Dip.Th) | 2 year | 10th class |
| 3. Bachelor of Theology (B.Th) | 3 Year | Plus Two Pass |

Medium Instruction Local Language + English

OUR FEATURES
- High qualified, experienced and committed faculty
- Growing library
- Spacious and neat dormitory
- Calm and quit campus with spiritual atmosphere
- Daily Spiritual activities
- Free accommodation, Food and study materials
- Weekend outreach ministries to the nearby cities.




For more information and application write to:
The Registrar, SWI Bethel Bible College,
Surana Nagar, Barwaha, MP, Pin: 451115
Ph: 07280-222592, 09981571723, 09926702063





റവ. കെ.ജി. ഈശോയുടെ ആത്മകഥ
സോൾ വിന്നേഴ്സ് ഇൻഡ്യാ സ്ഥാപകനും ഡയറക്ടറുമായ
റവ. കെ.ജി. ഈശോയുടെ സംഭവബഹുലവും
47 വർഷത്തെ വടക്കേ ഇൻഡ്യൻ സുവിശേഷീകരണ അനുഭവങ്ങളും
അടങ്ങിയ 'എന്റെ ജീവിതയാത്ര' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു.
കേവലം ആത്മകഥ എന്നതിലുപരി സോൾ വിന്നേഴ്സ് ഇൻഡ്യയുടെ
ഒരു ചരിത്രഗ്രന്ഥം കൂടിയാണ്.
കോപ്പികൾ ആവശ്യമുള്ളവർ ബന്ധപ്പെടുക
Ph: 07280222592,09981571723,09497010138, 9893478488
Email ID : kg.easo@gmail.com

WANTED TEACHERS
Invite application from qualified Teachers for Grace Higher Secondary School, Barwaha
9893478488



KERALA CHRISTIAN ASSEMBLY
TORONTO, CANADA

Established in 1992. Now the largest Malayalee Pentecostal congregation in Canada. We maintained its commitment to its Pentecostal heritage of worshipping Jesus Christ, preaching and teaching the complete biblical truth. Our goal is to be a channel of blessing to our members, our community and to the world at large.

JOIN WITH US FOR:
SUNDAY WORSHIP @ 10.30AM TO 12.45

Other weekly programs: Sunday school -9.30 am -every Sunday.
Cell meeting- 8pm -every Friday
Adult Bible study & Kids Club- 7.30 pm -every saturday,
Our Address: 121 Norfinch Drive Toronto, Ontario, M3N 1W8
Church Phone: 416 739 1513, Email: secretary@keralachristian.com

മദ്ധ്യതിരുവിതാംകൂറിന്റെ വിദേശയാത്രാ സേവനരംഗത്ത് വർഷങ്ങളുടെ അനുഭവസമ്പത്ത്



- ഡൊമസ്റ്റിക്ക് & ഇന്റർനാഷണൽ എയർ ടിക്കറ്റ്
- അമേരിക്കൻ വിസ പ്രോസസ്സിംഗ്
- കുവൈറ്റ്, ഒമാൻ, യു.എ.ഇ., ഖത്തർ, സൗദി എന്നീ രാജ്യങ്ങളിലേക്ക് വിസിറ്റ് വിസകൾ
- എല്ലാ രാജ്യങ്ങളിലേക്കുമുള്ള ടൂർ പാക്കേജ്.
- പാസ്പോർട്ട്, എമിഗ്രേഷൻ, വിസാ സ്റ്റാമ്പിംഗ്.

അമേരിക്ക വിസിറ്റ് വിസ അപ്പോയിൻമെന്റ്

COSMIC AIR TRAVELS
First Floor, Pothiricans Building
Near KSRTC Bus Stand, Thiruvalla,
Kerala 689 101
Ph: 0469-2700230, 2730320, Mob: 9446456320
Mob: 94470 56320, 9447156320, 9847056320
E-mail: cosmicairtravel@yahoo.com
cosmicairtravel@gmail.com





മലബാറിന് വേണ്ടി പ്രാർത്ഥിക്കുക...

- കേരളത്തിന്റെ പകുതിയോളം വരുന്ന ഭൂവിഭാഗം
- ആറ് ജില്ലകളിലായി ഒന്നര കോടിയിലധികം ജനങ്ങൾ
- ജനസംഖ്യയിൽ ക്രിസ്ത്യാനികളുടെ എണ്ണം അഞ്ചു ശതമാനത്തിൽ താഴെ
- സാമൂഹ്യമായും വിദ്യാഭ്യാസപരമായും ഏറ്റവും പുറകിൽ നിൽക്കുന്ന ആദിവാസികൾ ഉൾപ്പെടെ വിവിധ ജന വിഭാഗങ്ങൾ.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
പാസ്റ്റർ രാജൻ മാത്യു-പ്രസിഡന്റ് - 98479 32111
പാസ്റ്റർ കെ.കെ.തങ്കച്ചൻ-സെക്രട്ടറി 9961319517

സ്ഥാപക ഡയറക്ടർ
റവ. ഉമ്മൻ എബ്രഹാം

ജനറൽ സെക്രട്ടറി
പാസ്റ്റർ ജോയ് ആലുംമൂട്ടിൽ

ഇവർ നമ്മുടെ സഹോദരങ്ങളാണ്. നമ്മുടെ ഭാഷ സംസാരിക്കുന്നവരാണ്. മലബാറിൽ യേശുവിന്റെ സ്നേഹം പകർന്നു നൽകുവാൻ പ്രതിജ്ഞാബദ്ധരായി ഒരു മുന്നണി സുവിശേഷീകരണ പ്രസ്ഥാനം

ഫുൾ ഗോസ്പൽ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഇന്ത്യാ

മലബാറിലും തമിഴ്നാട്ടിലുമായി 25 ലോക്കൽ സഭകൾ-
ഈ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക

email: oabraham44@yahoo.com / ktmathew@gmail.com

PRINTED,PUBLISHED & OWNED BY PLENCY GEORGE AND PRINTED AT MANGALAM PRESS, S.H.MOUNT .P.O.KOTTAYAM, KERALA-686 006 . AND PUBLISHED FROM HALLELUJAH, P.O.BOX.NO.1, PERIYILLATHU THOPPIL COMPLEX, TIRUVALLA,PATHANAMTHITTA DISTRICT,KERALA-689 101. EDITOR: SAMKUTTY M.CHACKO.